കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2015 നവംബർ
വില ₹15



# ഇരട്ടി പുണ്യം



# കാരുണ്യയും കാരുണ്യ പ്ലസും

## കാരുണ്യ പ്ലസ്

എല്ലാ വ്യാഴാഴ്ചയും

ഒന്നാം സമ്മാനം ₹1 കോടി

രണ്ടാം സമ്മാനം ₹15 ലക്ഷം

മൂന്നാം സമ്മാനം ₹5 ലക്ഷം

1 ലക്ഷം വീതം 5 പേർക്ക്

₹50

10000, 5000, 1000, 500,100

രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

## കാരുണ്യ

ചികിത്സാ ധനസഹായ പദ്ധതി

കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളിൽ
നിന്നുള്ള ലാഭം വിനിയോഗിക്കുന്നു
ഇതുവരെ ചികിത്സാ സഹായമായി 92458
രോഗികൾക്ക് നൽകിയത് 746.76 കോടി രൂപ

**കാരുണ്യ, കാരുണ്യ പ്ലസ്**
ഭാഗ്യക്കുറികൾ വാങ്ങൂ..
ഭാഗ്യം പരീക്ഷിക്കൂ...

ഇതു നമ്മുടെ
കടമ കൂടിയാണ്

## കാരുണ്യ

എല്ലാ ശനിയാഴ്ചയും

ഒന്നാം സമ്മാനം 1 കോടി

₹50

രണ്ടാം സമ്മാനം ₹10 ലക്ഷം

മൂന്നാം സമ്മാനം ₹5 ലക്ഷം

1 ലക്ഷം വീതം 5 പേർക്ക്

10000, 5000, 1000, 500,100 രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

**കേരള സംസ്ഥാന ഭാഗ്യക്കുറി** വിശ്വസ്തം സുതാര്യം ജനകീയം

# തളിര്

പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്കായുള്ള പ്രസിദ്ധീകരണം

നവംബർ 2015
വില ₹15
വാർഷികവരിസംഖ്യ ₹160

## ഉള്ളടക്കം



## പ്രേതക്കുട്ടി

**ജി ആർ ഇന്ദുഗോപൻ**

10

പഠിക്കാൻ മടിയുള്ള കുട്ടിയെ ഒരു പ്രേതം സഹായിച്ച കഥ. ശരിക്കും ആ പ്രേതക്കുട്ടി ആരായിരുന്നെന്നോ? കഥ വായിക്കൂ.

## നീലക്കുറിഞ്ഞിയുടെ വിശേഷങ്ങൾ

**പി ആർ ശ്രീകുമാർ**

6

നീലക്കുറിഞ്ഞി ഒരത്ഭുതമാണ്. ഒരു വ്യാഴവട്ടക്കാലത്തിനിടയ്ക്കു മാത്രം പൂക്കുന്ന അപൂർവ്വമായ ഒരു ചെടി. മലകൾ മുഴുവനും കുറിഞ്ഞിപ്പൂക്കൾകൊണ്ടു നിറയുന്ന കാലം. കുറിഞ്ഞിപ്പൂക്കളുടെ വിശേഷങ്ങളറിയാം.





## തട്ടേക്കാടിലെ 'കിളി'ക്കാഴ്ചകൾ

**സി സുശാന്ത്**

16

ലോകപ്രശസ്തമായ ഒരു പക്ഷിസങ്കേതമാണ് തട്ടേക്കാട്. അപൂർവ്വമായ മാക്കാച്ചിക്കാടയും മലമുഴക്കി വേഴാമ്പലും മുതൽ നീർപ്പക്ഷികൾ വരെ വന്നെത്തുന്നയിടം. ദേശാടനപ്പക്ഷികളുടെ വിഹാരകേന്ദ്രം. നമുക്കറിയാം തട്ടേക്കാടിനെക്കുറിച്ചും അവിടത്തെ പക്ഷികളെക്കുറിച്ചും.

**സ്നേഹപൂർവ്വം**........................4
കെ സി ജോസഫ്

**മുൻമൊഴി**........................5
സുഗതകുമാരി

**ആനക്കാര്യം**........................14
രാജീവ് എൻ ടി

**വെയിലും മഴയും**........................15
കാപ്പിൽ ഗോപിനാഥൻ

**ജാതകകഥ**........................22
വെങ്കി

**ഒഴിവുകാലം**........................25
സി എം വിനയചന്ദ്രൻ

**ചൂട് 'ചൂടാ'വുന്ന വഴി**........................26
വൈശാഖൻ തമ്പി

**സ്കൂൾ ഡെയ്സ്**........................29
രാജീവ് എൻ ടി

**ഫെലൂദയുടെ സാഹസങ്ങൾ**....30
സത്യജിത്ത് റായ്
(പുനരാഖ്യാനം - എം ചന്ദ്രപ്രകാശ്)

**ദെക്കാർത്തെ കണ്ട സ്വപ്നം**.....36
ഡോ. ഡി രാജേന്ദ്രൻ

**ആരോഗ്യം**........................40
ഡോ. ബി പത്മകുമാർ

**ക്ലാസിക്പരിചയം**........................44
ഡോ. പി കെ രാജശേഖരൻ

**മഹാഭാരതം**........................46
സുഗതകുമാരി

**ഇളംതളിര്**........................48

**ഉണ്ടാക്കാം**........................50

**അക്ഷരചിത്രം**........................51
ഭരണിക്കാവ് കൃഷ്ണൻ

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ കെ സി ജോസഫ്**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**ഡോ. നെടുമുടി ഹരികുമാർ**

പത്രാധിപസമിതി
**എം ചന്ദ്രപ്രകാശ്**
**ഇ വി നാരായണൻ**
**ഭരണിക്കാവ് കൃഷ്ണൻ**
**ഷൈബിൻ**
**വി കെ രവീന്ദ്രൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

ആർട്ട്
**അരുണ ആലഞ്ചേരി**

ലേ ഔട്ട്
**വിഷ്ണു പി എസ്**

കവർ
**വെങ്കി**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790

e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

www.ksicl.org

# സ്നേഹപൂർവ്വം

പ്രിയപ്പെട്ട കുട്ടികളേ,

നവംബർ 14ന്റെ പ്രാധാന്യം ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാമല്ലോ. ഇന്ത്യയുടെ ആദ്യപ്രധാനമന്ത്രി, കുട്ടികളെ ഏറെ സ്നേഹിച്ചിരുന്ന ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനം. ഈ ശിശുദിനം അർത്ഥവത്തായ ഒരു പ്രവർത്തനത്തിലൂടെ നമുക്കാചരിക്കാം.

ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയിട്ട് ഏഴു പതിറ്റാണ്ടുകൾ പിന്നിട്ടിരിക്കുന്നു. എങ്ങനെയായിരുന്നിരിക്കും അന്നത്തെ കാലഘട്ടം? അന്നത്തെ കുട്ടിക്കാലം എങ്ങനെയായിരുന്നിരിക്കും? എന്തെല്ലാം സൗകര്യങ്ങളാണ് അന്നുണ്ടായിരുന്നത്? അന്നത്തെ ആളുകളുടെ ജീവിതരീതി എന്തായിരുന്നു?

ഒരുപാടു കാര്യങ്ങളിൽ വലിയ വ്യത്യാസമുണ്ട് അന്നും ഇന്നും തമ്മിൽ. ഈ രണ്ടു കാലഘട്ടവും താരതമ്യപ്പെടുത്തിനോക്കുക ഏറെ രസകരവും വിജ്ഞാനകരവുമായിരിക്കും.

നിങ്ങളുടെ അമ്മയും അച്ഛനും ജനിച്ച വർഷം നിങ്ങൾക്കറിയാമോ? ചോദിച്ചു മനസ്സിലാക്കൂ. മുത്തശ്ശിയും മുത്തശ്ശനും ജനിച്ച വർഷമോ? അവരിൽ പലരും ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുന്ന കാലഘട്ടത്തിലായിരിക്കും ജനിച്ചത്. 80-90വയസ്സൊക്കെ പ്രായമുള്ളവരുണ്ടെങ്കിൽ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുമ്പോൾ അവരൊക്കെ പത്തോ ഇരുപതോ വയസ്സുള്ളവർ ആയിരിക്കും. അവരുടെ കുട്ടിക്കാലത്തെക്കുറിച്ച് ചോദിച്ചറിയൂ. മാത്രമല്ല അവ രേഖപ്പെടുത്തുകയും ചെയ്യൂ. എന്നിട്ട് എക്കാലത്തേക്കും അവ സൂക്ഷിക്കുകയും വേണം. സ്വന്തം വീട്ടിലും അയൽപക്കങ്ങളിലും അന്വേഷിച്ചാൽമതി. പ്രായമുള്ള ഏറെപ്പേരുണ്ടാകും. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവരും ഉണ്ടായേക്കാം. മിക്കവർക്കും കുട്ടിക്കാലം ഓർമ്മയുണ്ടാകും. അത് ഏറെ മൂല്യമുള്ളതാണ്. അവ എഴുതിയെടുക്കാം. മുതിർന്നവരുടെ സഹായമുണ്ടെങ്കിൽ ശബ്ദലേഖനമാകാം. വീഡിയോയും എടുക്കാം. നിങ്ങൾ കുട്ടികൾക്ക് അതെളുപ്പത്തിൽ ചെയ്യാൻ പറ്റും. അതിലൂടെ നിങ്ങൾ നടത്തുന്നത് ഒരിക്കലും ഒരു ചെറിയ പ്രവർത്തനമല്ല. ഒരു ചരിത്രരചന തന്നെയായിരിക്കും അത്. ഒരുപക്ഷേ ആരുമറിയാതെ മണ്ണടിഞ്ഞുപോകുമായിരുന്ന പല പ്രധാന കാര്യങ്ങളും അവർക്കു പറയാനുണ്ടാകും. മാത്രമല്ല തങ്ങളുടെ കുട്ടിക്കാലം ഓർത്തെടുക്കുന്നത് പ്രായമായവർക്ക് ഏറെ സന്തോഷകരമായിരിക്കുകയും ചെയ്യും.

വയസ്സായവരെ സന്തോഷിപ്പിച്ച്, വരുംതലമുറയ്ക്കായി അവരുടെ കുട്ടിക്കാലാനുഭവങ്ങൾ പകർത്തി, ചരിത്രരചന നടത്തി, ആഹ്ലാദത്തോടെ ഈ ശിശുദിനം നമുക്കാചരിക്കാം. അതിനൊപ്പം നിങ്ങൾ അറിയാതെ സ്വായത്തമാക്കുന്നത് ഇന്ത്യയുടെ ചരിത്രം കൂടിയായിരിക്കും. അധ്യാപകരോടു പറഞ്ഞ് ആവശ്യമായ മുന്നൊരുക്കം ഇന്നുതന്നെ തുടങ്ങിക്കോളൂ.

ശിശുദിനാശംസകളോടെ,

സ്നേഹപൂർവ്വം

**കെ സി ജോസഫ്**
(സാംസ്കാരികവകുപ്പു മന്ത്രി)



# കുട്ടികൾ ശ്രദ്ധിക്കുക

ചാച്ചാ നെഹ്റുവിന്റെ ഈ ജന്മദിന ശുഭവേളയിൽ മൂന്നു കാര്യങ്ങളാണ് എന്റെ കുട്ടികളോടു പറയാനുള്ളത്. ഇവ മൂന്നും നെഹ്റു ഏറ്റവും പ്രാധാന്യം കൊടുത്തവയായിരുന്നു എന്നും ഓർമിപ്പിക്കട്ടെ.

ഒന്ന്, ജനാധിപത്യം: ഈ വാക്കിന്റെ അർത്ഥം- സ്വാതന്ത്ര്യം എന്നാണ്. സ്വന്തം ജീവിതം തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം. ആരാണ് നമ്മെ ഭരിക്കേണ്ടത്. നാം എങ്ങനെയാണു ജീവിക്കേണ്ടത്. എന്തിലാണു വിശ്വസിക്കേണ്ടത് എന്നു തുടങ്ങി ഒട്ടേറെക്കാര്യങ്ങൾ ആ വാക്കിൽ അടങ്ങിയിരിക്കുന്നു. ഈ സ്വാതന്ത്ര്യത്തിന്റെ വില, മഹത്വം നാം മനസ്സിലാക്കിയിരിക്കണം. മറ്റൊരാളുടെ ന്യായമായ സ്വാതന്ത്ര്യത്തിൽ നാം കൈകടത്തിക്കൂടാ എന്നതും ഇതിന്റെ അടിസ്ഥാനതത്വമാണ്.

രണ്ട്, വിശ്വാസം: മതങ്ങൾ തമ്മിൽ ഏറെ അകൽച്ച വർദ്ധിച്ചിരിക്കുന്ന കാലമാണിത്. കേരളത്തിൽ തന്നെ പല സ്ഥലങ്ങളിലും ഹിന്ദുക്കുട്ടികളും മുസ്ലിംകുട്ടികളും ഒന്നിച്ചു കളിക്കുകയില്ല എന്നറിയുന്നു. തീരപ്രദേശത്തെ പാവപ്പെട്ടവർ താമസിക്കുന്ന ഒരിടത്ത് കടൽപ്പുറത്തു വേറെ വേറെ ഭാഗങ്ങളിലാണത്രേ ഹിന്ദു-ക്രിസ്ത്യൻ-മുസ്ലിം കുട്ടികൾ കളിക്കുന്നത്. കുട്ടികൾ തമ്മിൽ മതത്തിന്റെ പേരിൽ അകലുന്നു എന്നതും പേടിപ്പിക്കുന്നൊരു വസ്തുതയാണ്. കുട്ടിത്തത്തിന്റെ നിഷ്കളങ്കതപോലും, കളിമ്പംപോലും കളങ്കപ്പെടുന്നു. നിങ്ങൾ ഏതു മതത്തിൽ ജനിച്ചയാളോ ആകട്ടെ അതിനപ്പുറമായി ഞാൻ ഇന്ത്യയുടെ കുട്ടിയാണ് എന്ന ബോധം നിങ്ങളിലുണ്ടാകണമെന്നത്രേ ജവഹർലാൽ നെഹ്റു ആഗ്രഹിച്ചത്. അത് മറന്നുപോകരുത്. മുതിർന്നവരുടെ കൊടുംകലാപങ്ങൾ നിങ്ങൾ മാതൃകയായെടുക്കരുത്. അത് ആപത്തുണ്ടാക്കും.

മൂന്ന്, പ്രകൃതിസ്നേഹം: നെഹ്റു പ്രകൃതിയെ ഉറ്റുസ്നേഹിച്ചിരുന്നു. ജയിലഴികൾക്കുള്ളിൽ നീണ്ടുനീണ്ട വർഷങ്ങൾ കഴിച്ചുകൂട്ടേണ്ടി വന്ന അദ്ദേഹം ജനാലയിലൂടെ കാണുന്ന കൊച്ചുകൊച്ചു ദൃശ്യങ്ങളിൽ മനസ്സുറപ്പിക്കുമായിരുന്നു. ജയിൽമുറ്റത്തു വന്നിരുന്നു തീറ്റി കൊത്തിപ്പെറുക്കുന്ന പ്രാവുകൾ, തണൽ വിരിച്ചുനിൽക്കുന്ന മരങ്ങൾ, മരക്കൊമ്പിലോ ജനാലയരികിലോ വന്നിരുന്നു പാടിത്തകർക്കുന്ന കിളിപ്പാട്ടുകാർ, ജയിൽമുറ്റത്തെ കൊച്ചു പൂക്കൾ, അഴികൾക്കിടയിലൂടെ കാണപ്പെടുന്ന ഇടുങ്ങിയ ആകാശത്തിന്റെ നിറച്ചാർത്തുകൾ, നീണ്ടുനീങ്ങുന്ന മേഘശകലങ്ങൾ എല്ലാമെല്ലാം അദ്ദേഹത്തിനു പ്രിയപ്പെട്ടവയായിരുന്നു. കണ്ണു തുറന്നു ചുറ്റുംനോക്കുവിൻ. എന്തൊക്കെ സൗഭാഗ്യങ്ങളാണ് അമ്മ, പ്രകൃതി നമുക്കായൊരുക്കിയിരിക്കുന്നത്. ടി വി യും ഇന്റർനെറ്റും മൊബൈലും നൽകുന്ന കൃത്രിമമായ വിനോദങ്ങളെക്കാൾ എത്ര അമൂല്യമാണവ.

ഈ ശിശുദിനത്തിൽ നിങ്ങളോടു മറ്റെന്തു പറയാനാണ്.നന്നായിവരട്ടെ. ജവഹർലാലിന്റെ ഇന്ത്യയ്ക്കു നിങ്ങളെച്ചൊല്ലി അഭിമാനിക്കാൻ ഇടവരട്ടെ...

സ്നേഹത്തോടെ.
**സുഗതകുമാരി**



വര: സുധീർ പി വൈ

ഫീച്ചർ



# നീലക്കുറിഞ്ഞിയുടെ വിശേഷങ്ങൾ

പി ആർ ശ്രീകുമാർ



**നീലക്കുറിഞ്ഞി ഒരത്ഭുതമാണ്. ഒരു വ്യാഴവട്ടക്കാലത്തിനിടയ്ക്കു മാത്രം പൂക്കുന്ന അപൂർവ്വമായ ഒരു ചെടി. മലകൾ മുഴുവനും കുറിഞ്ഞി പ്പൂക്കൾകൊണ്ടു നിറയുന്ന കാലം. ഭൂമിയെ നീലപ്പട്ടുടുപ്പിക്കാനുള്ള നീണ്ട പന്ത്രണ്ടുവർഷത്തെ തപസ്സിലാണ് നീലക്കുറിഞ്ഞിച്ചെടികൾ. നീലഗിരിക്കുന്നുകളിലെ നെയ്ത്തുശാലയിൽ നിന്ന് നീലക്കുറിഞ്ഞിപ്പൂക്കൾ കൺതുറക്കുന്നത് ഇനി 2018ലാണ്. നീലഗിരിമലകളുടെ തോഴരും പളനിത്തേവരുടെ മക്കളുമായ മുതുവാന്മാർ കുറിഞ്ഞിരാഗം മൂളി, കുറിഞ്ഞിത്താളം കൊട്ടിപ്പാടി ആ പൂക്കാലത്തെ വരവേൽക്കാൻ കാത്തിരിക്കുകയാണ്.**

ഭൂമിയെ നീലപ്പട്ടുടുപ്പിക്കാനുള്ള നീണ്ട പന്ത്രണ്ടുവർഷത്തെ തപസ്സിലാണ് നീലക്കുറിഞ്ഞിച്ചെടികൾ. നീലഗിരിക്കുന്നുകളിലെ നെയ്ത്തുശാലയിൽ നിന്ന് നീലക്കുറിഞ്ഞിപ്പൂക്കൾ കൺതുറക്കുന്നത് ഇനി 2018ലാണ്. നീലഗിരിമലകളുടെ തോഴരും പളനിത്തേവരുടെ മക്കളുമായ മുതുവാന്മാർ കുറിഞ്ഞിരാഗം മൂളി, കുറിഞ്ഞിത്താളം കൊട്ടിപ്പാടി ആ പൂക്കാലത്തെ വരവേൽക്കാൻ കാത്തിരിക്കുകയാണ്.

പശ്ചിമഘട്ടത്തിൽ നീലഗിരിമലകളിലും ആനമുടിയിലും പഴനിമലകളിലും പൂർവഘട്ടത്തിൽ യേർക്കാട് മലനിരകളിലുമാണ് നീലക്കുറിഞ്ഞി സമൃദ്ധമായി കണ്ടുവന്നിരുന്നത്. നീലഗിരിമലകൾക്ക് ആ പേരു ലഭിച്ചതുതന്നെ മലനിറഞ്ഞു പൂത്തിരുന്ന നീലക്കുറിഞ്ഞിയിൽ നിന്നാണ്. പണ്ട് ഡാർജിലിങ്, സിംല എന്നിവിടങ്ങളിലും ആസാമിന്റെ ഉയർന്ന ചില പ്രദേശങ്ങളിലും കുറിഞ്ഞിവർഗത്തിലുള്ള സസ്യങ്ങൾ ഉണ്ടായിരുന്നതായി ‘ഇന്ത്യൻ ഫോറസ്റ്റർ’ എന്ന ജേർണലിൽ (1887) രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇപ്പോൾ നീലക്കുറിഞ്ഞി

മലയാളിയുടെയും തമിഴരു ടെയും മാത്രം സ്വന്തമാണ്.

സമുദ്രനിരപ്പിൽനിന്നും 6000 മുതൽ 8000 അടിവരെ ഉയരത്തിലുള്ള പുൽമേടുകളും ചോലക്കാടുകളുമാണ് നീല ക്കുറിഞ്ഞിയുടെ ആവാസ മേഖല. ഏറ്റവും ഉയരംകൂടിയ പ്രദേശങ്ങളിലെ ചെടിക്കു രണ്ടടിയോളം മാത്രമേ പൊക്കമുണ്ടാകുകയുള്ളൂ. ഇവ കൽക്കുറിഞ്ഞി അഥവാ കട്ടക്കുറിഞ്ഞി എന്നറിയപ്പെ ടുന്നു. ഉയരം കുറഞ്ഞ ഭാഗ ങ്ങളിൽ ഇവ പത്തടിയോളം പൊക്കത്തിൽ വളരും.

'അക്കാന്തേസീ' സസ്യ കുടുംബത്തിലെ നീലക്കുറി ഞ്ഞിയുടെ വംശത്തിൽപ്പെടു ത്താവുന്ന 46ഇനം കുറിഞ്ഞി കൾ പശ്ചിമഘട്ടമലനിരകളിൽ ഇതിനകം കണ്ടെത്തിയിട്ടുണ്ട്. അതിൽ 41 ഇനവും പശ്ചിമ ഘട്ടത്തിന്റെ തെക്കൻ മേഖല യിലാണ് കാണപ്പെടുന്നത്. കനകാംബരച്ചെടിയോടു സാമ്യമുള്ള നീലക്കുറിഞ്ഞി യുടെ ശാസ്ത്രനാമം *സ്ട്രൊബിലാന്തസ് കുന്തിയാന (Strobilanthes kunthiana)* എന്നാണ്. 1982ലെ പൂക്കാലത്തിനു ശേഷമാണ് നീലക്കുറിഞ്ഞി വ്യാപകമായ പഠനങ്ങൾക്കു വിധേയമായത്.

1986വരെ സ്ട്രൊബിലാ ന്തസ് കുന്തിയാനസ്, അതിനു ശേഷം 'സ്ട്രൊബിലാന്താസ് നീലഗിരിയാൻസിസ്, പിന്നീട് ഫ്ളേബോഫിലം കുന്തിയാനം എന്നിങ്ങനെയായിരുന്നു നീലക്കുറിഞ്ഞിയുടെ ശാസ്ത്ര നാമങ്ങൾ!

പൂക്കുന്നതിന് ഒരുവർഷം മുതൽ 40 വർഷങ്ങൾ വരെ വ്യത്യസ്തമായ ഇടവേള ആവശ്യമുള്ള വിവിധയിനം കുറിഞ്ഞികളുണ്ട്.

കരിങ്കുറിഞ്ഞി, മുഴുക്കു റിഞ്ഞി, ചിക്കക്കുറിഞ്ഞി, വെള്ളക്കുറിഞ്ഞി, പാലൈക്കു റിഞ്ഞി, തോകൈക്കുറിഞ്ഞി, കൊടിക്കുറിഞ്ഞി, മരങ്ങളിൽ പടർന്നുവളരുന്ന വള്ളിക്കു റിഞ്ഞി എന്നിങ്ങനെ കുറിഞ്ഞികളുടെ നീണ്ട പട്ടികതന്നെയുണ്ട്. 1887 നവംബർ 4നു പ്രസിദ്ധീകരിച്ച 'ഇന്ത്യൻ ഫോറസ്റ്ററി'ൽ നീലഗിരിയിൽ മാത്രം 24 ഇനം കുറിഞ്ഞികൾ ഉള്ള തായി ജെ എസ് ഗാബിൾ എന്ന ശാസ്ത്രജ്ഞൻ രേഖ പ്പെടുത്തിയിട്ടുണ്ട്.

നീലക്കുറിഞ്ഞിയുടെ പൂക്കാലത്തെപ്പറ്റി പഠിക്കാ നാഗ്രഹിക്കുന്നവർക്ക് 1838 മുതൽക്കുള്ള രേഖകൾ ലഭ്യമാണ്. 1994 വരെ കൃത്യ മായ പന്ത്രണ്ടുവർഷത്തെ ഇടവേളയോടെ പതിനാലു തവണ നീലക്കുറിഞ്ഞി പൂത്തതായി ബോംബെ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റിയുടെ ജേർണലുകളിൽ കാണുന്നു.

2006 ലും ക്രമം തെറ്റാതെ നീലക്കുറിഞ്ഞി പൂത്തു. 2006 ആഗസ്റ്റുമുതൽ ഒക്ടോബർ വരെ മൂന്നാർ മുതൽ കൊടൈക്കനാൽ വരെയുള്ള മലനിരകളിലെ





പുൽമേടുകളിൽ നീലക്കുറിഞ്ഞി മലനിറഞ്ഞു പൂത്തു നിന്നിരുന്നു.

ഒരു നിശ്ചിതകാലയളവിൽ ഓരോ ജാതിയിൽപ്പെട്ട കുറിഞ്ഞികളെല്ലാം ഒരുമിച്ചു പൂക്കുന്നതിന്റെയും ഇടയ്ക്കുള്ള വർഷങ്ങളിൽ ഇവ കൂട്ടമായി പൂക്കാതിരിക്കുന്നതിന്റെയും രഹസ്യം ഇന്നും അജ്ഞാതമാണ്. ലോകമെമ്പാടുമുള്ള സസ്യശാസ്ത്രജ്ഞർ ഈ അത്ഭുത പ്രതിഭാസത്തിന്റെ രഹസ്യം തേടുന്നുണ്ടെങ്കിലും വ്യക്തമായ നിഗമനത്തിൽ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല.

കുറിഞ്ഞിപ്പൂക്കൾക്കു ദ്രാവിഡസംസ്കാരത്തിന്റെ നറുമണമാണുള്ളത്. പ്രാചീന തമിഴ്സാഹിത്യം കുറിഞ്ഞിക്കവിതകൾ കൊണ്ട് സമ്പന്നമായിരുന്നു. അകനാനൂറ്, പുറനാനൂറ്, നറ്റിണൈ, മധുരൈകാഞ്ചി, പരിവാടൽ പത്തുപാട്ട് എന്നീ സംഘകാലകൃതികളിലാണ് കുറിഞ്ഞി ഏറ്റവുമധികം പരാമർശിക്കപ്പെട്ടിട്ടുള്ളത്. പ്രാചീന തമിഴ്സാഹിത്യത്തിൽ തമിഴകത്തെ കുറിഞ്ചി, മുല്ലൈ, മരുതം, നെയ്തൽ, പാലൈ എന്നിങ്ങനെ അഞ്ചായി വിഭജിച്ചിരുന്നു.

**നിശ്ചിതകാലയളവിൽ കുറിഞ്ഞികളെല്ലാം ഒരുമിച്ചു പൂക്കുന്നതിന്റെയും മറ്റുസമയങ്ങളിൽ പൂക്കാതിരിക്കുന്നതിന്റെയും രഹസ്യം ഇന്നും അറിയില്ല. ലോകമെമ്പാടുമുള്ള സസ്യശാസ്ത്രജ്ഞർ ഈ അത്ഭുത പ്രതിഭാസത്തിന്റെ രഹസ്യം തേടുന്നുണ്ടെങ്കിലും വ്യക്തമായ നിഗമനത്തിൽ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല.**

കുറിഞ്ചി- ചോലക്കാടും പുൽമേടുകളും ഉൾപ്പെടുന്ന പ്രദേശമാണ്. മുല്ലൈ- മലയും താഴ്വരകളും, മരുതം- വയൽപ്രദേശം, നെയ്തൽ- കടലും തീരപ്രദേശവും, പാലൈ- മരുപ്രദേശം.

ആദിവാസികളായ മുതുവാന്മാരുടെ കുറിഞ്ഞിപ്പാട്ടിന്റെയും കുറിഞ്ഞിത്താളത്തിന്റെയും തുടക്കം ചോലക്കാടുകളും പുൽമേടുകളും നിറഞ്ഞ കുറിഞ്ഞിനിലങ്ങളിൽ നിന്നായിരുന്നു. കുറിഞ്ഞിമലകളിൽ നിന്നും പന്ത്രണ്ടു വർഷത്തിലൊരിക്കൽ ലഭിക്കുന്ന അമൂല്യവസ്തുവാണ് കുറിഞ്ഞിത്തേൻ. ചെറുതേനിനെക്കാൾ തീക്ഷ്ണഗന്ധമുള്ളതും സ്വാദിഷ്ഠവുമാണിത്.

കുറിഞ്ഞിപ്പൂക്കാലത്തിനു ശേഷം കുറിഞ്ഞിച്ചെടികൾ ഉണങ്ങി ഉരുണ്ട് ഒരു പന്തുപോലെയാകും. പത്തുമാസങ്ങൾക്കുള്ളിൽ വിത്തുകൾ അതിൽനിന്നും പൊട്ടിച്ചി





തറും. കുറിഞ്ഞിപ്പുൽമേടു കളിൽ രണ്ടിഞ്ചോളം കന ത്തിൽ വിത്തുകൾ അടിഞ്ഞു കൂടാറുണ്ടായിരുന്നുവത്രേ!

ഈ കാലഘട്ടം കാട്ടു കോഴികൾക്കും മറ്റു പക്ഷി കൾക്കും ഉത്സവകാലമാണ്. കനം കുറഞ്ഞ വിത്തുകൾ കാറ്റിൽ പറന്ന് മറ്റു പ്രദേശ ങ്ങളിലും എത്തിച്ചേരുന്നു. ആയതിനാൽ സമൃദ്ധമായ കുറിഞ്ഞിക്കാടുകൾ ഒരേ മലഞ്ചെരുവിൽത്തന്നെ സ്ഥിരമായി കാണുന്നതും അപൂർവമാണ്.

ആദിവാസികൾ കുറിഞ്ഞി ച്ചെടികളെ ഒരിക്കലും നശി പ്പിച്ചിരുന്നില്ല. കുലദൈവമായ മുരുകന്റെ പൂവായിട്ടാണ് കുറിഞ്ഞിയെ കരുതിപ്പോന്നി രുന്നത്. കുറിഞ്ഞിപ്പൂമാല ചാർത്തിയാണത്രേ മുരുകൻ വള്ളിയെ വിവാഹം കഴിച്ചത്. കുറിഞ്ഞിച്ചെടി ഉണങ്ങി വിത്ത് നിലത്തുവീണശേഷം അടുത്ത വേനലിൽ മാത്രമേ വിറകിനും മറ്റുമായി ഇതിനെ കുറിഞ്ഞിമക്കൾ ശേഖരിക്കു മായിരുന്നുള്ളൂ. മറിച്ചായാൽ മുരുകൻ കോപിക്കുമത്രെ!

ഈ വിശ്വാസമായിരിക്കാം പ്രതികൂലസാഹചര്യങ്ങൾ പലതുണ്ടായിട്ടും നീലക്കുറി ഞ്ഞിയെ ഇന്നോളം നില നിർത്തിപ്പോന്നത്.

മൂവായിരത്തോളം വർഷ ങ്ങളായി നിശ്ചിതഇടവേള യിൽ കൂട്ടത്തോടെ പൂത്തിരുന്ന നീലക്കുറിഞ്ഞിയുടെ നില നിൽപ്പ് ഇന്ന് അപകടാവസ്ഥ യിലാണ്.
സംരക്ഷിതമേഖലയായ ഇരവികുളം ദേശീയോദ്യാ നത്തിലും തമിഴ്നാട്ടിലെ മുക്കുറുത്തി ദേശിയോദ്യാന ത്തിലുമൊഴികെ മറ്റെല്ലായിട ങ്ങളിലും 2006ലെ പൂക്കാല ത്തിനുമുമ്പുതന്നെ കുറിഞ്ഞി മലകൾ നശിപ്പിക്കപ്പെട്ടിരുന്നു. തേയില, യൂക്കാലിപ്റ്റ്സ്, പൈൻ, വാറ്റിൽ തുടങ്ങിയവ യുടെ തോട്ടങ്ങൾക്കായാണ് കുറിഞ്ഞിമലകൾ നശിപ്പിക്ക പ്പെട്ടത്.

ദക്ഷിണേന്ത്യയുടെ പൈതൃകഭൂമിയെന്നു വിശേ ഷിപ്പിക്കാവുന്ന കുറിഞ്ഞി പ്പുൽമേടുകളും ചോലക്കാടു കളും സംരക്ഷിക്കുന്നതിനാ യുള്ള കേരളത്തിലെ പ്രകൃതി സ്നേഹികളുടെ ശ്രമം വിജയിച്ചത് വലിയൊരു ആശ്വാസമാണ്. പുതിയ തലമുറകൾക്ക് ആ കുറിഞ്ഞിപ്പൂക്കൾ ഇനിയും കാണാം. അതെ, 'കുറിഞ്ഞിമല സാങ്ചറി' 2006 ഒക്ടോബർ 7നു യാഥാർ ത്ഥ്യമായി. കേരള-തമിഴ്നാട് അതിർത്തിയായ വട്ടവട മുതൽ മൂന്നാർ ടോപ്സ്റ്റേഷൻ വരെയുള്ള ഭാഗങ്ങളിൽ പ്പെടുന്ന കുറിഞ്ഞി പൂക്കുന്ന മലനിരകൾ ഉൾപ്പെട്ടതാണ്. കുറിഞ്ഞിമലസംരക്ഷണകേന്ദ്രം.

2018 ലെ നീലക്കുറിഞ്ഞി പ്പൂക്കാലത്തിനായി നമുക്ക് ആവേശപൂർവം കാത്തിരിക്കാം. അച്ഛനമ്മമാരോടൊപ്പം, അധ്യാപകരോടൊപ്പം, സുഹൃത്തുക്കളോടൊപ്പം നിങ്ങളും പ്രകൃതിയുടെ ഈ ദൃശ്യവിരുന്ന് കാണാൻ കുറിഞ്ഞിമലകളിൽ എത്തി ച്ചേരണം. അതിനുമുമ്പ്, സ്കൂളിലും നമ്മുടെ പരിസര പ്രദേശങ്ങളിലും നടക്കുന്ന പ്രകൃതി പരിസ്ഥിതി സംര ക്ഷണ പ്രവർത്തനങ്ങളിലും നമുക്കു പങ്കാളികളാകാം.

# പ്രേതക്കുട്ടി

**ജി ആർ ഇന്ദുഗോപൻ**

ഞാൻ നിങ്ങളോടൊരു രഹസ്യം പറയാം. എന്റെ ക്ലാസിലൊരു പ്രേതമുണ്ടായിരുന്നു. അഞ്ച് എ യിൽ. പണ്ടെന്നോ അതേ ക്ലാസിൽ പഠിച്ചിരുന്ന ഒരു കുട്ടിയായിരുന്നു . ഇതിപ്പോ ഓർക്കാൻ കാര്യമുണ്ട്. ഞാനിപ്പോ ആ സ്കൂളിൽ നിൽക്കുകയാണ്. ഞങ്ങളുടെ പത്താംക്ലാസ്സു ബാച്ചിന്റെ 25-ാം വാർഷികമാണ്. അതിനെത്തിയതാണ്.

ആ പ്രേതക്കുട്ടിയുടെ കഥയ്ക്കു മുമ്പ് എന്റെ അവസ്ഥ പറയാം:

നാലാം ക്ലാസ്സുവരെ ഞാൻ ഒരു തിരുമണ്ടനായിരുന്നു. പത്തു മുപ്പത്തഞ്ചു പേരുള്ള ക്ലാസിൽ ഇരുപത്തഞ്ചിനു താഴെയായിരുന്നു റാങ്ക്. പഠിക്കുന്നതൊന്നും മനസ്സിലാകുന്നില്ല. നഗരത്തിലെ ഏറ്റവും വലിയ ഇംഗ്ലിഷ് മീഡിയം സ്കൂളാണ്. ചുറ്റും മിടുക്കർ. ഓരോ തവണ പ്രോഗ്രസ്സ് റിപ്പോർട്ടു കിട്ടുമ്പോഴും ഞാൻ നിരാശനായി കൊണ്ടിരുന്നു. എന്നെക്കൊണ്ട് ഒന്നിനും കൊള്ളില്ല.

സ്കൂളിനു പുറത്തും ഞാനൊരു സ്വപ്നജീവിയാണ്. വിശാലമായ പാടത്തിന്റെ നടുക്കായിരുന്നു എന്റെ വീട്. കണ്ണെത്താദൂരം എങ്ങോട്ടു തിരിഞ്ഞാലും പച്ച. അതിൽ നോക്കി സ്വന്തം ദേഹത്തോട്ടു നോക്കിയാൽ നമ്മളുടെ ദേഹവും പച്ചയായി കാണും; ഒരു പച്ചോന്തിനെ പോലെ.

ഒരുപാടു സമപ്രായക്കാർ ചുറ്റുമുണ്ട്. അവരുടെ ഒപ്പം ചേർന്നു കളിക്കണമെന്ന് ആശയുണ്ട്. പറ്റുന്നില്ല. പഠിക്കാനാകാത്തതിനു ഞാൻ ശരിക്കു കള്ളവും പറയുമായിരുന്നു. ആകെക്കൂടി ഒരു ചീത്തക്കുട്ടി. പക്ഷേ എന്റെ ഉള്ളിൽ പഠിക്കണമെന്നും നല്ല ആളാകണമെന്നും ആശയുള്ള വേറെയൊരു കുട്ടിയുണ്ട്. അതെനിക്കറിയാം.

അഞ്ചാംക്ലാസിൽ എന്നെ വീടിനടുത്തുള്ള സാധാരണ സ്കൂളിലേക്കു മാറ്റാൻ അച്ഛൻ തീരുമാനിച്ചു.

സ്കൂൾ തുറക്കുന്ന ദിവസം. അച്ഛന്റെ ഏറ്റവും ഇളയ സഹോദരനാണ് എന്നെ സ്കൂളിലാക്കാനുള്ള ചുമതല. ആ ചിറ്റപ്പനെ ഞാൻ ചിറ്റയെന്നാണു വിളിക്കുന്നത്. അന്നു ചിറ്റയ്ക്ക് പതിനെട്ടുപത്തൊമ്പതു വയസ് മാത്രമേയുള്ളൂ. എന്നെപ്പോലെ തന്നെ. പഠിക്കില്ല! പക്ഷേ ആത്മവിശ്വാസത്തിനൊരു കുറവുമില്ല. വയലിലെ നേർത്ത വരമ്പിലൂടെ സൈക്കിളിലാണു ഞങ്ങളുടെ യാത്ര. ഇടയ്ക്കു വെള്ളത്തിൽ വീഴുമെന്നു പേടിച്ചു ഞാൻ ഹാൻഡിൽ വെട്ടിക്കാൻ നോക്കും. ചിറ്റയ്ക്ക് അതും പ്രശ്നമല്ല. ക്ലബുകൾ നടത്തുന്ന സൈക്കിൾ സ്ലോറെയ്സിൽ പുള്ളി സ്ഥിരം ജേതാവാണ്.

വരമ്പു തീർന്ന്,



വീതിയുള്ള റോഡിലേക്കു കടക്കുമ്പോൾ എനിക്കു ധൈര്യം കിട്ടും. ഒരു പ്രത്യേക ഊർജം. അതു വച്ചു ഞാൻ ചിറ്റയോട് ചോദിച്ചു. ''ചുമ്മാ ചവിട്ടുമ്പോൾ സൈക്കിൾ എങ്ങനാ വീഴാതെ നിൽക്കുന്നത്?''

ചിറ്റ പറഞ്ഞു. ''ചവിട്ടു കൊള്ളുമെന്നു പേടിയുണ്ടെങ്കിൽ ആരും വീഴില്ല.''

എനിക്കു തൃപ്തിയായില്ല. ചിറ്റ പറഞ്ഞു. ''അതൊരു ശക്തിയാണ്. ആ ശക്തിയെ കാണാനൊക്കില്ല.''

''ദൈവമാണോ?'' ഞാൻ ചോദിച്ചു.

''യേയ്.. ദൈവത്തിന് ഓരോ സൈക്കിളും കറക്കാൻ നേരമുണ്ടോ? ദൈവം ഒരാളും സൈക്കിളുകൾ ഒരുപാടുമല്ലേ.. ഇതൊക്കെ ചെറിയ ചെറിയ ശക്തികൾ.''

''ശിവന് ഭൂതഗണങ്ങൾ പോലെ... അല്ലേ?'' ആയിടെ വായിച്ച അമർചിത്രകഥയെ ഓർമ്മിച്ചു ഞാൻ ചോദിച്ചു.

''കറക്ട്!'' ചിറ്റ പറഞ്ഞു.

ഞാൻ ചോദിച്ചു. ''പഠിക്കാൻ ഹെൽപ് ചെയ്യുന്ന ഭൂതങ്ങളുണ്ടോ?''

''ഉണ്ട്. ട്യൂഷൻ മാസ്റ്റർ!''

എനിക്ക് ചിരി വന്നില്ല. ഞാൻ മിണ്ടാതിരുന്നു.

''നിനക്ക് ഏതു വിഷയമാ പാട്?'' ചിറ്റ ചോദിച്ചു.

''എല്ലാ വിഷയവും പാടാ..'' ഞാൻ സങ്കടത്തോടെ പറഞ്ഞു. അതു പറഞ്ഞപ്പോൾ എന്റെ ശബ്ദം വിങ്ങിപ്പോയി.

ചിറ്റ അതു മനസിലാക്കിയെന്നു തോന്നുന്നു. ചിറ്റ ചോദിച്ചു. ''നീ ഏതു ഡിവിഷനിലാ?''

ഞാൻ പറഞ്ഞു. ''അഞ്ച് എ.''

അത്ഭുതം പോലെ ചിറ്റ പറഞ്ഞു. ''അഞ്ച് എയോ.



വര: സജി വി



എങ്കീ നീ രക്ഷപെട്ടു.''

അതെങ്ങനാ എന്ന അർഥത്തിൽ ഞാൻ തിരിഞ്ഞു നോക്കി.

ചിറ്റ മെല്ലെ പറഞ്ഞു. ''നീ ആരോടും പറയരുത്. ആ ക്ലാസിലൊരു ഭൂതക്കുട്ടി യൊണ്ട്. പഠിക്കണമെന്ന് വലിയ ആശയുള്ള കൊച്ചാ യിരുന്നു. എന്തു ചെയ്യാനാ. പനി വന്നതാ. കൂടി. മരിച്ചു പോയി. ആ കുട്ടിയെ എന്റെ ഒരു കൂട്ടുകാരൻ കണ്ടിട്ടുണ്ട്. മരിച്ച ശേഷം..''

''ചുമ്മാ..''

''ആണെന്നേ. നിന്റെ പള്ളിക്കൂടത്തിന്റെ ചുറ്റും എനിക്ക് ഒരുപാട് ഗ്യാങ്ങുണ്ട്. മതിലു ചാടി ഞങ്ങളു ഗ്രൗണ്ടില് കേറി കളിക്കും. ഇപ്പോ ഫുട്ബോളല്ല. പുതിയ ഒരു തരം കളിയുണ്ട്. ക്രിക്കറ്റ്. ഒരുത്തനൊരു പന്തെറിയും. നമ്മൾ ബാറ്റു കൊണ്ട് ഒറ്റ അടിയാണ്. ആ പന്തെടുക്കാൻ, പോയതാണു ഞങ്ങളുടെ കൂടെ കളിച്ചു കൊണ്ടിരുന്ന കൂട്ടുകാരൻ. ചെന്നപ്പോ ഒരു കുട്ടിയുടെ കൈയിലിരുന്നു പന്ത്. അവൻ ക്ലാസ്മുറിയുടെ അഴികളില്ലാത്ത ജനലീ കേറി ഇരിക്കുകയാണ്. നിന്റത്രയുമേയുള്ളൂ അവൻ. 'ഇങ്ങു താടാ പന്ത്' എന്നു പറഞ്ഞപ്പോ ചെറുക്കൻ ക്ലാസിനകത്തേക്കു ചാടി. ഇവൻ പുറകെ ചെന്നു. ചെറുക്കൻ വരാന്തയിലേക്കു ചാടി, ഓടി. നീണ്ട വരാന്ത യാണ്. ഇവൻ പിറകെ. വടക്കുഭാഗത്ത് ഉപേക്ഷിക്ക പ്പെട്ട ഒരു ടി കെട്ടിടമുണ്ട്. ഇംഗ്ലീഷിലെ ടി ആകൃതി യാണ്. പയ്യൻ അതിനക ത്തേക്കാണ് ഓടിക്കയറിയത്. പിറകെ ചെന്നപ്പോ അകത്താ രുമില്ല. ഒരു ഓഡിറ്റോറിയം പോലെ വിശാലം. പ്രാവിന്റെ കുറുകൽ മാത്രം. വവ്വാലിന്റെ മണം. ടി കെട്ടിടം ആയതു കൊണ്ടു രണ്ടു വശത്തേക്കും കാണാനാവാത്ത ഭാഗമുണ്ട്. ഇവനോടി അങ്ങോട്ടു ചെന്നപ്പോ, അവിടെയും പയ്യനില്ല. അറിയാതെ മുകളി ലേക്കു നോക്കിയപ്പോ, ഓടിട്ട കെട്ടിടത്തിന്റെ കുറുകെ യുള്ള കഴുക്കോലിൽ കേറി ചെറുക്കനിരിക്കുന്നു. 'ഇങ്ങോട്ടെടുക്കെടാ പന്ത്' എന്ന് പറഞ്ഞു. പയ്യൻ ചുമ്മാതിരുന്നു ചിരിച്ചു. അവൻ ചിരിച്ചപ്പോ പ്രാവുകളുടെ കുറുകലുകൾ സ്വയം നിന്നു. പയ്യന്റെ ചിരി മാത്രം കിടന്നു ചിലമ്പുകയാണ്. എന്തോ പന്തികേടു തോന്നി. ഇത്രേം ചെറിയ ചെറുക്കനെങ്ങനെ ഇത്രേം പെട്ടെന്ന് ഇത്രേം മുകളിൽ. അതും പള്ളിക്കൂട മില്ലാത്ത ദിവസം.. പതിയെ പേടി അരിച്ചു കേറാൻ തുടങ്ങി. അവൻ തിരി ഞ്ഞൊരു ഓട്ടം.''

ഞാൻ സൈക്കിളിന്റെ ഹാൻഡിലിൽ മുറുകെ

പിടിച്ചു. കൈ വിയർത്തു.

ഞാൻ വിറയലോടെ പറഞ്ഞു. ''ചുമ്മാതായിരിക്കും.''

ചിറ്റ പറഞ്ഞു. ''ഞങ്ങളും അങ്ങനാ വിചാരിച്ചത്. ഇവൻ പറഞ്ഞതു കേട്ടു പിറകെ ചെന്നു നോക്കിയപ്പോ ഞെട്ടിപ്പോയി. പന്ത് അവിടെയുണ്ട്. താഴെ വീഴാതെ കഴുക്കോലിലിരുന്ന് അത് അനങ്ങുന്നുണ്ട്.''

''ചുമ്മാ..'' ഞാൻ കരച്ചിലിന്റെ വക്കിലായി. ശബ്ദം ഇടറി.

സമാധാനിപ്പിക്കാനായി ചിറ്റ പറഞ്ഞു. ''ടാ അതൊരു പാവം ചെറുക്കനായിരുന്നു. നിനക്കു പഠിക്കാൻ ആശയുണ്ടെങ്കിൽ അവനെ ഓർക്കണം. അവൻ നിന്റെ ബുദ്ധിയിലോട്ടു കേറും. നീ നോക്കിക്കോ..''

ലത എന്നു പേരുള്ള സുന്ദരിയായ, അമ്മയെ പോലെ സ്നേഹമുള്ള ഒരു ടീച്ചറായിരുന്നു എന്റെ ക്ലാസ്ടീച്ചർ. ആദ്യദിവസങ്ങളിലൊക്കെ ഞാനാ പ്രേതക്കുട്ടിയെ കുറിച്ച് ഓർക്കുമായിരുന്നെങ്കിലും പിന്നെ മറന്നു. ഓണപ്പരീക്ഷ വന്നു. ഓണം വന്നു. ഓണം കഴിഞ്ഞ് ചെന്നപ്പോ പ്രോഗ്രസ് കാർഡ്. റാങ്ക് ക്രമത്തിൽ ടീച്ചർ വായിച്ചു. ''ഫസ്റ്റ് റാങ്ക്. കെ. എസ്. ഹരി. സെക്കൻഡ് റാങ്ക്...'' അപ്രതീക്ഷിതമായി എന്റെ പേര്. ഞാൻ ഞെട്ടിപ്പോയി. പിന്നെ ഇതു വരെയില്ലാത്ത ഒരു ഉൽസാഹം എന്റെ ദേഹത്തേക്കു കയറി. വെളിയിൽ നിന്നു ചാഞ്ഞുവന്ന വെയിലിന്റെ ഒരു പാളി മുറിയിൽ വീണു. അതിലേക്കു നോക്കിയപ്പോ, ഒരു ചെറുക്കന്റെ രൂപം! എന്നെ രക്ഷിച്ച ആ പ്രേതക്കുട്ടി.

**പയ്യൻ ചുമ്മാതിരുന്നു ചിരിച്ചു. അവൻ ചിരിച്ചപ്പോ പ്രാവുകളുടെ കുറുകലുകൾ സ്വയം നിന്നു. പയ്യന്റെ ചിരി മാത്രം കിടന്നു ചിലമ്പുകയാണ്. എന്തോ പന്തികേടു തോന്നി. ഇത്രേം ചെറിയ ചെറുക്കനെങ്ങനെ ഇത്രേം പെട്ടെന്ന് ഇത്രേം മുകളിൽ. അതും പള്ളിക്കൂടമില്ലാത്ത ദിവസം.. പതിയെ പേടി അരിച്ചു കേറാൻ തുടങ്ങി. അവൻ തിരിഞ്ഞൊരു ഓട്ടം.**

ടീച്ചർ വീണ്ടും പറഞ്ഞു തുടങ്ങി. ''തേർഡ് റാങ്ക്...'' ടീച്ചർ ആളിന്റെ പേരു പറയുന്നതിന് മുമ്പ് ഞാൻ വിളിച്ചു പറഞ്ഞു. ''മിനി ഡി. വി.'' ''അതേ!'' ടീച്ചർ പറഞ്ഞു. ''മിനി ഡി വി.'' ''ഫോർത്ത് റാങ്ക്...'' ടീച്ചർ പറയുന്നതിനു മുമ്പു ഞാൻ പറഞ്ഞു: ''സനൂജ് എസ്.'' പത്തിരുപതു റാങ്കിൽ നാലോ അഞ്ചോ എണ്ണം തെറ്റിയതൊഴിച്ചാൽ ഞാൻ പറഞ്ഞതെല്ലാം കൃത്യമായിരുന്നു.

ഇന്റർവെൽ സമയത്ത് എന്നെ ടീച്ചേഴ്സ്റൂമിലേക്കു വിളിപ്പിച്ചു. അത്ഭുതത്തോടെ ലതടീച്ചർ എന്നോടു ചോദിച്ചു. ''മോനെങ്ങനാ അത്രയും റാങ്കുകൾ തെറ്റാതെ പറഞ്ഞത്?'' ഞാൻ പറഞ്ഞു. ''അറിയില്ല..'' വേറൊരു ടീച്ചർ ചോദിച്ചു. ''നീ ഈ സ്കൂളിൽ വന്നിട്ടുള്ള ആദ്യത്തെ പരീക്ഷയാണ്. അല്ലേ..? ഈ കുട്ടികൾ പഠിക്കുമോയെന്നു പോലും നിനക്കറിയില്ല. പിന്നെങ്ങനാ..?'' ഞാൻ പേടിച്ച് അറിഞ്ഞുകൂടെന്നു തലയാട്ടി. ''മോൻ പൊക്കോ. ഗുഡ് ബോയ് കേട്ടോ..'' ലതടീച്ചർ പറഞ്ഞു. ഞാൻ തിരികെ ക്ലാസിലേക്ക് ഓടി.

പത്താംക്ലാസ് ബാച്ചിന്റെ വാർഷികാഘോഷം തുടങ്ങി. ഞങ്ങളുടെ ഒരു സഹപാഠിയെ ആദരിക്കുന്നുണ്ട്. ഡോക്ടറാണ്. കേരളത്തിലെ ഏറ്റവും പ്രഗൽഭനായ ഹൃദയമാറ്റ ശസ്ത്രക്രിയാവിദഗ്ധന്റെ ടീമിലെ അംഗമാണ്. കൊച്ചിയിൽ നിന്ന് ഈ മീറ്റിങ്ങിനായി മാത്രം വന്നതാണ്.



അവൻ മറുപടിപ്രസംഗത്തിൽ പറഞ്ഞു:

“ഞാൻ ക്ലാസിൽ നല്ല പഠിക്കുന്ന കുട്ടിയല്ലായിരുന്നു. എന്നിട്ടും ഞാൻ ഒരു ഡോക്ടറായി. വാശിയൊന്നുമല്ലായിരുന്നു. ആത്മവിശ്വാസം. അതെനിക്കു തന്നത് ഈ സ്കൂളായിരുന്നു. ഈ സ്കൂളിനോടു ചേർന്ന, ഒരു കൊച്ചു കുടിലിലാണു ഞാൻ താമസിച്ചിരുന്നത്, അച്ഛൻ മരിച്ചു. കൂലിപ്പണിക്കു പോകുന്ന ഒരു അമ്മയുടെ സാധാരണ മകൻ. ആഹാരത്തിനു മുട്ടുണ്ട്. ഈ സ്കൂളിന്റെ മതിലു ചാടിവന്ന്, തേങ്ങയും കരിക്കും ഞങ്ങൾക്കാവശ്യമുള്ളതു പിരിച്ചിടുമായിരുന്നു. ആ കരിക്കിന്റെ കാതലാണ് എന്റെ ബുദ്ധിയെ പരിപോഷിപ്പിച്ചത്. ഈ സ്കൂളിലെ ആ നിൽക്കുന്ന മുത്തശ്ശിമാവുകൾക്ക് അന്നിത്ര പ്രായമില്ല. വെക്കേഷൻ സമയങ്ങളിൽ സ്കൂൾ അടച്ചിടുന്ന കാലത്താണ് മാങ്ങ വിളയുന്നത്. ഏതു ഉച്ചംമണ്ടയിലും ഞാൻ പിടിച്ചു കയറുമായിരുന്നു. ഇടയ്ക്ക് ഞാൻ വിജനമായ ഈ സ്കൂൾ വരാന്തകളിലൂടെ കറങ്ങിനടക്കും. ഇവിടെയുണ്ടായിരുന്ന ടി കെട്ടിടത്തിലെ അരമതിലിലൂടെ കയറി കഴുക്കോലിൽ തൂങ്ങിക്കിടക്കും. ഇടയ്ക്കു പലരും അപ്രതീക്ഷിതമായി എന്നെ കണ്ടുപേടിച്ചിട്ടുണ്ട്. ആ കുട്ടി പലരും കരുതിയതു പോലെ ഒരു പ്രേതമായിരുന്നില്ല. ജീവിക്കാൻ ആഗ്രഹമുള്ള ഒരു കുട്ടിയായിരുന്നു. പഠിച്ചതു ജീവിക്കാൻ വേണ്ടിയായിരുന്നു.”

ഗദ്ഗദം മൂലം അവൻ പ്രസംഗം പകുതിക്കുനിർത്തി സ്വന്തം കസേരയിൽ വന്നിരുന്നു.

അവനറിയുന്നുണ്ടായിരുന്നില്ല. അവൻ മൂലം ആത്മവിശ്വാസത്തിന്റെ പരകോടിയിലെത്തിയതു കൊണ്ടു മാത്രം, ഒരു പ്രതിഭയും കഴിവുമില്ലാതിരുന്ന ഒരു സഹപാഠി കൂടി ജീവിതത്തിന്റെ പടുകുഴിയിൽ നിന്നു കുറച്ചെങ്കിലും കര കയറിയ കഥ.

ഞാനാ കഥ അവനോടു പറഞ്ഞില്ല. തിരികെ പോകുമ്പോൾ ഞാനവന്റെ തോളിൽ കയ്യിട്ടു ഇത്തിരി ദൂരം നടന്നു. അതു മതിയായിരുന്നു.





# വെയിലും മഴയും

കാപ്പിൽ ഗോപിനാഥൻ

മഴമാറി, വെയിൽനാളം
വഴിയോരത്തെത്തുമ്പോൾ
മഴ തന്ന കുളിരെല്ലാം
വഴിമാറിപ്പോകുന്നു.

ഇലത്തുമ്പിൽ മഴവെള്ളം
നറുമുത്തു ചാർത്തുമ്പോൾ
കാറ്റെത്തി, മുത്തെല്ലാം
നിലംതള്ളി മറയുന്നു.

ചെറുതോടിൻ ചിറ വറ്റി
ചെറുമീനുകൾ കരപറ്റി
ചെറുശ്വാസം കിട്ടാതെ
കഴുകന്മാർക്കിരയായി.

മഴ പോയി വെയിലില്ല,
ദിനരാത്രം കൊഴിയുമ്പോൾ
മഴയെത്തി വെയിലൊപ്പം
കുറുക്കന്റെ കല്യാണം.

വര: ആശ ആർ

# തട്ടേക്കാടിലെ 'കിളി'ക്കാഴ്ചകൾ

സി സുശാന്ത്

നമുക്കൊരു യാത്ര പോകാം. അതിരാവിലെ എറണാകുളം ജില്ലയിലെ കോതമംഗലത്തെത്തണം ആദ്യം. അവിടെ നിന്നും തട്ടേക്കാട്ടേക്ക് ബസ്സുകിട്ടും. കുറച്ചു ദൂരമേയുള്ളൂ തട്ടേക്കാടിലെത്താൻ. അരികു സീറ്റു കിട്ടിയാൽ മനം കുളിർക്കെ കാഴ്ചകളും കാണാം. പെരിയാർപുഴയ്ക്കു മുകളിലൂടെയുള്ള പാലം കടന്നാൽ തട്ടേക്കാടായി. അവിടെയിറങ്ങിയാൽ ഇടതുവശത്തായിട്ടാണ് നമുക്കു പോകേണ്ട ഇടം. പ്രസിദ്ധമായ *സാലിം അലി പക്ഷിസങ്കേതം.*

കേരളം പക്ഷികളുടെ ദേശാടനകാലത്തെ വരവേൽക്കാനായി ഒരുങ്ങുകയാണ്. അതിനാൽ നമ്മുടെ ഈ യാത്ര വെറുതെയാവില്ല എന്നുറപ്പ്. കോതമംഗലം ഇടമലയാർ മേഖലയിലെ തട്ടേക്കാട് പക്ഷിസങ്കേതവും ദേശാടനകാലത്തിനായി തയ്യാറെടുത്തു നിൽപ്പുണ്ടാവും. പാസെടുത്ത് അകത്തു കയറിയാൽ ആ വനഭൂമിയിലൂടെ കിളിക്കാഴ്ചകൾ കണ്ടും കിളിയൊച്ചകൾ കേട്ടും ഒരു പക്ഷിനിരീക്ഷണ യാത്രയാവാം.

തട്ടേക്കാട് പക്ഷിസങ്കേതത്തിനുള്ളിൽ കടന്നാൽ വിവിധതരം കാട്ടുപക്ഷികളുടെ കളകൂജനങ്ങളാകും നമ്മെ എതിരേൽക്കുക.





തട്ടേക്കാട് പക്ഷിസങ്കേതം

ദേശാടനക്കാലമായി കഴിഞ്ഞാൽ ഇളംപച്ചപ്പൊടിക്കുരുവികളുടെ 'ചിരുവിറ്റ്' ശബ്ദത്താലും വലിയ ചുണ്ടൻ ഇലക്കുരുവികളുടെ 'സ്വീ...റ്റി' ശബ്ദത്താലും മുഖരിതമായിരിക്കും ഇലച്ചാർത്തുകൾ.

പുറംഭാഗം ഒലീവ് കലർന്ന ഇളംപച്ചനിറമാണ് ഇളംപച്ചപ്പൊടിക്കുരുവിയുടേത് (Greenish warbler). മഞ്ഞ കലർന്ന വെളുത്ത നേർത്ത പുരികം. അടിഭാഗം മുഷിഞ്ഞ വെള്ളയോ, മഞ്ഞകലർന്ന വെളുപ്പോ ആണ്. ചിറകുകളിൽ നേർത്ത വെള്ളവര. വളരെ ഊർജസ്വലരായ ഈ ചെറുകുരുവികൾ സദാസമയവും 'ചിരുവിറ്റ്' എന്നു ശബ്ദിച്ചുകൊണ്ട് ഇലക്കൂട്ടത്തിൽ ഇരതേടി നടക്കും.

ഇളംപച്ചപ്പൊടിക്കുരുവികളെ നിരീക്ഷിച്ച് മുന്നോട്ട് നീങ്ങുമ്പോഴാകും തീജ്വാലകളെ അനുസ്മരിപ്പിക്കുന്ന ഓറഞ്ചുകലർന്ന തിളങ്ങുന്ന ചുവപ്പുവർണ്ണമണിഞ്ഞ തീക്കുരുവി (Orange Minivet) സംഘം എത്തുക.

തീക്കുരുവികളിൽ ആൺപക്ഷിക്കു തിളങ്ങുന്ന ഓറഞ്ചു കലർന്ന ചുവപ്പുനിറവും പെൺപക്ഷിക്കു മഞ്ഞയും ചാരവും നിറവുമാണ്. ആൺ-പെൺ പക്ഷികൾ 'സ്വീ...സ്വീ' ശബ്ദത്തോടെ പാറിനടക്കുന്നത് ഏറെ ആഹ്ലാദത്തോടെ കണ്ടു നിൽക്കാം.

വനപാതയ്ക്കരികിലെ പെരിയാർ ജലാശയത്തിനു മുകളിലൂടെ ദേശാടകരായ കരിയാളകളും (Whiskered tern) സ്ഥിരവാസികളായ പുഴയാളകളും (River tern) പറന്നുനടക്കുന്നുണ്ടാകും. ചെറുമത്സ്യങ്ങളാണ് ഇവയുടെ ആഹാരം.



ഇളംപച്ചപ്പൊടിക്കുരുവി



തീക്കുരുവി ആൺപക്ഷി

**പെരിയാർ കടന്ന് തട്ടേക്കാട് പക്ഷിസങ്കേതത്തിനുള്ളിൽ കടന്നാൽ വിവിധതരം കാട്ടുപക്ഷികളുടെ കളകൂജനങ്ങളാകും നമ്മെ എതിരേൽക്കുക. ദേശാടനക്കാലമായി കഴിഞ്ഞാൽ ഇളംപച്ചപ്പൊടിക്കുരുവികളുടെ 'ചിരുവിറ്റ്' ശബ്ദത്താലും വലിയ ചുണ്ടൻ ഇലക്കുരുവികളുടെ 'സ്വീ...റ്റി' ശബ്ദത്താലും മുഖരിതമായിരിക്കും ഇലച്ചാർത്തുകൾ.**

കരിയാളയ്ക്ക് തലയിൽ കറുത്തതൊപ്പിയും പുറമൊക്കെ നേർത്തചാരം കലർന്ന നിറവുമാണ്. ചുണ്ടുകൾക്ക് കറുപ്പുനിറം. വാലുകൾ ചെറുതാണ്. സദാസമയവും 'കിരിരി' എന്ന പരുക്കൻ ശബ്ദമുണ്ടാക്കിക്കൊണ്ട് ഇവ ജലാശയത്തിനു മുകളിൽ പറന്നുകളിക്കും. ഇടയ്ക്കിടെ സംഘമായി ജലാശയത്തിനു കുറുകെ നീളുന്ന വൈദ്യുതക്കമ്പിയിൽ വിശ്രമിക്കുന്നതും കാണാം.

പുഴയാളയ്ക്കു വലിപ്പമേറും. കറുത്ത തൊപ്പിയും തിളങ്ങുന്ന ഓറഞ്ചുകലർന്ന മഞ്ഞകൊക്കുമുണ്ട്. പുറം, മിന്നുന്ന ചാരനിറം. നീണ്ട കത്രികവാല്. 'കിക്കീയ്' 'കിക്കീയ്..' എന്ന് ഉച്ചത്തിൽ ശബ്ദിച്ച് ഇവ ജലാശയത്തിനു മുകളിൽ റോന്തുചുറ്റുന്നുണ്ടാകും.

വെയിൽ പരന്നാൽ പക്ഷികൾ ഊർജസ്വലരാവും. നീണ്ടവാലുകൾ ഇളക്കി 'കേ കേ' എന്ന പരുക്കൻ ശബ്ദമുണ്ടാക്കിക്കൊണ്ട് പശ്ചിമഘട്ടത്തിനു മാത്രം സ്വന്തമായ കാട്ടൂഞ്ഞാലികൾ (White bellied Treepie) വനപാത



പുഴയാള



കരിയാള

യ്ക്കരികിലെ മരങ്ങളിൽ ഇരതേടാനെത്തും. കറുത്ത മുഖവും വെള്ള കഴുത്തും വയറും. കാവിയും കറുപ്പും കലർന്ന ചിറകുകളും വെളുപ്പും കറുപ്പും ഇടകലർന്ന നീണ്ട വാൽത്തൂവലുകളും ഈ കാട്ടുപക്ഷിക്ക് വല്ലാത്തൊരാകർഷണീയത നൽകും. കാട്ടൂഞ്ഞാലികളുടെ പത്തുമുതൽ മുപ്പതു വരെ അടങ്ങുന്ന വൻസംഘത്തെ ചില കാലങ്ങളിൽ തട്ടേക്കാട് പക്ഷിസങ്കേതത്തിൽ കാണാറുണ്ട്.

വീണ്ടും മുന്നോട്ടു നടന്നാൽ പൊട്ടിച്ചിരിയെ അനുസ്മരിപ്പിക്കുമാറ് ഒച്ചയുണ്ടാക്കി പശ്ചിമഘട്ടത്തിലെ മറ്റൊരു തനതു പക്ഷിയായ കോഴി വേഴാമ്പലുകൾ (Malabar Grey Horn bill) നമുക്കു മുന്നിലെത്തും. പഴങ്ങളാണ് ഇവരുടെ മുഖ്യഭക്ഷണം. വൃക്ഷക്കൊമ്പുകളിൽ ചാടിനടന്ന് ഒരു കോമാളിയുടെ ഭാവദേദങ്ങളോടെ ഇവ ചെറുപഴങ്ങൾ വിഴുങ്ങുന്നതു കാണാൻ നല്ല ഭംഗിയാണ്. മറ്റു വേഴാമ്പലുകളെപ്പോലെ കോഴിവേഴാമ്പലിനു കൊക്കിൽ മകുടമില്ല. നീണ്ട മഞ്ഞക്കൊക്കും വെള്ള പുരികവും. മൊത്തത്തിലുള്ള ചാരനിറവും ചിറകുകളുടെ തുഞ്ചത്തെയും വാലുകളുടെ ഓരത്തെയും വെളുപ്പു നിറവും ഇവയെ തിരിച്ചറിയുവാൻ സഹായിക്കുന്നു. 'ഹഹഹഹ' (കക്കകക്കകക്ക) എന്നുച്ചത്തിൽ ശബ്ദിച്ചു കൊണ്ടായിരിക്കും ചിലപ്പോൾ കോഴിവേഴാമ്പലുകൾ പറന്നകലുക.

വീണ്ടും മുന്നോട്ടു നടന്നാൽ പൊട്ടിച്ചിരിയെ അനുസ്മരിപ്പിക്കുമാറ് ഒച്ചയുണ്ടാക്കി പശ്ചിമഘട്ടത്തിലെ മറ്റൊരു തനതുപക്ഷിയായ കോഴി വേഴാമ്പലുകൾ (Malabar Grey Horn bill) നമുക്കു മുന്നിലെത്തും. പഴങ്ങളാണ് ഇവരുടെ മുഖ്യഭക്ഷണം. വൃക്ഷക്കൊമ്പുകളിൽ ചാടിനടന്ന് ഒരു കോമാളിയുടെ ഭാവദേദങ്ങളോടെ ഇവ ചെറുപഴങ്ങൾ വിഴുങ്ങുന്നതുകാണാൻ നല്ല ഭംഗിയാണ്. 'ഹഹഹഹ' (കക്കകക്കകക്ക) എന്നുച്ചത്തിൽ ശബ്ദിച്ചു കൊണ്ടായിരിക്കും ചിലപ്പോൾ കോഴിവേഴാമ്പലുകൾ പറന്നകലുക.

കേരളത്തിൽ കാണുന്ന നാലിനം തത്തകൾ മോതിരത്തത്ത, പൂന്തത്ത, നീലത്തത്ത, തത്തച്ചിന്നൻ എന്നിവയെ തട്ടേക്കാട് പക്ഷിസങ്കേതത്തിൽ കാണാം. ഇവയിൽ നമ്മെ ഏറ്റവും ആകർഷിക്കുന്നത് കുട്ടിക്കുറുമ്പരായ തത്തച്ചിന്നരാണ്. (Indian Lorikeet) തത്തകളിലെ കുള്ളരെന്നു പറയാവുന്ന തത്തച്ചിന്നർ വൃക്ഷക്കൊമ്പുകളിൽ ഞാന്നുകിടന്നാണ് പഴങ്ങൾ കൊത്തിത്തിന്നുന്നത്. ഓറഞ്ചുനിറത്തിലുള്ള ചുണ്ടും പച്ചനിറത്തിലുള്ള ശരീരവുമുള്ള ഇവയ്ക്ക് മറ്റു തത്തകളെപ്പോലെ നീണ്ട വാലില്ല. കുറിയവാലുള്ള ഇവയുടെ അരപ്പട്ടയ്ക്ക് നല്ല ചുവന്ന നിറമാണ്. തത്തച്ചിന്നനു കുരുവിയുടെ വലിപ്പമേയുള്ളൂ. കാട്ടിലവും മുരിക്കും പൂത്താൽ തേൻ നുകരാൻ തത്തച്ചിന്നൻ വൻസംഘമായി തട്ടേക്കാട്



കാട്ടൂഞ്ഞാലി



കോഴിവേഴാമ്പൽ



തത്തചിന്നൻ



ശ്യാമക്കിളി

പക്ഷിസങ്കേതത്തിലെത്താറുണ്ട്.

ഇലപൊഴിയുംകാടുകളിൽ കടന്നാൽ പക്ഷികളിലെ ഗാനഗന്ധർവനായ ശ്യാമയെ ക്കാണാം (White rumped shama). പുറമാകെ ശ്യാമ വർണ്ണം കലർന്ന കറുപ്പു നിറമാണ്. അടിഭാഗം ഓറഞ്ചു നിറം. നീണ്ട കറുത്തവാൽ. അരപ്പട്ടയിൽ വെളുപ്പുനിറം. ആൺപക്ഷിയുടെ നിറത്തിനു വർണ്ണശോഭ കൂടും. പെൺ പക്ഷിക്കു മങ്ങിയ നിറമാണ്.

ഇരുളടഞ്ഞ മഴക്കാടുക ളിൽ പ്രവേശിച്ചാൽ ആ ഇരുളിമയിൽ നെഞ്ചിലെ ഉജ്ജ്വലമായ ചുവപ്പുനിറം പ്രദർശിപ്പിച്ച് ഒട്ടൊക്കെ ലജ്ജാലുവായ തീക്കാക്ക (Malabar Trogon) നമ്മെ നിരീ ക്ഷിക്കുന്നതു കാണാം. ആൺപക്ഷികൾക്ക് തീനാള ങ്ങളെ വെല്ലുന്ന തിളങ്ങുന്ന ഓറഞ്ചുനിറമാണ്. നിശ്ശബ്ദ രായി സഞ്ചരിക്കുന്നതിനാൽ ഇവ തീവർണ്ണം കാട്ടി പറന്നു നീങ്ങുമ്പോൾ മാത്രമായിരിക്കും നമ്മുടെ കണ്ണിൽപ്പെടുക.

പൊന്തകളിൽ കരിയി ലയും ചപ്പും ചിക്കിച്ചിനക്കി കുറിക്കണ്ണൻ കാട്ടുപുള്ള് (Orange headed Ground Thrush) തീറ്റതേടി നടക്കുന്നുണ്ടാകും. തലയും അടിഭാഗവും ഓറഞ്ചുകലർന്ന കാവിനിറ മാണ്. കണ്ണുകൾക്കു താഴെ കുറുകെ നീളുന്ന കുറിക ളാണ് ഇവയെ ആകർഷകമാ ക്കുന്നത്. ആൺപക്ഷിയുടെ ചുണ്ടും ചിറകുകളും നീല കലർന്ന ചാരനിറവും പെൺ പക്ഷിയുടെ പുറം തവിട്ടുനിറ വുമാണ്. ചിറകിൽ വെള്ളപ്പട്ട.

തട്ടേക്കാട് പക്ഷിസങ്കേത ത്തിന്റെ മറ്റൊരു പ്രത്യേകത കേരളത്തിൽ കാണുന്ന രാത്രിഞ്ചരരായ അപൂർവ്വ പക്ഷികളെ ഇവിടെ കാണാൻ കഴിയുന്നു എന്നതാണ്.



തീകാക്ക

മാക്കാച്ചിക്കാടയുടെ (Srilankan Frog mouth) നിറസാന്നിദ്ധ്യം തട്ടേക്കാട് പക്ഷിസങ്കേതത്തിലുണ്ട്. തവളയെപ്പോലെ വീതിയേറിയ വായും തവളയുടെ മുഖഭാവവുമുള്ള മാക്കാച്ചിക്കാട കരിയിലകൾ തങ്ങിനിൽക്കുന്ന അടിക്കാടുകളിലെ ചെറുമരങ്ങളിലാണ് പകലുറക്കം നടത്തുന്നത്. ഒറ്റനോട്ടത്തിൽ കരിയിലയോ ഉണക്കച്ചില്ലയോ എന്നു തോന്നിക്കുന്ന വിധത്തിൽ കൺകെട്ടുവിദ്യ കാട്ടാൻ മിടുക്കരാണ് ഈ പക്ഷികൾ.



കാലൻകോഴി, മീൻകൂമൻ, ചെവിയൻ കാട്ടുമൂങ്ങ, റിപ്ലിമൂങ്ങ, ചെവിയൻരാച്ചുക്കു. മാക്കാച്ചിക്കാട എന്നിവയെ ഒരുമിച്ചു കാണാമിവിടെ.

മാക്കാച്ചിക്കാടയുടെ (Srilankan Frog mouth) നിറസാന്നിദ്ധ്യം തട്ടേക്കാട് പക്ഷിസങ്കേതത്തിലുണ്ട്. തവളയെപ്പോലെ വീതിയേറിയ വായും തവളയുടെ മുഖഭാവവുമുള്ള മാക്കാച്ചിക്കാട കരിയിലകൾ തങ്ങിനിൽക്കുന്ന അടിക്കാടുകളിലെ ചെറുമരങ്ങളിലാണ് പകലുറക്കം നടത്തുന്നത്. ഒറ്റനോട്ടത്തിൽ കരിയിലയോ ഉണക്കച്ചില്ലയോ എന്നു തോന്നിക്കുന്ന വിധത്തിൽ കൺകെട്ടുവിദ്യ കാട്ടാൻ മിടുക്കരാണ് ഈ പക്ഷികൾ. കാറ്റുവീശുമ്പോൾ കരിയിലകൾപോലെ ചാഞ്ചാടി നമ്മെ കബളിപ്പിക്കുകയും ചെയ്യും ഈ വിരുതർ.

റിപ്ലിമൂങ്ങ (Oriental Bay Owl) തട്ടേക്കാടിൽ കാണുന്ന അപൂർവ്വരാപ്പറവയാണ്. പുറമെ ചെങ്കൽവർണം കലർന്ന തവിട്ടുനിറവും അതിൽ നേർത്ത കറുത്ത പുള്ളികളും ഉണ്ട്. അടിഭാഗം ഇളംറോസ് കലർന്ന വെളുപ്പിൽ നനുത്ത കറുത്തപുള്ളികൾ. പ്രത്യേക ആകൃതിയിലുള്ള മുഖം ആരിലും കൗതുകമുണർത്തും. ഇടക്കാടിൽ കരിയിലകൾ തങ്ങിനിൽക്കുന്ന ചെറുമരങ്ങളിലാണ് ഈ അത്യപൂർവ്വമൂങ്ങ പകലുറക്കം നടത്തുന്നത്.

കരിയിലക്കിടയിൽ ഇരുന്നുറങ്ങുന്ന റിപ്ലിമൂങ്ങയെയും ചുറ്റുപാടിൽ നിന്നും കണ്ടെത്താൻ ഏറെ പണിപ്പെടേണ്ടി വരും. ഇവ അനങ്ങാതിരുന്നാൽ മരക്കൊമ്പിൽത്തൂങ്ങി നിൽക്കുന്ന ഒരു വലിയ ഉണക്കില എന്നേ ഒറ്റനോട്ടത്തിൽ തോന്നുകയുള്ളൂ.

തട്ടേക്കാട് പക്ഷിസങ്കേതത്തിലൂടെ സന്ധ്യാവേളകളിൽ സഞ്ചരിച്ചാൽ 'ഹി...ഹ്യൂ' 'വി...വ്യൂ' എന്ന നീണ്ട ചൂളംവിളി കേൾക്കാം. അശരീരിയായി കേൾക്കുന്ന ഈ ചൂളംവിളിയുടെ ഉടമയെ പകൽ കണ്ടെത്തുക അതിലുമേറെ ശ്രമകരമാണ്. രാച്ചുക്കു (Nightjar) വർഗ്ഗത്തിൽപ്പെട്ട ചെവിയൻ രാച്ചുക്കു (Great eared Nightjar) ആണ് ഈ അപൂർവ്വരാപ്പക്ഷി.

ചെവിയിൽ നീണ്ട തൂവൽക്കൂട്ടമുണ്ട്. ചെങ്കൽവർണവും തവിട്ടും ഇടകലർന്ന നിറത്തിൽ അങ്ങോളമിങ്ങോളം വരകളും കുറികളുമുണ്ട്. ചെവിയൻ രാച്ചുക്കു പകലുറക്കം നടത്തുന്നത്



റിപ്ലിമൂങ്ങ

മരക്കൊമ്പുകളിലെ ഉണക്കി ലകൾ വീണുകിടക്കുന്ന അടിക്കാടുകളിലാണ്.

തട്ടേക്കാട് സാലിംഅലി പക്ഷിസങ്കേതത്തിലെ 'കിളി' ക്കാഴ്ചകൾ ഇവിടെ അവസാനിക്കുന്നില്ല. *'നിങ്ങൾ ജീവി വർഗത്തിലെ ഒരു വർഗത്തെ അറിയുന്നില്ല എങ്കിൽ നിങ്ങൾ ജീവന്റെ എല്ലാ ഭാവത്തെയും മറക്കുന്നു. കൊലയാളി എന്നും കൊലയാളി യാണ്. ഒരു അപൂർവ്വപക്ഷിയെ നശിപ്പിക്കുവാനും ഇല്ലായ്മ ചെയ്യുവാനും മാനവികതയെ ഇല്ലായ്മ ചെയ്യുവാനും ക്രൂരർക്കേ കഴിയൂ. ജീവനെ ഒന്നായി കാണുവാൻ നമുക്കു കഴിയണം അവയെ സംരക്ഷിക്കുവാനും.'* ഡോ. സാലിം അലിയുടെ ഈ വാക്കുകൾ നാമോരോരുത്തരും ഓർത്തിരിക്കണം. ഡോ സാലിം അലിയുടെയും ഇന്ദുചൂഡന്റെയും കാല്പാടുകൾ പതിഞ്ഞ കിളിമൊഴികളുടെ ഈ സ്വപ്നതീരം എന്നെന്നും നിലനിർത്തുമെന്ന പ്രതിജ്ഞയോടെ തത്ക്കാലം നമുക്ക് തട്ടേക്കാടിനോടു വിടപറയാം.



മാക്കാച്ചിക്കാട



ചെവിയൻ രാച്ചുക്കു

## സാലം അലിയും തട്ടേക്കാടും

പക്ഷിനിരീക്ഷകരുടെയും പ്രകൃതിസ്നേഹികളുടെയും ആചാര്യനായിരുന്നു ഡോ. സാലിം അലി. തിരുവിതാംകൂറിലെയും കൊച്ചിയിലെയും പക്ഷികളെക്കുറിച്ചു പഠിക്കുന്നതിനായി 1930 കളിൽ പശ്ചിമഘട്ടമലനിരകളിലെ വനാന്തരങ്ങളിലൂടെ അദ്ദേഹം സഞ്ചരിക്കുകയുണ്ടായി. അന്ന് അദ്ദേഹത്തെ ഏറെ ആകർഷിച്ചത് പെരിയാർ തീരത്തെ തട്ടേക്കാട് വനപ്രദേശമായിരുന്നു. താൻ സന്ദർശിച്ചിട്ടുള്ള വനാന്തരങ്ങളിൽ വച്ച് 'പക്ഷികളാൽ അതിസമ്പന്നമായ ഒരു പ്രദേശം' എന്നാണ് അദ്ദേഹം തട്ടേക്കാടിനെ വിശേഷിപ്പിച്ചത്. 167 ഇനം പക്ഷികളെയാണ് ആ യാത്രയിൽ അദ്ദേഹം കണ്ടെത്തിയത്.

കേരളത്തിലെ പക്ഷിപഠനങ്ങൾക്കു നേതൃത്വം നൽകിയ ഇന്ദുചൂഡൻ (പ്രൊഫ. കെ കെ നീലകണ്ഠൻ) ആണ് തട്ടേക്കാടിലെ പക്ഷികളെക്കുറിച്ച് പഠനം നടത്തിയ മറ്റൊരു പ്രശസ്ത വ്യക്തി. താൻ കണ്ടെത്തിയ വിവരങ്ങൾ 'കേരളത്തിലെ പക്ഷികൾ' എന്ന പുസ്തകത്തിൽ അദ്ദേഹം ഉൾപ്പെടുത്തുകയും ചെയ്തു. ഡോ സാലിം അലിയും ഇന്ദുചൂഡനും നയിച്ച പാതയിലൂടെ സഞ്ചരിച്ച പിൻതലമുറക്കാർ 280 ഇനത്തിലധികം പക്ഷികളെയാണ് ആ വനാന്തരങ്ങളിൽ കണ്ടെത്തിയത്.

1983 ൽ കേരള വനം- വന്യജീവി വകുപ്പ് തട്ടേക്കാടിനെ പക്ഷിസങ്കേതമായി പ്രഖ്യാപിച്ചു. ഡോ സാലിം അലിയോടുള്ള ആദരസൂചകമായി 1997 ൽ പക്ഷിഗവേഷണ കേന്ദ്രമായി ഉയർത്തിയ തട്ടേക്കാട് ഇന്ന് *സാലിം അലി പക്ഷിസങ്കേതം* എന്നാണ് അറിയപ്പെടുന്നത്.

# ശീതക്കാറ്റ്

(ജാതകകഥ)

ചിത്രീകരണം വെങ്കി

ഹിമാലയത്തിന്റെ താഴ്‌വരയിൽ കാട്ടിലെ ആശ്രമത്തിൽ ബോധസത്വൻ സന്ന്യാസിയായി കഴിഞ്ഞുവരികയായിരുന്നു.



അതിനടുത്തുള്ള ഒരു ഗുഹയിൽ സിംഹവും
കടുവയും വളരെ സ്നേഹത്തോടെ
കഴിഞ്ഞിരുന്നു. ഇരതേടുന്നതും കഴിക്കു
ന്നതുമെല്ലാം അവർ ഒരുമിച്ചായിരുന്നു.
മഞ്ഞുകാലമായി. കഠിനമായ തണുപ്പ്.
എന്തായിരിക്കും ഇത്രയും തണുപ്പ്
എന്ന് ആലോചിച്ചുകൊണ്ടു കടുവ
ഇരിക്കുകയായിരുന്നു.
അതുകണ്ട് സിംഹം ചോദിച്ചു.
"ചങ്ങാതീ, എന്താണിത്ര ആലോചന?"
"ഈ തണുപ്പിന്റെ കാരണമെന്തെന്ന്
ആലോചിക്കുകയായിരുന്നു ഞാൻ. വാവു
കഴിഞ്ഞു കറുത്ത പക്ഷമാവുമ്പോഴാണു
തണുപ്പു കൂടുന്നത്. അതുകൊണ്ടു
കറുത്തപക്ഷമാണു തണുപ്പുകൂടാൻ
കാരണമെന്നു തോന്നുന്നു."
കടുവ പറഞ്ഞു.
എന്നാൽ കടുവയുടെ വാക്കുകൾ
അംഗീകരിക്കുവാൻ സിംഹം തയ്യാറായില്ല.



അവൻ പറഞ്ഞു. "ഏയ് നിനക്കു തെറ്റി. വെളുത്ത പക്ഷമാണു തണുപ്പിന്റെ കാരണം. ആലോചിച്ചു നോക്കൂ. അക്കാലത്തല്ലേ നമ്മൾ തണുത്തുവിറയ്ക്കുന്നത്?"
"അങ്ങനെയല്ല. വെളുത്തപക്ഷത്തിൽ ഒട്ടും തണുപ്പു തോന്നാറില്ല. തണുപ്പു കൂടുതൽ കറുത്തപക്ഷത്തിൽത്തന്നെ എന്നതു തീർച്ചയാണ്." കടുവ വാദിച്ചു.
അവർ തമ്മിൽ വലിയ തർക്കമായി. ദിവസങ്ങൾ കഴിഞ്ഞിട്ടും അവരുടെ തർക്കത്തിനു





പരിഹാരമായില്ല. ഇത് അവരുടെ സൗഹൃദത്തെ ബാധിക്കുവാൻ തുടങ്ങിയതോടെ അവർക്കു വിഷമമായി.
അപ്പോൾ സിംഹം ഒരു വഴി പറഞ്ഞു.
"ചങ്ങാതീ, നമുക്കു ബോധിസത്വന്റെ അടുത്തു ചെന്നു ചോദിച്ച് ഈ പ്രശ്നം തീർപ്പാക്കാം."
അങ്ങനെ അവർ ബോധിസത്വന്റെ ആശ്രമത്തിൽ ചെന്നു കാര്യം പറഞ്ഞു.
ബോധിസത്വൻ ഇരുവരെയും സൂക്ഷിച്ചുനോക്കി. പിന്നെ ഒരു ചെറുപുഞ്ചിരിയോടെ പറഞ്ഞു:
"നിങ്ങൾ രണ്ടുപേരും പറഞ്ഞതു ശരിയാണ്. കറുത്ത പക്ഷത്തിലും



വെളുത്ത പക്ഷത്തിലും കാറ്റടിക്കാം.
പക്ഷേ തണുപ്പിനു കാരണം ശീതക്കാറ്റാണ്."
ഇതുകേട്ട് സിംഹവും കടുവയും ഇളിഭ്യരായി മടങ്ങി.
കാരണമില്ലാതെ തർക്കിച്ചാൽ അടുത്ത ചങ്ങാതിമാർപോലും പിണങ്ങിപ്പിരിയും എന്ന പാഠം അവർ പഠിച്ചു.

# ഒഴിവുകാലം

സി എം വിനയചന്ദ്രൻ



പറക്കുമുമ്മകൾ
നീട്ടി
കൊതിപ്പിക്കുന്നൂ
വാനം
വെളുത്തതാരകപ്പൂക്കൾ
വാരിവിതറുന്നു.

മഴച്ചില്ലിൻ
ചുണ്ടിലൂടെ
പുഞ്ചിരിക്കുന്നൂ
വിണ്ണിൻ
മനസ്സൊരു
മാരിവില്ലാൽ
എന്നെ നോക്കുന്നൂ.

വിരൽത്തുമ്പിൽ
പിടിച്ചാരോ
നടത്തിക്കുന്നൂ
മണ്ണിൻ
മരതകപ്പച്ചയിൽ
ഞാൻ
കുളിരുകോരുന്നൂ.

കിളിപ്പാട്ടിൽ
പൂവനത്തിൽ
കളിച്ചാർക്കുന്നൂ
ഞാനെൻ
കൂട്ടരുമൊത്തീ
മരത്തിൽ
ഊയലാടുന്നൂ.

തേൻവരിക്കച്ചോട്ടിൽ
മധുരം
കാത്തുനിൽക്കുന്നൂ
ഞാനീ
മാഞ്ചുവട്ടിൽ
അണ്ണാന്റെ ചിൽചിൽ
ഏറ്റുപാടുന്നു.

വര: അനിഷ തമ്പി

# ചൂട് 'ചൂടാ'വുന്ന വഴി

വൈശാഖൻ തമ്പി

നമ്മുടെ ശരീരത്തിന്റെ ശരാശരി താപനില എത്രയാണെന്നാണ് നമ്മൾ സ്കൂളിൽ പഠിക്കുന്നത്? 37 ഡിഗ്രി. അപ്പോൾ ചോദിക്കട്ടെ, ശരാശരി 37 ഡിഗ്രി ചൂടുമായി നടക്കുന്ന നമുക്ക് 30 ഡിഗ്രി മാത്രം താപ നിലയുള്ള അന്തരീക്ഷത്തിൽ 'ചൂട്' അനുഭവപ്പെടുന്നത് എങ്ങനെയാണ്?

റേഡിയോയിലോ ടിവിയിലോ അന്തരീക്ഷതാപനില പറയുന്നതു കൂട്ടുകാർ ശ്രദ്ധിച്ചിട്ടുണ്ടാകും. കേരളത്തിലെ ഒരു നഗരത്തിലെ ശരാശരിതാപനില ഏതാണ്ട് 30 ഡിഗ്രി സെൽഷ്യസിനോട് അടുപ്പിച്ചാണ്. മിക്കപ്പോഴും അത് മുപ്പതിൽ താഴെ ആയിരിക്കുകയും ചെയ്യും.

പക്ഷേ നമ്മുടെ ശരീരത്തിന്റെ ശരാശരി താപനില എത്രയാണെന്നാണ് നമ്മൾ സ്കൂളിൽ പഠിക്കുന്നത്? 37 ഡിഗ്രി. അപ്പോൾ ചോദിക്കട്ടെ, ശരാശരി 37 ഡിഗ്രി ചൂടുമായി നടക്കുന്ന നമുക്ക് 30 ഡിഗ്രി മാത്രം താപനിലയുള്ള അന്തരീക്ഷത്തിൽ 'ചൂട്' അനുഭവപ്പെടുന്നത് എങ്ങനെയാണ്?

ഇവിടെയാണു പ്രശ്നം. കാലാവസ്ഥാ വാർത്തകളിൽ പറയുന്ന അന്തരീക്ഷ താപനിലയും നമുക്ക് 'അനുഭവപ്പെടുന്ന താപനില'യും തമ്മിൽ വ്യത്യാസമുണ്ട്. നമ്മുടെ ശരീരത്തിന്റെ താപനിയന്ത്രണ സംവിധാനത്തിന്റെ (Thermo regulation) രീതിയാണ് ഈ പൊരുത്തക്കേടിനു കാരണം. ശരീരത്തിലുണ്ടാകുന്ന അധിക താപം പുറത്തുകളയാൻ നമ്മുടെ ശരീരം പ്രധാനമായും ഉപയോഗിക്കുന്നത് വിയർക്കലിനെയാണ് (sweating) എന്നറിയാമല്ലോ. തൊലിക്കടിയിലെ വിയർപ്പുഗ്രന്ഥികളിലൂടെ പുറത്തുവരുന്ന വിയർപ്പ് ശരീരത്തിൽനിന്നും താപം ആഗിരണം ചെയ്ത് ബാഷ്പമായി (vapour) പോകുന്നതുവഴിയാണ് ശരീരത്തിന്റെ താപനില കുറയുന്നത്. ഒരാൾ ശരാശരി ഒരു ലിറ്റർ വിയർപ്പ് ഇതുപോലെ ബാഷ്പീകരിച്ച് കളയുന്നുണ്ട് എന്നാണു കണക്ക്! ഒരു ലിറ്റർ എന്നുവെച്ചാൽ 5 ഗ്ലാസ്. ഇത് കേട്ടിട്ട് കൂട്ടുകാർക്ക് അത്ര വിശ്വാസം വന്നിട്ടുണ്ടാവില്ല! എന്നാൽ സത്യമാണ്. സാധാരണഗതിയിൽ നമ്മൾ വിയർപ്പ് എന്നുവിളിക്കുന്നത് തൊലിപ്പുറത്ത് വലിയ തുള്ളികളായി രൂപംകൊള്ളുന്ന ദ്രാവകത്തെ മാത്രമാണ്. എന്നാൽ തൊലിപ്പുറത്തുനിന്നും ബാഷ്പീകരിക്കപ്പെടുന്നതിനെക്കാൾ വേഗത്തിൽ വിയർപ്പ് പുറത്തേക്കു വരുമ്പോൾ മാത്രമേ അതു കാണാൻ സാധിക്കൂ. കളിക്കുമ്പോഴും വ്യായാമം ചെയ്യുമ്പോഴുമൊക്കെയാണ് ഇത് സംഭവിക്കുന്നത്.

സത്യത്തിൽ ശരീരം എപ്പോഴും വിയർക്കുന്നുണ്ട്. പക്ഷേ അതു പുറത്തുവന്നയുടൻ ബാഷ്പീകരിച്ചുപോകും. വെയിലേൽക്കുമ്പോഴോ, ശാരീരികമായി അധ്വാനിക്കുമ്പോഴോ ഒക്കെ നമ്മൾ നന്നായി വിയർക്കുന്നത് ശരീരത്തിലുണ്ടായ അധികതാപം പുറത്തുകളയുന്നതിനായിട്ടാണ്.

ഇനി ഇതേ വിയർപ്പോടുകൂടി ഫാനിനു കീഴെ ചെന്നുനിന്നാൽ നല്ല തണുപ്പ് അനുഭവപ്പെടുന്നതായി ശ്രദ്ധിച്ചിട്ടില്ലേ? കാറ്റ് വിയർപ്പിന്റെ ബാഷ്പീകരണവേഗത കൂട്ടുന്നതു കൊണ്ടാണത്. കൂടുതൽ വേഗത്തിൽ



ബാഷ്പീകരണം നടന്നാൽ കൂടുതൽ വേഗത്തിൽ ശരീരതാപവും കുറയും. വിയർപ്പുഗ്രന്ഥികൾ താരതമ്യേന കുറവായ നായ പോലുള്ള ജീവികൾ, വായിലും പരിസരത്തുമുള്ള നനവുള്ള ഭാഗങ്ങളിലൂടെ ഇതുപോലെ ബാഷ്പീകരണം നടത്തുവാനായാണ് അണയ്ക്കുന്നത്.

ഇനിയാണ് മറ്റൊരു വില്ലൻ കടന്നുവരുന്നത് ആർദ്രത അഥവാ ഹ്യുമിഡിറ്റി. അന്തരീക്ഷത്തിലുള്ള ജലബാഷ്പത്തിന്റെ അളവാണത്. ശരീരത്തിൽ നിന്നും ബാഷ്പമായി മാറുന്ന വിയർപ്പ് അന്തരീക്ഷത്തിലേക്കാണല്ലോ ചെല്ലുന്നത്. ആ അന്തരീക്ഷത്തിൽ ജലബാഷ്പം കൂടുതലായിരുന്നാൽ വിയർപ്പ് ബാഷ്പമാകുന്ന നിരക്കും അതിനനുസരിച്ചു കുറയും. അതോടെ താപം ശരീരത്തിനു പുറത്തേക്കു കളയുന്നതും പതിയെ ആകുമെന്ന് പറയേണ്ടല്ലോ. അതുകൊണ്ട് പുറത്ത് താപനില കുറവായിരുന്നാൽ പോലും ഹ്യുമിഡിറ്റി കൂടിയിരുന്നാൽ നമുക്ക് താപനിലയും കൂടുതലായി അനുഭവപ്പെടും. നമുക്ക് ‘അനുഭവപ്പെടുന്ന താപനില’ പറയുവാനായി പൊതുവേ ഹീറ്റ് ഇൻഡക്സ് (heat index) എന്ന സൂചകമാണ് ഉപയോഗിക്കുന്നത്. അന്തരീക്ഷതാപനിലയെയും ആപേക്ഷിക ആർദ്രതയെയും (relative humidtiy) ചേർത്ത്

| ...ve ...ity | temperature (°C) | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 27 | 28 | 29 | 30 | 31 | 32 | 33 | 34 | 35 | 36 | 37 | 38 | 39 | 40 | 41 | 42 | 43 |
| 40 | 27 | 28 | 29 | 30 | 31 | 32 | 34 | 35 | 37 | 39 | 41 | 43 | 46 | 48 | 51 | 54 | 57 |
| 45 | 27 | 28 | 29 | 30 | 32 | 33 | 35 | 37 | 39 | 41 | 43 | 46 | 49 | 51 | 54 | 57 | |
| 50 | 27 | 28 | 30 | 31 | 33 | 34 | 36 | 38 | 41 | 43 | 46 | 49 | 52 | 55 | 58 | | |
| 55 | 28 | 29 | 30 | 32 | 34 | 36 | 38 | 40 | 43 | 46 | 48 | 52 | 55 | 59 | | | |
| 60 | 28 | 29 | 31 | 33 | 35 | 37 | 40 | 42 | 45 | 48 | 51 | 55 | 59 | | | | |
| 65 | 28 | 30 | 32 | 34 | 36 | 39 | 41 | 44 | 48 | 51 | 55 | 59 | | | | | |
| 70 | 29 | 31 | 33 | 35 | 38 | 40 | 43 | 47 | 50 | 54 | 58 | | | | | | |
| 75 | 29 | 31 | 34 | 36 | 39 | 42 | 46 | 49 | 53 | 58 | | | | | | | |
| 80 | 30 | 32 | 35 | 38 | 41 | 44 | 48 | 52 | 57 | | | | | | | | |
| 85 | 30 | 33 | 36 | 39 | 43 | 47 | 51 | 55 | | | | | | | | | |
| 90 | 31 | 34 | 37 | 41 | 45 | 49 | 54 | | | | | | | | | | |
| 95 | 31 | 35 | 38 | 42 | 47 | 51 | 57 | | | | | | | | | | |
| 100 | 32 | 36 | 40 | 44 | 49 | 54 | | | | | | | | | | | |

Caution
Extreme Caution
Danger
Extreme Danger



ഒരു സമവാക്യം വഴി ബന്ധിപ്പിച്ചാണ് ഇതു കണക്കാക്കുന്നത്. ഉദാഹരണത്തിന് ഒരു ദിവസം തിരുവനന്തപുരത്തെ താപനില 31 ഡിഗ്രി സെൽഷ്യസും ആപേക്ഷിക ആർദ്രത 66% ഉം ആണെന്നു കരുതുക. ഈ സാഹചര്യത്തിൽ ഇവിടത്തെ ഹീറ്റ് ഇൻഡക്സ് 36.4 ഡിഗ്രി ആണ് എന്ന് സമവാക്യം വഴി നമുക്ക് കണക്കുകൂട്ടാൻ സാധിക്കും. അതായത്, അത് ഏതാണ്ട് നമ്മുടെ ശരീരതാപനിലയോട് അടുത്തെത്തിക്കഴിഞ്ഞു. അതുകൊണ്ട് തന്നെ നമുക്ക് അന്തരീക്ഷത്തിലെ 31 ഡിഗ്രി 'തണുപ്പ്' ആയിട്ട് അനുഭവപ്പെടില്ല. ഇനി ഇവിടെ ആപേക്ഷിക ആർദ്രത 80% ആയിരുന്നെങ്കിൽ (ചില മാസങ്ങളിൽ അവിടെ 90 വരെയൊക്കെ ഉയർന്നിട്ടുണ്ട്.) ഹീറ്റ്ഇൻഡക്സ് ഏതാണ്ട് 41 ഡിഗ്രി ആയി മാറിയേനെ. അത് നമുക്ക് നല്ല ചൂടുള്ള കാലാവസ്ഥയായി അനുഭവപ്പെടും. പക്ഷേ അതേ സമയം നമ്മൾ 31 ഡിഗ്രി ചൂടുള്ള വെള്ളത്തിൽ തൊട്ടെന്നിരിക്കട്ടെ. നമുക്കത് 'തണുത്ത' വെള്ളമായിത്തന്നെ അനുഭവപ്പെടും. കാരണം 37 ഡിഗ്രി ചൂടുള്ള ശരീരത്തിൽ നിന്നും ആ വെള്ളത്തിലേക്ക് നേരിട്ട് താപം പ്രവഹിക്കും, നമ്മുടെ വിരലറ്റം തണുക്കും.

ഇവിടെ മറ്റൊരു കാര്യം കൂടി പറയാം. നല്ല ചൂടുള്ള ചില ദിവസങ്ങളിൽ ചെറിയൊരു മഴ പെയ്താൽ എന്ത് സംഭവിക്കും? മഴയല്ലേ, തണുക്കും എന്നു നമ്മൾ കരുതും. പക്ഷേ പിന്നീട് ചൂട് കൂടുന്നതായിട്ടായിരിക്കും അനുഭവം, അല്ലേ? എന്താണവിടെ സംഭവിക്കുന്നത്? താഴെ വീഴുന്ന മഴവെള്ളം ചൂടുപിടിച്ച മണ്ണിൽ വീഴുമ്പോൾ നീരാവിയായി വീണ്ടും അന്തരീക്ഷത്തിലെത്തും. അപ്പോൾ ആർദ്രതയും കൂടും. പിന്നെ പറയണോ? എന്നാൽ വലിയ മഴ പെയ്താൽ ആ വെള്ളം മൊത്തം നീരാവിയാക്കാൻ മണ്ണിലെ ചൂട് പോരാതെ വരും. പകരം മണ്ണ് തണുക്കുകയാവും ചെയ്യുക. അപ്പോൾ നമുക്ക് ചൂട് കുറഞ്ഞതായി അനുഭവപ്പെടും.

താപനിലയും ആർദ്രതയും അറിയാമെങ്കിൽ ഹീറ്റ് ഇൻഡക്സ് അറിയാൻ ഇവിടെ കൊടുത്തിരിക്കുന്ന ചാർട്ട് ഉപയോഗിക്കാം. ഇടത്തേ വശത്തെ കോളത്തിൽ നമ്മുടെ സ്ഥലത്തെ ആപേക്ഷിക ആർദ്രതയും മുകളിലത്തെ വരിയിൽ അവിടത്തെ താപനിലയും കണ്ടുപിടിച്ചിട്ട് അവ തമ്മിൽ ചേരുമ്പോഴുള്ള ഹീറ്റ് ഇൻഡക്സ് പട്ടികയിൽ നിന്നും മനസിലാക്കിയെടുക്കൂ.

അപ്പോൾ പറഞ്ഞുവന്നത്, ഒരു സ്ഥലത്തെ കാലാവസ്ഥ ചോദിക്കുമ്പോൾ താപനിലയോടൊപ്പം തന്നെ അവിടത്തെ ആപേക്ഷികആർദ്രത കൂടി ശ്രദ്ധിക്കണം കേട്ടോ. ഇല്ലെങ്കിൽ ചിലപ്പോൾ കമ്പിളി വസ്ത്രവും ധരിച്ച് അസഹ്യമായ ചൂടിലായിരിക്കും നമ്മൾ ചെന്നിറങ്ങുന്നത്. പെട്ടുപോകും എന്ന് പറയണ്ടല്ലോ.


സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
ഇതാ കണ്ടോ ഇവന്റെ പ്രോഗ്രസ് കാർഡ്. എല്ലാത്തിനും കഷ്ടി പാസ്സായെന്നേ ഉള്ളൂ...
സാരമില്ലെന്നേ... അവൻ എൽ കെ ജി യിലല്ലേ എത്തിയുള്ളൂ.......
എൽ കെ ജി! ഇപ്പഴേ വല്ല 'മിമിക്രി'യും മറ്റും പഠിപ്പിച്ചോളാനാ കണക്ക് മാഷ് പറഞ്ഞേ!
പണ്ട് തൂമ്പാപ്പണിക്കു പോകുന്നതാ നല്ലത് എന്നു പറയുമായിരുന്നു. ഇപ്പോൾ 'മിമിക്രി'....!
എന്താണച്ഛാ ഈ 'മിമിക്രി'?
അത് ബുദ്ധിയുള്ളവരുടെ ഒരു കലാരൂപമാണ് മോനേ.. ഗ്രേസ് മാർക്കിനും മറ്റുമായി ചിലർ അതിനെ കൊലചെയ്യുന്നു...!

കഥ

# ഫെലൂദയുടെ സാഹസങ്ങൾ

സത്യജിത് റായ്
പുനരാഖ്യാനം - എം ചന്ദ്രപ്രകാശ്

## ഒരു രത്നത്തിന്റെ കഥ

മൂന്ന്

പിറ്റേന്നു ഞായറാഴ്ച യായിരുന്നു. പ്രഭാതഭക്ഷണം കഴിഞ്ഞ് ഫെലൂദ കുറച്ചുനേരം എന്തോ വായിച്ചുകൊണ്ടി രുന്നു. പിന്നീട് പുസ്തകം മടക്കിവെച്ചു മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കാൻ തുടങ്ങി. ഉച്ചയ്ക്കു ഭക്ഷണം കഴിക്കുന്നതുവരെ അതു തുടർന്നു. ഭക്ഷണം കഴിച്ച് അല്പസമയം മയങ്ങി. ഏകദേശം നാലു മണിയായപ്പോൾ ഫെലൂദ പുറത്തേക്കിറങ്ങാൻ തയ്യാറെടുത്തു.

‘‘താങ്കൾ പുറത്തു പോവുകയാണോ?’’ ഞാൻ ചോദിച്ചു.

‘‘അതെ വിക്ടോറിയ മെമ്മോറിയൽ വരെ പോകുന്നു. നീ വരുന്നോ?’’

‘‘പിന്നെന്താ... ഞാനും വരാം.’’ ഫെലൂദയുടെ കൂടെ പുറത്തിറങ്ങാനുള്ള അവസരങ്ങളൊന്നും ഞാൻ പാഴാക്കാറില്ല.

ഞങ്ങൾ ഒരു കുതിര വണ്ടിയിൽ കയറി ലോവർ സർക്കുലർ റോഡിലെ കവലയിലിറങ്ങി. അവിടെ നിന്നും പതുക്കെ വിക്ടോറിയ മെമ്മോറിയലിന്റെ സൗത്ത്





വര: ടി ആർ രാജേഷ്

ഗേറ്റിലേക്കു നടന്നു. സൗത്ത് ഗേറ്റിൽ അധികമാരും ഉണ്ടായിരുന്നില്ല. വൈകുന്നേരങ്ങളിൽ കൂടുതലാളുകളും നോർത്ത് ഗേറ്റിലേക്കാണു പോകാറ്. ഞങ്ങൾ ഗേറ്റിലൂടെ പതുക്കെ ഉള്ളിൽ കടന്നു. ഏതാണ്ട് ഇരുപതു ചുവടുകൾക്കപ്പുറം നിറയെ ലില്ലിച്ചെടികൾ വളർന്നു നിൽക്കുന്നു. അതിലെ ആദ്യത്തെ നിരയിൽ നിൽക്കുന്ന ചെടികൾക്കിടയിലെ പൊത്തിലാണ് നാളെ രത്നം വയ്ക്കേണ്ടത്. നിരന്നുനിൽക്കുന്ന ലില്ലിപ്പൂക്കളുടെ കാഴ്ച നയനാനന്ദകരമായിരുന്നുവെങ്കിലും എന്നിൽ അതു ഭീതി വളർത്തി.

''തപേഷ്, നിന്റെ അച്ഛന്റെ കൈവശം ബൈനോക്കുലർ ഉണ്ടോ?''

''ഉണ്ട്.''

''അതു നന്നായി.''

പതിനഞ്ചുമിനിറ്റോളം ഞങ്ങൾ അവിടെയെല്ലാം ചുറ്റിക്കറങ്ങി. ഫെലൂദയ്ക്കു പെട്ടെന്ന് ഒരു സിനിമ കാണണമെന്നു തോന്നിയതുകൊണ്ട് ഞങ്ങൾ ടാക്സി പിടിച്ചു ലൈറ്റ്ഹൗസ് തിയേറ്ററിലേക്കുപോയി. എന്നാൽ തിയേറ്ററിനു മുമ്പിൽ ഇറങ്ങിയപ്പോൾ ഫെലൂദ എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് എതിർവശത്തെ ഒരു ബുക്ക് സ്റ്റാളിനെ ലക്ഷ്യമാക്കി നടന്നു. അവിടെയുള്ള ഒന്നുരണ്ട് പുസ്തകങ്ങൾ എടുത്ത് മറിച്ചുനോക്കിയതിനുശേഷം അദ്ദേഹം ഒരു സ്റ്റാമ്പ് കാറ്റലോഗ് കൈയിലെടുത്തു. അതിലെ പേജുകൾ മറിച്ചുനോക്കി...

''താങ്കൾക്ക് ഈ കേസിൽ അബനീഷ്ബാബുവിനെ സംശയമുണ്ടോ?'' ഞാൻ ചോദിച്ചു.

''ഉണ്ട്. ഇപ്പോൾ പണത്തിനാവശ്യമുള്ള ഒരേ ഒരാൾ അയാൾ അല്ലേ?''

''പക്ഷേ, ഫോൺകോൾ വന്നപ്പോൾ അബനീഷ് ചൗധരിയുടെ വീട്ടിലായിരുന്നുവല്ലോ? ഇതിന്റെ പിന്നിൽ അയാളല്ലെന്ന് എനിക്കുറപ്പുണ്ട്?'' ഞാൻ മനസ്സിലുള്ളതു തുറന്നു പറഞ്ഞു.

''പിന്നെ ഇതൊക്കെ ചെയ്തത് അക്ബർബാദ് ഷായോ വിക്ടോറിയ രാജ്ഞിയോ ആയിരിക്കും.'' ഫെലൂദയുടെ മൂഡ് ഒട്ടും ശരിയല്ലെന്ന് എനിക്കു മനസ്സിലായി. അതുകൊണ്ട് കൂടുതലൊന്നും ചോദിക്കാൻ ഞാൻ തുനിഞ്ഞില്ല.

എട്ടുമണിക്ക് ഞങ്ങൾ വീട്ടിൽ തിരിച്ചെത്തി. ഫെലൂദ ജാക്കറ്റ് ഊരി കിടക്കയിലേക്കെറിഞ്ഞുകൊണ്ടുപറഞ്ഞു, ''നീ ആ ടെലിഫോൺ ഡയറക്ടറിയെടുത്തു കൈലാസ് ചൗധരിയുടെ ഫോൺനമ്പർ കണ്ടുപിടിക്കൂ. കുളികഴിഞ്ഞ് ഞാനിപ്പോ വരാം.''

ഡയറക്ടറിയെടുത്ത് ഞാൻ ടെലിഫോൺനമ്പർ തിരയാൻ തുടങ്ങിയതും ഫോൺ ശബ്ദിച്ചു. ഒരു ഞെട്ടലോടെ ഞാനതെടുത്തു.

''ഹലോ'', എന്റെ സ്വരത്തിൽ ചെറിയ വിറയലുണ്ടായിരുന്നു. ''ആരാണു സംസാരിക്കുന്നത്?'' മറുതലയ്ക്കൽ നിന്നുവന്നതു വിചിത്രമായ ശബ്ദമായിരുന്നു. ഞാൻ മുമ്പൊന്നും ഇത്തരമൊരു സ്വരം കേട്ടിരുന്നില്ല.

''ആരെയാണു വേണ്ടത്?'' ഞാൻ സർവ്വധൈര്യവും സംഭരിച്ചു ചോദിച്ചു.

''എടാ.... പീക്കിരി പയ്യനായ നീ എന്തിനാണ് ഒരു കുറ്റാന്വേഷകന്റെ വാലായി നടക്കുന്നത്? നിനക്കു ജീവനിൽ കൊതിയില്ലേ? നിന്റെ ബോസില്ലേ, മിത്തർ.... അയാളോടു കൂടി പറയുകയാണ്... ഈ കേസുമായി മുന്നോട്ടു പോകാനാണു ഭാവമെങ്കിൽ പീറച്ചെറുക്കാ, നിങ്ങൾ രണ്ടു പേരുടെയും കഥ കഴിയും! മനസ്സിലായോ? അത്രയും പറഞ്ഞ് ഭീകരമായ ഒരു അട്ടഹാസത്തോടെ അയാൾ ടെലിഫോൺവെച്ചു. ഞാൻ ശരിക്കും ഭയന്നുപോയി. കാൽമുട്ടുകൾ കൂട്ടിയടിക്കാൻ തുടങ്ങിയിരുന്നു. ഫെലൂദയെ വിളിക്കാൻ ശ്രമിച്ചുവെങ്കിലും ശബ്ദം പുറത്തുവന്നില്ല.

അനങ്ങാൻ കഴിയാതെ ഞാൻ കസേരയിൽ തന്നെ ഇരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ കുളികഴിഞ്ഞ് ഫെലൂദ മുറിയിലേക്കു വന്നു.

''എന്താ ... എന്താ തപേഷ്... എന്തുണ്ടായി? നീ വല്ലാതെ വിയർക്കുന്നുണ്ടല്ലോ! ആരാണ് ഫോണിൽ വിളിച്ചത്?'' ഫെലൂദ ചോദിച്ചു.

വിറയൽ അല്പം മാറിയപ്പോൾ നടന്നതെല്ലാം ഞാൻ തപേഷിനോടു പറഞ്ഞു. അദ്ദേഹത്തിന്റെ മുഖത്തു ഗൗരവം നിറഞ്ഞു. ആശ്വസി

**ഞങ്ങൾ ഗേറ്റിലൂടെ പതുക്കെ ഉള്ളിൽകടന്നു. ഏതാണ്ട് ഇരുപതു ചുവടുകൾക്കപ്പുറം നിറയെ ലില്ലിച്ചെടികൾ വളർന്നുനിൽക്കുന്നു. അതിലെ ആദ്യത്തെ നിരയിൽ നിൽക്കുന്ന ചെടികൾക്കിടയിലെ പൊത്തിലാണ് നാളെ രത്നം വയ്ക്കേണ്ടത്. നിരന്നുനിൽക്കുന്ന ലില്ലിപ്പൂക്കളുടെ കാഴ്ച നയനാന്ദകരമായിരുന്നുവെങ്കിലും എന്നിൽ അതു ഭീതി വളർത്തി.**

പ്പിക്കാനെന്നവണ്ണം എന്റെ തോളിൽ തട്ടി ഫെലൂദ പറഞ്ഞു:” നീ പേടിക്കണ്ട. ഞാൻ പോലീസിനെ വിവരം അറിയിച്ചിട്ടുണ്ട്. നാളെ നമ്മൾ അവിടെ എത്തുന്ന തിനുമുമ്പുതന്നെ അവർ അവിടെ ഉണ്ടാകും..”

ഫെലൂദയുടെ ആത്മ വിശ്വാസം നിറഞ്ഞ വാക്കു കൾ കേട്ടപ്പോൾ എന്റെ ഭയം കടൽകടന്നു. എങ്കിലും രാത്രി ദുഃസ്വപ്നം പോലെ ആ ടെലിഫോൺശബ്ദവും അട്ടഹാസവും എന്റെ കാതിൽ മുഴങ്ങിക്കൊണ്ടി രുന്നു. മാത്രമല്ല ചൗധരി യുടെ വീട്ടിൽ ഇന്നലെ കണ്ട കാഴ്ചകളെല്ലാം എന്റെ മനസ്സിലേക്കു കടന്നുവരാൻ തുടങ്ങി... ഇരുമ്പഴികളുള്ള കോവണിപ്പടികൾ പാമ്പുകൾ പോലെ പുളയുന്നതായി അനുഭവപ്പെട്ടു. ചൗധരിയുടെ വൃദ്ധനായ അച്ഛന്റെ വലിഞ്ഞു മുറുകിയ മുഖം വലുതായി എന്നിലേക്കു പാഞ്ഞുവരുന്നതായി തോന്നി. എന്തിനായിരിക്കും അയാൾ ചൗധരിയെ ഇത്ര ഭയത്തോടെ തുറിച്ചു നോക്കി യത്? കൈലാസ് ചൗധരി തോക്കുമായി രാത്രി അസമ യത്തു മച്ചിലേക്കു പോയതെ ന്തിനാണ്? വിചിത്രമായ എന്തു ശബ്ദമാണ് അയാൾ മച്ചിൽ കേട്ടത്? ഉത്തരം കിട്ടാത്ത ഇത്തരം അനവധി ചോദ്യങ്ങൾ എന്റെ ഉറക്കം കെടുത്തി.

എങ്കിലും കിടക്കാൻ പോകുന്നതിനുമുമ്പ് ഫെലൂദ പറഞ്ഞ വാക്കുകൾ എനിക്കു ആശ്വാസമായി.

“തപേഷ്, നിനക്കറി യാമോ? ഊമക്കത്തുകൾ അയയ്ക്കുന്നതും ഫോണിൽ ക്കൂടി ഭീഷണിപ്പെടുത്തുന്നതും ഭീരുക്കളാണ്!”

ആ വാക്കുകളുടെ സാന്ത്വ നത്തിൽ ഞാൻ ഉറങ്ങി. പിറ്റേന്നു രാവിലെ ഫെലൂദ കൈലാസ് ചൗധരിയെ വിളിച്ച് ശാന്തനായിരിക്കാൻ പറഞ്ഞു: “എപ്പോഴാണ് താങ്കൾ വിക്ടോറിയ മെമ്മോ റിയലിൽ പോകുന്നത്?” ഞാൻ ഫെലൂദയോടു ചോദിച്ചു.

“നമ്മൾ ഇന്നലെ പോയ അതേ നേരത്ത്!”

“നിന്റെ കൈയിൽ ഡ്രോയിംഗ് ബുക്ക് ഉണ്ടോ?”

“അതെന്തിനാ?” ഞാൻ ചോദിച്ചു.

“ചോദിച്ചതിന് ഉത്തരം പറയൂ... ഉണ്ടോ?”

“ഉണ്ട്. സ്കൂളിലെ ഡ്രോയിംഗ് ബുക്കാണ് അതു മതിയോ?”

“ഓ ധാരാളം... അതെടു ത്തോളൂ. നീ ചെയ്യേണ്ടത് ലില്ലിച്ചെടികളിൽ നിന്ന് കുറച്ചുമാറിനിന്ന് കുറച്ചു ചിത്രങ്ങൾ വരയ്ക്കണം. എന്താ? ഞാൻ നിന്റെ ഡ്രോയിംഗ് ടീച്ചർ ആയി രിക്കും!”

ചൗധരിയുടെ വൃദ്ധനായ അച്ഛന്റെ വലിഞ്ഞു മുറുകിയ മുഖം വലുതായി എന്നിലേക്കു പാഞ്ഞുവരുന്നതായി തോന്നി. എന്തിനായിരിക്കും അയാൾ ചൗധരിയെ ഇത്ര ഭയത്തോടെ തുറിച്ചു നോക്കിയത്? കൈലാസ് ചൗധരി തോക്കുമായി രാത്രി അസമയത്തു മച്ചിലേക്കു പോയതെന്തിനാണ്? വിചിത്രമായ എന്തു ശബ്ദമാണ് അയാൾ മച്ചിൽ കേട്ടത്? ഉത്തരം കിട്ടാത്ത ഇത്തരം അനവധി ചോദ്യങ്ങൾ എന്റെ ഉറക്കം കെടുത്തി.

ഫെലൂദ നന്നായി വരയ്ക്കും. ഏതായാലും ഡ്രോയിംഗ് മാഷുടെ വേഷം അദ്ദേഹത്തിന് നന്നായി ചേരും.

മഞ്ഞുകാലത്ത് പകലിനു ദൈർഘ്യം കുറവായതിനാൽ നാലു മണിയാകുന്നതിനു മുമ്പേ ഞങ്ങൾ വിക്ടോറിയ മെമ്മോറിയലിൽ എത്തി. അവിടെ അധികമാരും ഉണ്ടാ യിരുന്നില്ല. ചെറിയ കുഞ്ഞു ങ്ങളെ ഇരുത്തി ഓടിക്കുന്ന ചക്രവണ്ടികളുമായി രണ്ടു മൂന്നു നേപ്പാളി ആയമാർ അവിടെ നിൽക്കുന്നുണ്ടായി രുന്നു. മതിലിനടുത്തുള്ള മരത്തിൽ ചാരി രണ്ടുപേർ നിൽക്കുന്നു. അവർ പോലീ സിലുള്ള ഫെലൂദയുടെ ചങ്ങാതിമാർ ആയിരുന്നു. രണ്ടുപേരും സിവിൽഡ്രസ്സി ലായിരുന്നു.

എന്നാൽ അവരുടെ കൈയിൽ ആയുധങ്ങൾ ഉണ്ടായിരിക്കണം. ഫെലൂദയ്ക്കു പോലീസിൽ വലിയ സ്വാധീനമുണ്ട്.

ലില്ലിച്ചെടികൾക്ക് അഭി മുഖമായി നിന്ന് ഞാൻ ചിത്ര ങ്ങൾ വരയ്ക്കാൻ ആരംഭിച്ചു. ബൈനോക്കുലറുമായി ഫെലൂദ അവിടെയെല്ലാം ചുറ്റിനടന്നു. ഇടയ്ക്കിടെ എനിക്കരികിൽ വന്ന് എന്റെ ചില തെറ്റുകൾ തിരുത്തു കയും വഴക്കു പറയുകയും ചെയ്തു. പിന്നീട് അല്പ ദൂരം മാറിനിന്ന് ബൈനോ ക്കുലറിലൂടെ നിരീക്ഷണം തുടർന്നു.

സൂര്യൻ പതുക്കെ അസ്തമിച്ചു തുടങ്ങി. തൊട്ടടുത്തുള്ള പള്ളിയിൽ നിന്ന് അഞ്ചുമണിയുടെ അലാറം മുഴങ്ങി. വൈകു ന്നേരമായതിനാൽ റോഡിൽ നല്ല തിരക്കനുഭവപ്പെട്ടു. ബസ്സുകളുടെയും

കാറുകളുടെയും തുടരെ യുള്ള ഹോൺവിളി കേൾ ക്കാമായിരുന്നു. ഞാൻ ഫെലൂദയുടെ കൂടെ പുൽത്ത കിടിയിൽ ഇരിക്കാൻ തുടങ്ങി യപ്പോൾ റോഡരികിൽ ഷാൾ പുതച്ച് ഒരാൾ നിൽക്കുന്നതു കണ്ടു.

ഫെലൂദ ബൈനോക്കുല റിലൂടെ നോക്കി. പിന്നീട് അത് എനിക്കു തന്നിട്ടു പതുക്കെ പറഞ്ഞു: ''തപേഷ് അതാരെന്നു നോക്കൂ?''

''അവിടെ നിൽക്കുന്ന ആളെയാണോ ഉദ്ദേശിക്കു ന്നത്?'' റോഡിലേക്കു നോക്കി ഞാൻ ചോദിച്ചു.

''അതെ.'' ഫെലൂദ അക്ഷമനായി. ഞാൻ ബൈനോക്കുലറിലൂടെ അയാളെ കണ്ടു...

''ഹെന്ത് ... അത്... കൈലാസ് ചൗധരിയല്ലേ?''

''ശരിയാണ്. ഒരുപക്ഷേ അയാൾ നമ്മളെ അന്വേഷിച്ചു വന്നതാകാം. നമുക്ക് അങ്ങോട്ടു പോകാം...''

ഫെലൂദ പറഞ്ഞു.

ഞങ്ങൾ അടുത്തേക്കു നടന്നതും ചൗധരി അവിടെ നിന്ന് അതിവേഗം നടന്ന കന്നു. ഗേറ്റിനു വെളിയിൽ ചെന്നപ്പോൾ അവിടെ യൊന്നും അയാളെ കണ്ടില്ല.

''നമുക്ക് അദ്ദേഹത്തിന്റെ വീട്ടിലേക്കു പോകാം. നമ്മളെ ഒരുപക്ഷേ ചൗധരി കണ്ടുകാണില്ല. പരിഭ്രമിച്ചാ യിരിക്കും അയാൾ മടങ്ങിയത്...''

ഫെലൂദ പറഞ്ഞു.

കുറച്ചുനേരം ടാക്സി കാത്തുനിന്നെങ്കിലും ഒരു വാഹനവും ആ വഴി വന്നില്ല. ചൗരങ്കിവരെ നടക്കാൻ ഞങ്ങൾ തീരുമാനിച്ചു. അവിടെ നിന്നും കുതിരവണ്ടി കിട്ടും. കൽക്കത്ത ക്ലബ്ബിനടു ത്തെത്തിയപ്പോഴാണ് അപ്ര



തീക്ഷിതമായി ആ സംഭവമു ണ്ടായത്. അതേക്കുറിച്ചോർ ക്കുമ്പോൾ ഞാൻ ഭയം കൊണ്ടു കിടുങ്ങിപ്പോകുന്നു.

ഫെലൂദയ്ക്കൊപ്പം റോഡിന്റെ ഓരംചേർന്നു നടക്കുകയായിരുന്നു ഞാൻ. കണ്ണടച്ചുതുറക്കുന്ന ഒരു നിമിഷത്തിന്റെ ചെറിയ ഇടവേളയിൽ ഫെലൂദ എന്നെ റോഡിന്റെ വലതുവശ ത്തേക്കു ശക്തിയായി വലിച്ചു മാറ്റി. അതേ നിമിഷത്തിൽ ഫെലൂദയും ചാടിമാറി!

ആ വഴി അതിവേഗത യിൽ ചീറിപ്പാഞ്ഞുവന്ന ഒരു അംബാസിഡർ കാറിൽ നിന്നും ഞങ്ങൾ അതിസാഹസികമായി രക്ഷ പ്പെട്ടു എന്നു പറഞ്ഞാൽ മതിയല്ലോ!

''സാത്താന്റെ മോൻ! നമ്മളെ ഇപ്പോ ഇടിച്ചു കൊന്നേനെ... നമ്പരും ശ്രദ്ധി ക്കാനൊത്തില്ല... കൊല്ലാൻ തന്നെ വന്നതാ...'' ഫെലൂദ കിതച്ചു കൊണ്ടു പറഞ്ഞു.

ഈ തിരക്കിനിടയിൽ എവിടെനിന്നു വന്നതാവാം ആ കാർ? ഞാൻ വഴിയരി കിൽ വീണുപോയിരുന്നു. എന്റെ കൈയിലുണ്ടായി രുന്ന ഡ്രോയിംഗ് ബുക്കും കളർപ്പെൻസിലുകളും ദൂരെ തെറിച്ചുപോയിരുന്നു!

അതൊന്നും കൂട്ടാക്കാതെ

ഞാൻ വേഗം എഴുന്നേറ്റു. കാലനായി വന്ന ആ കാർ ഫെലൂദ കണ്ടില്ലായിരുന്നെങ്കിൽ ഞങ്ങളുടെ കഥ തീർന്നേനെ!

കുതിരവണ്ടിയിൽ കയറിയശേഷം ഫെലൂദ ഒന്നും സംസാരിച്ചില്ല. അദ്ദേഹത്തിന്റെ മുഖം മ്ലാനവും സംഘർഷഭരിതവുമായിരുന്നു. ചൗധരിയുടെ വീടെത്തിയപ്പോൾ ഫെലൂദ പഴയ രീതിയിൽ ആയിക്കഴിഞ്ഞിരുന്നു. സ്വീകരണമുറിയിൽ ഇരിക്കുകയായിരുന്നു ചൗധരി. അപ്രതീക്ഷിതമായ ഞങ്ങളുടെ വരവ് അയാളെ അമ്പരപ്പിച്ചു.

''താങ്കൾ ഞങ്ങളെ കണ്ടിട്ടും മാറികളഞ്ഞതെന്താ?'' ഫെലൂദ ചോദിച്ചു

''കണ്ടെന്നോ? നിങ്ങളെന്താ പറയുന്നേ?''

''അപ്പോൾ വിക്ടോറിയ മെമ്മോറിയലിൽ താങ്കൾ വന്നില്ല എന്നാണോ പറയുന്നത്?''

''ആരുടെ കാര്യമാണ് നിങ്ങളീ പറയുന്നത്?''

''ഞാനിന്ന് വീട്ടിൽ നിന്ന് പുറത്തിറങ്ങിയിട്ടില്ല. ഉച്ചകഴിഞ്ഞ് മുഴുവൻ സമയവും ഞാൻ മുകളിലെ എന്റെ കിടപ്പു മുറിയിലായിരുന്നു... ദാ ഇപ്പോൾ ഇറങ്ങിവന്നതേയുള്ളൂ....''

''ഓ അതു ശരി... ക്ഷമിക്കണം...മിസ്റ്റർ ചൗധരി, താങ്കൾക്കു ഇരട്ടസഹോദരനുണ്ടോ?''

''ഈശ്വരാ... ഞാനതു താങ്കളോടു പറഞ്ഞിരുന്നില്ല, അല്ലേ?''

''ഇല്ല പറയൂ.''

''എനിക്കൊരു ഇരട്ട സഹോദരനുണ്ട്...കേദാർ...'' ഫെലൂദ പെട്ടെന്ന് ഇരുന്നു. ചൗധരിയുടെ മുഖത്തു വിവിധ ഭാവങ്ങൾ മിന്നി മറഞ്ഞു.

''പറയൂ... മിസ്റ്റർ മിത്തർ, താങ്കൾ കേദാറിനെ കണ്ടോ? അവൻ അവിടെ വന്നോ?''

ചൗധരി ആകാംക്ഷയോടെ ചോദിച്ചു.

''അതെ. അത് അയാൾ തന്നെയായിരിക്കും?''

''ഓ മൈ ഗോഡ്!''

''താങ്കൾ എന്തിനാ പേടിക്കുന്നത്? ആ രത്നം താങ്കളുടെ സഹോദരനു കൂടി അവകാശപ്പെട്ടതല്ലേ?''

ചൗധരിക്കു തന്റെ കരുത്തെല്ലാം ചോർന്നുപോകുന്നതായി അനുഭവപ്പെട്ടു. അയാൾ സോഫയിലേക്കു ചാരിയിരുന്നുകൊണ്ട് പറഞ്ഞു: ''ശരിയാണ്, അവനും കൂടി അവകാശപ്പെട്ടതാണ്.''

''രത്നം ആദ്യം കണ്ടതും അവൻ തന്നെ.''

''പിന്നെന്തുണ്ടായി?''

വീണ്ടും വീണ്ടും ചോദിച്ചും ശല്യപ്പെടുത്തിയും





ഞാനത് അവനിൽ നിന്നു കൈക്കലാക്കി. നോക്കൂ, മിസ്റ്റർ മിത്തർ, കേദാറിന് നല്ലതുവരണം എന്നു വിചാരിച്ചാണ് അങ്ങനെ ചെയ്തത്... അവൻ ധൂർത്തനും ധാരാളിയുമാണ്. രത്നം വിറ്റു പണം മുഴുവൻ നശിപ്പിച്ചുകളയുമെന്ന് ഞാൻ ഭയന്നു.

രത്നത്തിന്റെ ശരിക്കുള്ള വില ഞാനവനിൽനിന്നു മറച്ചുവെച്ചു. നേരുപറഞ്ഞാൽ അവൻ ഇന്ത്യവിട്ടപ്പോൾ ഞാൻ ആശ്വസിച്ചു.

പക്ഷേ ഇപ്പോൾ...

ചിലപ്പോൾ അവനു വിദേശത്തു നല്ല ജോലിയൊന്നും കിട്ടിക്കാണില്ല. രത്നം വിറ്റു

''അയാൾ വരുന്നതുവരെ ഞാൻ ഇവിടെ കഴിയുന്നതിൽ വിരോധമുണ്ടോ? താങ്കൾക്കതു സഹായമാവുകയും ചെയ്യും.''

''വേണ്ട, വേണ്ട.. അതിന്റെ ആവശ്യമൊന്നുമില്ല. കേദാർ രത്നം ആവശ്യപ്പെടുകയാണെങ്കിൽ ഞാനതു കൊടുക്കാൻ തീരുമാനിച്ചു. അവൻ വരുന്നതുവരെ കാത്തിരുന്നാൽ മതിയല്ലോ? ജീവൻ പണയപ്പെടുത്തി താങ്കൾ എനിക്ക് ഒരുപാടു സഹായങ്ങൾ ചെയ്തുതന്നിട്ടുണ്ട്. അതിനെല്ലാം ഞാൻ നന്ദിയുള്ളവനാണ്. താങ്കളുടെ ബിൽ എനിക്കയച്ചുതന്നാൽ പണം ചെക്കായി അയച്ചുതരാം...''

''വളരെ നന്ദി മിസ്റ്റർ

**ഫെലൂദ ചോദിച്ചു: "കേദാറിന്റെ അടുത്ത നീക്കമെന്തായിരിക്കും?" "എന്തായാലും രത്നമന്വേഷിച്ച് അവൻ ഇവിടെ വരുമെന്ന് എനിക്കുറപ്പുണ്ട്. ഞാനിപ്പോൾ ഈ വീട്ടിൽനിന്ന് പുറത്തിറങ്ങാറില്ല. അവൻ ആവശ്യപ്പെട്ട സ്ഥലത്ത് രത്നം കൊണ്ടുവെച്ചുമില്ലല്ലോ.... അപ്പോൾ മറ്റുവഴിയൊന്നും അവന്റെ മുമ്പിലില്ല. രത്നം വേണമെങ്കിൽ ഇവിടെ വന്നേ മതിയാവൂ..."**

കിട്ടുന്ന പണം കൊണ്ടു എന്തെങ്കിലും ബിസ്സിനസ്സ് ചെയ്യാനായിരിക്കും അവന്റെ ലക്ഷ്യം...''

ഫെലൂദ കുറച്ചുനേരം ഒന്നും മിണ്ടിയില്ല. പിന്നീടു ചോദിച്ചു: ''കേദാറിന്റെ അടുത്ത നീക്കമെന്തായിരിക്കും?''

''എന്തായാലും രത്നമന്വേഷിച്ച് അവൻ ഇവിടെ വരുമെന്ന് എനിക്കുറപ്പുണ്ട്. ഞാനിപ്പോൾ ഈ വീട്ടിൽ നിന്ന് പുറത്തിറങ്ങാറില്ല. അവൻ ആവശ്യപ്പെട്ട സ്ഥലത്ത് രത്നം കൊണ്ടുവെച്ചുമില്ലല്ലോ.... അപ്പോൾ മറ്റുവഴിയൊന്നും അവന്റെ മുമ്പിലില്ല. രത്നം വേണമെങ്കിൽ ഇവിടെ വന്നേ മതിയാവൂ...''

ചൗധരി. അപകടത്തെക്കുറിച്ചു താങ്കൾ പറഞ്ഞത് വളരെ ശരിയാണ്. ഇന്നു ഞങ്ങളെ ഒരാൾ കാറിടിച്ചുകൊല്ലാൻ ശ്രമിച്ചു!'' എന്റെ കൈമുട്ടിൽ പരിക്കുപറ്റിയതു ഞാൻ ഫെലൂദയോടു പറഞ്ഞിരുന്നില്ല.

ചൗധരിയോടു യാത്ര പറഞ്ഞിറങ്ങാനായി എഴുന്നേറ്റപ്പോൾ ഫെലൂദ എന്റെ കൈമുട്ടിലെ പരിക്കുകണ്ടു. അതിൽ നിന്നു രക്തം ഒഴുകുന്നുണ്ടായിരുന്നു.

''ഏയ് തപേഷ്, നിന്റെ കൈമുട്ടിൽനിന്നും രക്തം വരുന്നുണ്ടല്ലോ. മിസ്റ്റർ ചൗധരി, ബുദ്ധിമുട്ടാവില്ലെങ്കിൽ തപേഷിന്റെ മുറിവിൽ പുരട്ടാൻ കുറച്ചു ഡെറ്റോൾ തരാമോ? ഇല്ലെങ്കിൽ അതു പഴുക്കാൻ സാധ്യതയുണ്ട്.''

''അതെ ... അതു ശരിയാണ്... റോഡിലെല്ലാം ചെളിയാണല്ലോ... ഞാൻ അബനീഷിനോടു ചോദിക്കട്ടെ.''

ചൗധരിയുടെ കൂടെ ഞങ്ങൾ അബനീഷിന്റെ മുറിയിലേക്കു പോയി.

''അബനീഷ്, ഇവിടെ ഡെറ്റോൾ ഇരിപ്പുണ്ടോ?'' ചൗധരി ചോദിച്ചു. അമ്മാവന്റെ ചോദ്യം കേട്ട് അബനീഷ് അയാളെ അത്ഭുതത്തോടെ നോക്കി.

''ഒരാഴ്ചയ്ക്കുമുമ്പല്ലേ അമ്മാവൻ പുതിയ ഒരെണ്ണം വാങ്ങിയത്? അതു തീർന്നെന്നു മാത്രം എന്നോടു പറയരുത്.'' അബനീഷ് പറഞ്ഞു.

''ഓ! ശരിയാണ്... എന്റെ ഒരു മറവി!'' ചൗധരി ഇളിഭ്യച്ചിരിയോടെ പറഞ്ഞു. തപേഷിന്റെ മുറിവിൽ ഡെറ്റോൾ പുരട്ടിയതിനുശേഷം ചൗധരിയോടു യാത്ര പറഞ്ഞു ഞങ്ങളിറങ്ങി. വീട്ടിലേക്കു പോകാൻ കുതിരവണ്ടി പിടിക്കുന്നതിനായി പ്രധാന റോഡിലേക്കു പോകുന്നതിനുപകരം ഫെലൂദ എതിർദിശയിലേക്കു നടന്നു.

''എന്റെ ചങ്ങാതി ഗണപതി ഇവിടെ അടുത്താണു താമസിക്കുന്നത്. നാളത്തെ ക്രിക്കറ്റുകളി കാണാൻ ഒരു ടിക്കറ്റു ശരിയാക്കണമെന്നു അവൻ പറഞ്ഞിരുന്നു. അവിടെവരെ ഒന്നു പോകണം...'' ഫെലൂദ പറഞ്ഞു.

ചൗധരിയുടെ വീട്ടിൽനിന്നും രണ്ടു വീട് അപ്പുറമാണ് ഗണപതി ചാറ്റർജിയുടെ വീട്. ഫെലൂദ പറഞ്ഞു കേട്ടിട്ടുള്ള തല്ലാതെ അയാളെ ഞാൻ കണ്ടിട്ടില്ല.

വാതിലിൽ മുട്ടിയപ്പോൾ നല്ല തടിയുള്ള ഒരാൾ വാതിൽ തുറന്നു. (തുടരും.)

# ദെക്കാർത്തെ കണ്ട സ്വപ്നം

ഡോ. ഡി രാജേന്ദ്രൻ

"ദൃഢവും ഇളകാത്തതുമായ ഒരു സ്ഥാനം ലഭിച്ചാൽ ആവശ്യത്തിനു നീളമുള്ള ഒരു ദണ്ഡു പയോഗിച്ച് ഞാൻ ഈ ഭൂമിയെ ഉയർത്താം."

നിങ്ങൾക്കറിയാം, ആർക്കിമിഡീസിന്റെ പ്രസിദ്ധമായ വാക്കുകളാണിവ.

"തീർച്ചയുള്ളതും ദൃഢവുമായ ഒരു ചെറിയ വസ്തു ലഭിച്ചാൽ വലിയ വലിയ കാര്യങ്ങൾ ചെയ്യാൻ എനിക്കും കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു." ഈ വാക്കുകൾ ആരുടേതാണെന്നു പറയാമോ? പ്രസിദ്ധ ഫ്രഞ്ചുഗണിതജ്ഞനായ റെനെ ദെക്കാർത്തയുടെ വാക്കുകളാണിവ.അദ്ദേഹത്തെ നമുക്കൊന്നു പരിചയപ്പെടാം.

ഗണിതം, ഭൗതികം, തത്വചിന്ത, ദർശനം തുടങ്ങിയ വിഷയങ്ങളിലെല്ലാം അടിസ്ഥാനപരമായ നിരവധി കണ്ടെത്തലുകൾക്കുടമയാണ് റെനെ ദെക്കാർത്തെ. ഫ്രാൻസിന്റെ മധ്യഭാഗത്ത് പ്രസിദ്ധ നഗരമായ ടുറേനിൽ ലാ ഹേയ് എന്ന പ്രദേശത്ത് ഒരു പ്രസിദ്ധപ്രഭുകുടുംബത്തിലായിരുന്നു റെനെ ജനിച്ചത്. 1956 മാർച്ചുമാസം 31-ാം തീയതി. യോവാക്കിം ദെക്കാർത്തെ എന്നായിരുന്നു പിതാവിന്റെ പേര്. ജെന്നി ബ്രോചാദ് ആയിരുന്നു മാതാവ്. ഈ ദമ്പതികളുടെ



മൂന്നു മക്കളിൽ മൂന്നാമനായിരുന്നു റെനെ. റെനെ ജനിച്ച് ഒരുവർഷം തികയുന്നതിനുമുമ്പുതന്നെ മാതാവ് ഇഹലോകവാസം വെടിഞ്ഞു.

മാതാവിന്റെ അനാരോഗ്യവും അകാലമരണവും റെനെയേയും ബാധിക്കാതിരുന്നില്ല. അങ്ങനെ അനാരോഗ്യം കാരണം വൈകിയായിരുന്നു റെനെ വിദ്യാഭ്യാസം ആരംഭിച്ചത്. പതിനൊന്നു വയസ്സു പൂർത്തിയാക്കിയ റെനെയെ ഫ്രാൻസിൽ റോയൽ കോളജിൽ ചേർത്തു. അവിടെ ചാർലറ്റ് എന്ന വൈദികനായിരുന്നു റെനെയുടെ ചുമതല ഏറ്റെടുത്തത്. റെനെയെ സംബന്ധിച്ചിടത്തോളം പാഠങ്ങൾ പഠിക്കാൻ കഴിയണമെങ്കിൽ അവനു മറ്റുകുട്ടികളെക്കാൾ

കൂടുതൽ വിശ്രമം ആവശ്യമാണെന്നു വൈദികൻ മനസ്സിലാക്കി. അങ്ങനെ മറ്റുകുട്ടികളൊക്കെ ഉണർന്നെഴുന്നേൽക്കുന്ന സമയത്ത് ഉണരാൻ റെനെയെ അദ്ദേഹം നിർബന്ധിച്ചില്ല. റെനെയെ സംബന്ധിച്ചിടത്തോളം ഇതൊരു ശീലമായി മാറി. പ്രഭാതത്തിൽ കിടക്കയിൽ കിടന്നു ചിന്തിക്കാനും സ്വപ്നംകാണാനും ലഭിച്ച ഈ അവസരങ്ങളാണ് പിൽക്കാലത്തു ഗണിതത്തിലും തത്വചിന്തയിലും നിരവധി നൂതന ആശയങ്ങൾക്കു ജന്മം നൽകാൻ റെനെയെ പ്രാപ്തനാക്കിയത്.

**പ്രഭാതത്തിൽ കിടക്കയിൽ പാതിമയക്കത്തിലായിരുന്ന റെനെ മച്ചിൽ ഒരു പ്രാണി ഇരിക്കുന്നതു കാണാനിടയായി. ഈ പ്രാണിയുടെ ചലനങ്ങളും ചേഷ്ടകളും റെനെ വളരെ കൗതുകത്തോടെ നിരീക്ഷിച്ചു. പ്രാണി ഇരുന്നത് എവിടെയായിരുന്നുവെന്നു മറ്റുള്ളവർക്ക് പിന്നീട് എങ്ങനെ പറഞ്ഞു കൊടുക്കാനാകും എന്ന് അദ്ദേഹം ചിന്തിച്ചു. രണ്ടു ഭിത്തികളിൽ നിന്നും എത്രമാത്രം അകലെയാണ് ഈ പ്രാണി ഇരുന്നതെന്നു പറയുക വഴി അതിന്റെ സ്ഥാനം മറ്റുള്ളവരെ ബോധിപ്പിക്കാനാകുമെന്ന് അദ്ദേഹം മനസ്സിലാക്കി.**

ഒരു ദിവസം പ്രഭാതത്തിൽ കിടക്കയിൽ പാതിമയക്കത്തിലായിരുന്ന റെനെ മച്ചിൽ ഒരു പ്രാണി ഇരിക്കുന്നതു കാണാനിടയായി. ഈ പ്രാണിയുടെ ചലനങ്ങളും ചേഷ്ടകളും റെനെ വളരെ കൗതുകത്തോടെ നിരീക്ഷിച്ചു. പ്രാണി ഇരുന്നത് എവിടെയായിരുന്നുവെന്നു മറ്റുള്ളവർക്കു പിന്നീട് എങ്ങനെ പറഞ്ഞു കൊടുക്കാനാകും എന്ന് അദ്ദേഹം ചിന്തിച്ചു.



ഏറ്റവും അടുത്തുള്ള രണ്ടു ഭിത്തികളിൽ നിന്നും എത്രമാത്രം അകലെയാണ് ഈ പ്രാണി ഇരുന്നതെന്നു പറയുക വഴി അതിന്റെ സ്ഥാനം മറ്റുള്ളവരെ ബോധിപ്പിക്കാനാകുമെന്ന് മനസ്സിലാക്കി. ഈ ദൂരം അദ്ദേഹം മനസ്സിൽ അള ന്നെടുത്തു. ഉറക്കമുണർന്ന റെനെ പ്രാണിയുടെ സ്ഥാനം ഒരു സംഖ്യാജോഡിയായി കുറിച്ചിട്ടു. പുലർന്നപ്പോൾ ഇക്കാര്യം മറ്റുള്ളവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. പ്രാണിയുടെ സ്ഥാനം ഒരു ബിന്ദുവായി പരിഗണിക്കുക. ബിന്ദുവിനെ സംഖ്യാജോഡിയായി രേഖപ്പെടുത്തുക. എന്തെ ളുപ്പം അല്ലേ. ഇതുമാത്രമല്ല തിരിച്ചും ചെയ്യാം. രണ്ടു ലംബരേഖകളെ അടിസ്ഥാന മാക്കി സംഖ്യാജോഡിയെ ഒരു ബിന്ദുവായി അടയാള പ്പെടുത്താനും റെനെയുടെ കണ്ടെത്തൽ വഴിതെളിച്ചു.

ശാസ്ത്രവിഷയങ്ങളിലും ശാസ്ത്രേതരവിഷയങ്ങളിലും ഇപ്പോൾ നമ്മൾ പ്രയോജന പ്പെടുത്തുന്ന ഗ്രാഫിന്റെ ആശയവും കൂടാതെ, വിശ്ലേഷകജ്യാമിതിയും (Analytical geometry) റെനെ യുടെ ഈ കണ്ടെത്തലിൽ നിന്നും ഉടലെടുത്തവയാണ്. സംഖ്യാജോഡികളെ ബിന്ദു ക്കളായി അടയാളപ്പെടുത്തി യശേഷം ഈ ബിന്ദുക്കളെ രേഖകൾകൊണ്ടു യോജിപ്പി ക്കുമ്പോഴാണല്ലോ ഗ്രാഫ് ലഭിക്കുന്നത്. സംഖ്യാജോഡി കളെ ചിത്രങ്ങളായി മാറ്റുക യാണ് ഗ്രാഫ് ചെയ്യുന്നത്. സംഖ്യകൾ തമ്മിലുള്ള ബന്ധത്തിനനുസരണമായി ഈ ചിത്രങ്ങൾ വിവിധ രൂപങ്ങൾ കൈക്കൊള്ളാനിട യാകും. അങ്ങനെ ഈ സംഖ്യാജോഡികൾ കാണുമ്പോൾ അറിയാത്ത പല പ്രത്യേകതകളും ഗ്രാഫിൽനിന്നും നമുക്കു മനസ്സിലാകും. ബിന്ദുക്കളെ



സംഖ്യാജോഡികളുമായി ബന്ധിപ്പിക്കുകവഴി ജ്യാമിതീയ ചിത്രങ്ങളെ ബീജഗണിതവാക്യങ്ങൾ കൊണ്ടു രേഖപ്പെടുത്താൻ സാധിച്ചു. വിശ്ലേഷകജ്യാമിതിയെന്ന ഗണിതശാഖയ്ക്ക് ഇതു വഴിതെളിച്ചു. ഇത്തരം സംഖ്യാജോഡികൾക്കു പിൽക്കാലത്തു ദെക്കാർത്തെയുടെ പേരുചേർത്തു Cartesian co-ordinates എന്ന പേരുണ്ടായി.

ദെക്കാർത്തയുടെ ആത്മകഥ ഉൾക്കൊള്ളുന്ന കൃതിയാണ് 'Discourse on method' എന്ന പേരിൽ അദ്ദേഹം തയ്യാറാക്കിയ പ്രബന്ധം. പ്രാണിയുടെ സ്ഥാനം സ്വപ്നം കണ്ട കഥ ഇതിൽ വിവരിക്കുന്നില്ല. എന്നിരുന്നാലും സ്വപ്നത്തിൽ അദ്ദേഹത്തിന്റെ പല വൈജ്ഞാനികചോദ്യങ്ങൾക്കും ഉത്തരം ലഭിച്ചതായി ഇതിൽ പറഞ്ഞിട്ടുണ്ട്. 'ഗണിതത്തെ ഞാൻ വളരെയധികം ഇഷ്ടപ്പെട്ടു. ഗണിതത്തിലെ നിശ്ചിതത്വവും ഒപ്പം അതിന്റെ സ്പഷ്ടതയുമായിരുന്നു ഈ വിഷയം ഇഷ്ടപ്പെടാൻ എന്നെ കൂടുതൽ പ്രേരിപ്പിച്ചത്. പാത നിർമ്മിക്കലും മറ്റു നിർമ്മാണ പ്രവർത്തനങ്ങളും കണക്കെ ബലമുള്ള അടിത്തറയിലാണ് ഗണിതസൗധം കെട്ടിപ്പടുത്തിയിരിക്കുന്നതെന്നു ഞാൻ വിശ്വസിച്ചു.' ഇതായിരുന്നു ഗണിതത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വാക്കുകൾ.

ദെക്കാർത്തെ ഒരു ഗണിതജ്ഞൻ മാത്രമായിരുന്നില്ല. ഭൗതികശാസ്ത്രത്തിലും തത്വചിന്തയിലും അദ്ദേഹത്തിന്റെ സംഭാവനകൾ വളരെ വിലപ്പെട്ടവയാണ്. 'ദൃഢവും ഇളകാത്തതുമായ ഒരു സ്ഥാനം ലഭിച്ചാൽ ആവശ്യത്തിനു നീളമുള്ള ഒരു ദണ്ഡുപയോഗിച്ചു താൻ ഈ ലോകത്തെ ഉയർത്തുമെന്ന് ആർക്കിമിഡീസ് പറയുകയുണ്ടായി. അതുപോലെ 'തീർച്ചയുള്ളതും ദൃഢവുമായ ഒരു ചെറിയ വസ്തു ലഭിച്ചാൽ വലിയ വലിയ കാര്യങ്ങൾ ചെയ്യാൻ എനിക്കും കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.' ഈ വാക്കുകൾ ശാസ്ത്രകാരൻ എന്ന നിലയിൽ ദെക്കാർത്തെയുടെ ആത്മവിശ്വാസത്തെയാണ് പ്രതിഫലിപ്പിക്കുന്നത്.

**ദെക്കാർത്തയുടെ ആത്മകഥ ഉൾക്കൊള്ളുന്ന കൃതിയാണ് 'Discourse on method' എന്ന പേരിൽ അദ്ദേഹം തയ്യാറാക്കിയ പ്രബന്ധം. പ്രാണിയുടെ സ്ഥാനം സ്വപ്നം കണ്ട കഥ ഇതിൽ വിവരിക്കുന്നില്ല. എന്നിരുന്നാലും സ്വപ്നത്തിൽ അദ്ദേഹത്തിന്റെ പല വൈജ്ഞാനിക ചോദ്യങ്ങൾക്കും ഉത്തരം ലഭിച്ചതായി ഇതിൽ പറഞ്ഞിട്ടുണ്ട്.**

റെനെയുടെ ചിന്താരീതി മറ്റു ശാസ്ത്രജ്ഞരുടേതിൽ നിന്നും തികച്ചും വേറിട്ടതായിരുന്നു. ശാസ്ത്രജ്ഞർ പൊതുവേ അവർക്കു മുമ്പു ജീവിച്ച ചിന്തകരുടെ ചുമലിൽ നിന്നു ലോകത്തെ നിരീക്ഷിക്കുകയാണല്ലോ ചെയ്യുന്നത്. ന്യൂട്ടന്റെ ഇത്തരത്തിലുള്ള വരികൾ പ്രസിദ്ധവുമാണ്. എന്നാൽ റെനെയുടെ രീതി ഇതായിരുന്നില്ല. 'സ്വയം ശരിയെന്നു ബോധ്യപ്പെടാതെ മറ്റുള്ളവരിൽനിന്നും ചെറുപ്പത്തിൽ കേട്ടറിഞ്ഞ അറിവുകളെ ആധാരശിലകളാക്കുന്നതിനേക്കാൾ സ്വന്തം അറിവുകളെ പുതുതായി ക്രമീകരിക്കുന്നതാണ് നല്ലത് എന്നെനിക്കു തോന്നി.' അദ്ദേഹത്തിന്റെ ആത്മകഥയിൽ ഇങ്ങനെ പറയുന്നു. സർവ്വശക്തനായ ഒരു ദൈവമുണ്ട് എന്ന് റെനെ വാദിച്ചിരുന്നു. 'ശരീരത്തിനു മാത്രമേ മരണമുള്ളൂ. മനുഷ്യാത്മാവിനു മരണമില്ല' എന്ന ഭാരതീയആശയം റെനെയുടെ ചിന്തകളിൽ തെളിഞ്ഞിരുന്നതായി അദ്ദേഹത്തിന്റെ ആത്മകഥയിൽ പറയുന്നു.

1649 ൽ റെനെ സ്വീഡനിലേക്കു ക്ഷണിക്കപ്പെട്ടു. അവിടെ രാജ്ഞിയെ ഗണിതം പഠിപ്പിക്കലായിരുന്നു അദ്ദേഹത്തിന്റെ ജോലി. കൃത്യാന്തര ബാഹുല്യം നിമിത്തം പ്രഭാതത്തിൽമാത്രമേ രാജ്ഞിക്കു ഗണിതപഠനത്തിനു സമയം ലഭിച്ചുള്ളൂ. ഇതു റെനെയുടെ ആരോഗ്യത്തെ തകർത്തു എന്നു പറയേണ്ടതില്ലല്ലോ. 1650 ഫെബ്രുവരി 11-ാം തീയതി സ്വീഡന്റെ തലസ്ഥാനമായ സ്റ്റോക്ഹോമിൽ വച്ച് അമ്പത്തിനാലാം വയസ്സിൽ റെനെയുടെ അന്ത്യം സംഭവിച്ചു. റെനെയെ അടക്കം ചെയ്തതും അവിടെയായിരുന്നു.

റെനെയുടെ മഹത്വം മനസ്സിലാക്കാൻ സ്വന്തം നാട്ടുകാർ പിന്നെയും വൈകി. കുറേക്കാലങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം ജന്മനാടായ ഫ്രാൻസിലേക്കു കൊണ്ടുവന്ന് പാരീസിൽ അടക്കംചെയ്തു.

പാരീസിലെ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിൽ ദെക്കാർത്തെയുടെ തലയോട്ടി ഇപ്പോഴും പ്രദർശിപ്പിച്ചിട്ടുണ്ട്.

# പ്രമേഹത്തെ അറിയാം, കീഴടക്കാം

ഡോ. ബി പത്മകുമാർ

നവംബർ 14 കുട്ടികൾക്കേറെ പ്രിയപ്പെട്ട ചാച്ചാജിയുടെ ജന്മദിനം. അന്ന് ശിശുദിനമായി നമ്മൾ ആചരിക്കുന്നു.

അന്നുതന്നെയാണ് ലോക പ്രമേഹദിനവും. പ്രമേഹരോഗത്തെക്കുറിച്ച് കൂടുതൽ അറിയാനും നിയന്ത്രിക്കാനുള്ള മാർഗങ്ങളെക്കുറിച്ച് ആലോചിക്കാനുമാണ് ഇങ്ങനെയൊരു ദിനം ആഗോളവ്യാപകമായി ആചരിക്കുന്നത്.

കൂട്ടുകാരുടെ പരിചയത്തിൽ ആർക്കെങ്കിലുമൊക്കെ പ്രമേഹം കാണും. വീട്ടുകാർക്കോ ബന്ധുക്കൾക്കോ ചിലപ്പോൾ സുഹൃത്തുക്കൾക്കോ ഡയബറ്റിസ് ഉണ്ടാകാനുള്ള സാധ്യതയേറെയാണ്. നമ്മുടെ നാട്ടിൽ പ്രമേഹരോഗികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. തെറ്റായ ഭക്ഷണരീതികളും മടിപിടിച്ച് ദേഹം അനങ്ങാതെയിരിക്കുന്നതും പൊണ്ണത്തടിയുമൊക്കെ ഭാവിയിൽ പ്രമേഹമുണ്ടാകാൻ കാരണമാകും.

## എന്താണു പ്രമേഹം?

രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവു കൂടുന്ന അവസ്ഥയാണ് പ്രമേഹം. നമ്മുടെ ശരീരത്തിലെ എല്ലാ കോശങ്ങളുടെയും പ്രവർത്തനത്തിനുള്ള ഇന്ധനമാണ് ഗ്ലൂക്കോസ്. എന്നാൽ ഗ്ലൂക്കോസ് അമിതമാകുമ്പോഴാണ് അതു രോഗമായി മാറുന്നത്. രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവിനെ നിയന്ത്രിക്കുന്നതു പാൻക്രിയാസ് ഗ്രന്ഥി ഉത്പാദിപ്പിക്കുന്ന ഹോർമോണായ ഇൻസുലിനാണ്. ഇൻസുലിന്റെ അഭാവവും പ്രവർത്തനശേഷികുറയുന്നതുമാണ് പ്രമേഹമുണ്ടാകാനുള്ള കാരണം.

പ്രമേഹത്തെപ്പറ്റി പറയുമ്പോൾ രണ്ട് അളവുകൾ നമ്മൾ പഠിച്ചുവയ്ക്കണം. രക്തത്തിലെ ഗ്ലൂക്കോസിന്റെ നോർമൽ അളവുകൾ. പ്രായപൂർത്തിയായ ആരോഗ്യമുള്ള ഒരു വ്യക്തിയിൽ ഭക്ഷണത്തിനുമുമ്പ് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് 100 മില്ലിഗ്രാം/ഡെസിലിറ്ററിൽ താഴെയായിരിക്കണം.



വര: ടി.ആർ. രാജേഷ്





*(അതായത് ഒരു ലിറ്റർ രക്തത്തിൽ ഒരു ഗ്രാം ഗ്ലൂക്കോസ്)* അതുപോലെതന്നെ ഭക്ഷണം കഴിച്ചതിനുശേഷം രക്തത്തിലെ ഷുഗറിന്റെ അളവ് 200 മില്ലിയിൽ താഴെയായിരിക്കണം. ഗ്ലൂക്കോസിന്റെ അളവുകൾ ഇതിലും കൂടുമ്പോഴാണ് പ്രമേഹമുണ്ടെന്നു പറയുന്നത്.

പ്രമേഹം രണ്ടുതരമുണ്ട്. ടൈപ്പ് ഒന്നും ടൈപ്പ് രണ്ടും. കുട്ടികളിൽ കാണുന്ന പ്രമേഹം ടൈപ്പ് ഒന്ന് ആണ്. ഇവരുടെ ശരീരത്തിൽ ഇൻസുലിൻ ഉത്പാദനം തീരെ ഉണ്ടാവുകയില്ല. പ്രായമേറിയവരിൽ കണ്ടുവരുന്നത് ടൈപ്പ് രണ്ട് പ്രമേഹമാണ്. ഇൻസുലിൻ ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും പ്രവർത്തനക്ഷമത കുറയുന്നതാണ് ടൈപ്പ് രണ്ട് പ്രമേഹകാരണം. നമ്മുടെ നാട്ടിൽ കണ്ടുവരുന്ന പ്രമേഹരോഗികളിൽ 90ശതമാനത്തിലേറെയാളുകൾക്കും ടൈപ്പ് രണ്ട് പ്രമേഹമാണുള്ളത്.

**പ്രമേഹവും രക്തത്തിലെ പഞ്ചസാരയുടെ അളവുമായി ബന്ധമുണ്ടെങ്കിലും ഒട്ടും മധുരിക്കുന്ന രോഗമല്ല പ്രമേഹം. കാരണം. ശ്രദ്ധയോടെ പ്രമേഹത്തെ നിയന്ത്രിച്ചില്ലെങ്കിൽ ശരീരത്തിലെ മറ്റ് അവയവങ്ങളെ ബാധിച്ച് പ്രവർത്തനത്തകരാറുണ്ടാക്കുവാൻ പ്രമേഹത്തിനു കഴിയും. കണ്ണിനെ ബാധിച്ച് അന്ധതയും വൃക്കകളെ ബാധിച്ച് വൃക്കസ്തംഭനത്തിനുമിടയാക്കാം. പ്രമേഹം ഹൃദയാരോഗ്യത്തെയും ദുർബലമാക്കാം. നാഡീഞരമ്പുകളെ ബാധിക്കുന്നതുകൊണ്ടാണ് കൈകാൽ മരവിപ്പിനും തരിപ്പിനുമൊക്കെ ഇടയാകുന്നത്.**

## എന്തൊക്കെയാണ് പ്രമേഹത്തിന്റെ ലക്ഷണങ്ങൾ?

ആരംഭദശയിൽ പ്രമേഹം ലക്ഷണങ്ങളൊന്നും കാണിച്ചെന്നുവരികയില്ല. യാദൃച്ഛികമായി നടത്തുന്ന ഒരു വൈദ്യപരിശോധനയിലായിരിക്കും പ്രമേഹമുണ്ടെന്നു കണ്ടെത്തുന്നത്. എന്നാൽ ചില പ്രത്യേക രോഗലക്ഷണങ്ങൾ പ്രമേഹത്തിന്റെ സവിശേഷലക്ഷണങ്ങളായി കണക്കാക്കാറുണ്ട്. അമിതമായ ദാഹം, അമിതവിശപ്പ്, അമിതമായി മൂത്രം പോവുക തുടങ്ങിയവയാണവ. നന്നായി ഭക്ഷണം കഴിച്ചാലും ശരീരം മെലിയുന്നതും പ്രമേഹം മൂലമാകാം. മുറിവുണ്ടായാൽ കരിയാൻ താമസിക്കുക, അമിതമായ ക്ഷീണം, ചർമത്തിലും മുഖത്തുമൊക്കെ തുടർച്ചയായി കുരുക്കൾ ഉണ്ടാവുക തുടങ്ങിയവയും പ്രമേഹ





സൂചനകളാണ്.

പ്രമേഹത്തിന്റെ ചികിത്സ പ്രധാനമായും മൂന്നു കാര്യങ്ങളിൽ ആശ്രയിച്ചാണിരിക്കുന്നത്. ഭക്ഷണനിയന്ത്രണമാണ് ഏറ്റവും പ്രധാനം. കൊഴുപ്പ്, മധുരം എന്നിവ കുറയ്ക്കണം.ഫാസ്റ്റ്ഫുഡും ജങ്ക്ഫുഡും ഒഴിവാക്കണം. വ്യായാമമാണ് രണ്ടാമത്തെ മാർഗം. ദിവസവും അരമണിക്കൂറെങ്കിലും വ്യായാമത്തിലേർപ്പെടണം. മരുന്ന് ഉപയോഗിച്ചുള്ള ചികിത്സയാണ് മൂന്നാമത്തെ പ്രമേഹനിയന്ത്രണ മാർഗം. വായിലൂടെ കഴിക്കുന്ന ഗുളികകളും ഇൻസുലിൻ ഇഞ്ചക്ഷനുമാണ് പ്രധാനമായും ചികിത്സയ്ക്ക് ഉപയോഗിക്കുന്ന മരുന്നുകൾ.

പ്രമേഹവും രക്തത്തിലെ പഞ്ചസാരയുടെ അളവുമായി ബന്ധമുണ്ടെങ്കിലും ഒട്ടും മധുരിക്കുന്ന രോഗമല്ല പ്രമേഹം. കാരണം ശ്രദ്ധയോടെ പ്രമേഹത്തെ നിയന്ത്രിച്ചില്ലെങ്കിൽ ശരീരത്തിലെ മറ്റ് അവയവങ്ങളെ ബാധിച്ച് പ്രവർത്തനത്തകരാറുണ്ടാക്കുവാൻ പ്രമേഹത്തിനു കഴിയും. കണ്ണിനെ ബാധിച്ച് അന്ധതയും വൃക്കകളെ ബാധിച്ച് വൃക്കസ്തംഭനത്തിനുമിടയാക്കാം.

പ്രമേഹം ഹൃദയാരോഗ്യത്തെയും ദുർബലമാക്കാം. നാഡീഞരമ്പുകളെ ബാധിക്കുന്നതുകൊണ്ടാണ് കൈകാൽ മരവിപ്പിനും തരിപ്പിനുമൊക്കെ ഇടയാകുന്നത്.

## പ്രമേഹത്തെ നമുക്ക് തടയാനാകുമോ?

തീർച്ചയായും ചില കാര്യങ്ങൾ ജീവിതത്തിൽ കുട്ടിക്കാലം മുതൽക്കുതന്നെ പകർത്തിയാൽ പ്രമേഹത്തെ പ്രതിരോധിക്കാൻ കഴിയും. ഭക്ഷണം ആരോഗ്യകരമാകണം. പഴങ്ങളും പച്ചക്കറികളും ധാരാളമായി ഭക്ഷണത്തിൽ ഉൾപ്പെടുത്തണം. ബേക്കറിസാധനങ്ങളും സോഫ്റ്റ് ഡ്രിങ്കും വറപൊരി സാധനങ്ങളുമൊക്കെ ഒഴിവാക്കണം.

ദിവസവും കുറച്ചു നേരം എന്തെങ്കിലുമൊക്കെ വ്യായാമത്തിനായി മാറ്റിവയ്ക്കണം. നടപ്പ്, ജോഗിങ്, സൈക്കിളിങ്, നീന്തൽ എന്നിവയൊക്കെ നല്ല വ്യായാമമുറകളാണ്. ശരീരഭാരം നിയന്ത്രിച്ചു നിർത്തണം. പൊണ്ണത്തടി പ്രമേഹമുണ്ടാക്കാനുള്ള സാധ്യത വർധിപ്പിക്കും.

വീട്ടിൽ അച്ഛനോ അമ്മയ്ക്കോ പ്രമേഹമുണ്ടെങ്കിൽ കൂടുതൽ സൂക്ഷിക്കണം. കാരണം മാതാപിതാക്കൾക്ക് പ്രമേഹമുണ്ടെങ്കിൽ കുട്ടികൾക്കു രോഗംവരാനുള്ള സാധ്യത കൂടുതലാണ്.

Little
STAR
Saving Deposit Scheme

SBT Introduces a Single Scheme for

# Different Dreams!



*Terms and conditions apply

**Children upto 18 years in their own name or with parents**

SBT
A Long Tradition of Trust

## STATE BANK OF TRAVANCORE

www.statebankoftravancore.com

www.facebook.com/statebankoftravancore

YouTube www.youtube.com/user/sbtofficialchannel

ക്ലാസിക് പരിചയം




# ഉണ്ണിക്കുട്ടന്റെ ലോകം

**ഡോ. പി കെ രാജശേഖരൻ**

കുട്ടികളുടെ കുസൃതികളെപ്പറ്റി, കളികളെപ്പറ്റി, സാഹസങ്ങളെപ്പറ്റിയൊക്കെയുള്ള കഥകളും നോവലുകളും പലരും എഴുതിയിട്ടുണ്ട്. എന്നാൽ നന്തനാരുടെ 'ഉണ്ണിക്കുട്ടന്റെ ലോക'ത്തോളം ശിശുലോകത്തിന്റെ വിസ്മയങ്ങളിലേക്ക് ഇറങ്ങിച്ചെന്ന മറ്റൊരു പുസ്തകമുണ്ടാവില്ല. നോവലിസ്റ്റും ചെറുകഥാകൃത്തുമായ നന്തനാർ (1926-1974) ഉണ്ണിക്കുട്ടൻ എന്ന കുട്ടിയെ കേന്ദ്രമാക്കി എഴുതിയ മൂന്നു ലഘുനോവലുകൾ (ഉണ്ണിക്കുട്ടന്റെ ഒരു ദിവസം (1968), ഉണ്ണിക്കുട്ടൻ സ്കൂളിൽ (1970), ഉണ്ണിക്കുട്ടൻ വളരുന്നു (1971) എന്നിവ ഒരുമിച്ചുചേർത്ത് 1973 ൽ പ്രസിദ്ധീകരിച്ചതാണ് 'ഉണ്ണിക്കുട്ടന്റെ ലോകം'. കുട്ടികൾക്കു മാത്രമല്ല മുതിർന്നവർക്കും പ്രിയങ്കരമായിത്തീർന്ന ഉണ്ണിക്കുട്ടന്റെ ലോകത്തിന് ഇപ്പോഴും ഒളിമങ്ങിയിട്ടില്ല.

ഇന്നത്തെപ്പോലെ ടെലിവിഷനും മൊബൈൽ ഫോണും ഇന്റർനെറ്റുമൊന്നുമില്ലായിരുന്ന, എന്തിന് സിനിമ കാണുന്നതുതന്നെ അത്ഭുതമായിരുന്ന പഴയ കാലത്തെഗ്രാമജീവിതത്തിൽ നിന്നാണ് നന്തനാർ തന്റെ ഉണ്ണിക്കുട്ടനെ സൃഷ്ടിച്ചത്. തന്റെ ഉണ്ണിക്കുട്ടനെപ്പറ്റി നന്തനാർ ഇങ്ങനെ എഴുതി. "കുട്ടികളെ ഇഷ്ടപ്പെടാത്തവരായി ആരുണ്ട്? അവരുടെ കുസൃതിത്തരങ്ങളും ചാപല്യങ്ങളും നമ്മുടെ ചുണ്ടുകളിൽ പുഞ്ചിരി വിരിക്കുന്നു, ഹൃദയങ്ങളിൽ അനുഭൂതികൾ നിറയ്ക്കുന്നു. കവിതാത്മകവും വർണശബളവും ദൈവികവുമായ അനുഭൂതികൾ! ഈശ്വരസാന്നിധ്യം കുട്ടികളിലൂടെ അനുഭവപ്പെടുന്നുവെന്നു പറയാം. എല്ലാംകൊണ്ടും കുട്ടികളുടെ ലോകം മനോഹരവും അത്ഭുതകരവുമായ ഒരു ലോകം തന്നെയാണ്! അങ്ങനെയുള്ള ഒരു കൊച്ചു ലോകം, ഗ്രാമീണപ്രകൃതി സൗന്ദര്യത്തിന്റെ പശ്ചാത്തലത്തിൽ ഒരു ചെറിയ കുടുംബത്തിലെ ഒരു കൊച്ചു കുട്ടിയുടെ കാഴ്ചപ്പാടിലൂടെ വരച്ചു കാണിക്കാനുള്ള എന്റെ ശ്രമമാണ്."

ഇന്നത്തെ പരിഷ്കാരങ്ങളൊന്നുമില്ലാത്ത പഴയ കാലത്തെ ഒരു ഗ്രാമീണ ഭവനത്തിലെ രണ്ടാമത്തെ കുട്ടിയായ ഉണ്ണിക്കുട്ടനും ലോകവുമായുള്ള ബന്ധമാണ് നന്തനാർ അവതരിപ്പിച്ചത്. ഉണ്ണിക്കുട്ടന്റെ വിചാരങ്ങളും പ്രവൃത്തികളും വഴി അഞ്ചു വയസ്സിൽത്താഴെയുള്ള കുട്ടികളുടെ ജീവിതം നന്തനാർ പകർത്തിവച്ചു. മുതിർന്നവർക്കു ചിരിയും വാത്സല്യവുമുണർത്തുന്ന ആ ലോകം അങ്ങേയറ്റം ഗൗരവത്തോടെ നന്തനാർ അവതരിപ്പിച്ചു. ഉറക്കത്തിൽ മൂത്രമൊഴിക്കലും പലതരം ശാഠ്യങ്ങളും അസൂയയും വലിയവായിലെ കരച്ചിലും ആവാത്ത കാര്യങ്ങൾക്കു പുറപ്പെട്ടു മറിഞ്ഞു വീഴലും നൂറായിരം സംശയങ്ങളുമുള്ള ഉണ്ണിക്കുട്ടനിൽ

ആരും സ്വന്തം ബാല്യകാലം കണ്ടുപോകും, വിശേഷിച്ചും ഗ്രാമീണമായ ജീവിതാനുഭവ മുള്ളവർ. ഒരു കുട്ടി ലോക ത്തെ മനസ്സിലാക്കുന്നതിന്റെ ചരിത്രം കൂടിയാണ് ആ നോവൽ പ്രകൃതിയെ, ലോകത്തെ, നാട്ടുനടപ്പുകളെ മുതിർന്ന മനുഷ്യരെ എല്ലാം കണ്ടും കേട്ടും സ്വയം മനസ്സിലാക്കിയാണ് മനുഷ്യ ശിശുക്കൾ വളർന്നു മുതിർന്ന മനുഷ്യരാവുന്നത്. പാഠ പുസ്തകങ്ങൾ പഠിക്കാൻ തുടങ്ങുന്നതിനും മുമ്പേ യുള്ള ആ മനസ്സിലാക്ക ലിന്റെ നിഷ്കളങ്കതയും വിഡ്ഢിത്തവും നിറഞ്ഞ ശുദ്ധലോകത്തിന്റെ ചിത്രം 'ഉണ്ണിക്കുട്ട'നിൽ കാണാം. എട്ടുകാലികൾ, വേട്ടാളന്മാർ, ബലൂണുകൾ, മുതിർന്ന കുട്ടി കളുടെ പഠനോപകരണങ്ങൾ, വീട്ടുപകരണങ്ങൾ, ഇരവലി ച്ചുകൊണ്ടുപോകുന്ന ഉറുമ്പു കൾ, വീട്ടുമൃഗങ്ങൾ, സസ്യ ങ്ങൾ, വാഹനങ്ങൾ തുടങ്ങിയ അനേകം പരിചയങ്ങളിലൂടെ ഉണ്ണിക്കുട്ടന്റെ ലോകം വിക സിക്കുന്നു. അണ്ണാന്റെ വാൽ കൊണ്ട് തലയിണയും ബ്രഷു മുണ്ടാക്കാനും ആട്ടിൻക്കാട്ടം ടിന്നിലടച്ചു സൂക്ഷിക്കാനും അച്ഛനെപ്പോലെ മുഖക്ഷൗരം ചെയ്യാനുംമോഹിക്കുന്ന ഉണ്ണിക്കുട്ടന്റെ വഴിയിലൂടെ കടന്നുവരാതെ വലുതായ ഏതു കുട്ടിയാണുള്ളത്.

മുതിർന്ന മനുഷ്യർക്കു സാധാരണമോ നിസ്സാരമോ ആയ കാഴ്ചകളിൽ അത്ഭുത പ്പെട്ടും അവയെപ്പറ്റി സങ്കല്പ ങ്ങൾ നെയ്തും ലോകത്തെ മനസ്സിലാക്കുന്ന കുട്ടിയുടെ വളർച്ചയുടെയും ജീവിത പാഠത്തിന്റെയും കഥയാണ് 'ഉണ്ണിക്കുട്ടന്റെ ലോക'മെന്നു പറയാം. അവൻ ലോകത്തെ അറിയുന്നതിന്റെ ചില സന്ദർഭങ്ങൾ നോക്കുക:

''മുറ്റത്ത് അവിടവിടെ യായി വെള്ളം തളംകെട്ടി നിൽക്കുന്നുണ്ട്. മാവിന്റെ അടുത്തു തളംകെട്ടി നിൽ ക്കുന്ന വെള്ളത്തിൽ മാവിന്റെ പ്രതിഛായ നിഴലിച്ചുകാണു ന്നതു കുറച്ചുനേരം ഉണ്ണി ക്കുട്ടൻ നോക്കിനിന്നു. അതി ലേക്ക് ഒരു കല്ലെടുത്തിട്ടപ്പോൾ മാവിന്റെ പ്രതിഛായ മാഞ്ഞു പോയി. കുറച്ചുനേരം കഴി ഞ്ഞപ്പോൾ വീണ്ടും നിഴ ലിച്ചു കണ്ടു.''

* * * * * *

''മാങ്ങാക്കാലമെപ്പോ ഴാണ്?''



''മുത്തച്ഛന്റെ പിറന്നാ ളിന്.''

രാധടീച്ചർ ചിരിച്ചുകൊണ്ടു ചോദിച്ചു. ''മുത്തച്ഛന്റെ പിറന്നാളിനോ?''

ടീച്ചർ ചിരിക്കുന്നതിന്റെ അർത്ഥം ഉണ്ണിക്കുട്ടനു മനസ്സിലാവുന്നില്ല. പന്ത്രണ്ടു മലയാളമാസങ്ങളുടെ പേരും വഴിക്കുവഴിയേ അറിയാമെ ങ്കിലും ഏതു മാസത്തിലാണ് മാങ്ങയുണ്ടാവുന്നതെന്ന് അവനറിഞ്ഞുകൂടാ. മുത്ത ച്ഛന്റെ പിറന്നാളിന് പഴുത്ത മാങ്ങയും വെള്ളരിക്കയും കൊണ്ട് മോരൊഴിച്ച് കൂട്ടാനുണ്ടായിരുന്നു.

* * * * *

ഇന്നത്തെ കുട്ടികൾക്കു പഴയകാലത്തെ കുട്ടികളുടെ ലോകം, അതായത് ഉണ്ണിക്കു ട്ടന്റെ ലോകം അപരിചിതവും വിദൂരവുമായിത്തോന്നും. വിനോദസഞ്ചാരങ്ങൾ നടത്താത്ത, പള്ളിക്കൂടങ്ങ ളിൽ ചൂരലടി പതിവായി രുന്ന, ചെരിപ്പ് അപൂർവമായി രുന്ന ഒരു ഭൂതകാലമാണത്. മലിനമല്ലാത്ത പുഴകളും തോടുകളും വഴികളും നെൽ ക്കതിർ നിറഞ്ഞ വയലുകളും അന്ന് എവിടെയുമുണ്ടായി രുന്നു. സിനിമാനോട്ടീസ് വിതരണം ചെയ്യുന്ന വണ്ടി കൾക്കു പിന്നാലേ കുട്ടികൾ കൊതിയോടെ ഓടിയിരുന്നു. ആ ഭൂതകാലത്തിലേക്കു പോകാൻ ഇന്നത്തെ കൂടുതൽ അറിവും മിടുക്കുമുള്ള കുട്ടി കൾക്കുള്ള ഒരു യാത്രാടിക്ക റ്റാണ് നന്തനാരുടെ 'ഉണ്ണി ക്കുട്ടന്റെ ലോകം'.

പി സി ഗോപാലൻ എന്ന നന്തനാർ മരിച്ചിട്ട് ഇപ്പോൾ നാൽപ്പതു വർ ഷമായി. മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറത്തുകാരനായ അദ്ദേഹത്തിന് വീട്ടിലെ ദാരിദ്ര്യം മൂലംസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാ ക്കാൻ കഴിഞ്ഞില്ല. ഇരുപത്തി രണ്ടുവർഷം പട്ടാളത്തിൽ ജോലി ചെയ്തു. പിന്നീട് എൻ സി സി യിലും ആലുവായിലെ ഫാക്ടിലും ജോലി ചെയ്തു.

'അറിയപ്പെടാത്ത മനുഷ്യ ജീവികൾ', 'ആത്മാവിന്റെ നോവുകൾ', 'അനുഭൂതിക ളുടെ ലോകം' 'മഞ്ഞക്കെ ട്ടിടം', ആയിരവല്ലിക്കുന്നിന്റെ താഴ്വരയിൽ', 'അനുഭവ ങ്ങൾ' എന്നീ നോവലുകളും ഒട്ടേറെ ചെറുകഥകളും നന്തനാർ എഴുതിയിട്ടുണ്ട്.

# മഹാഭാരതം

സുഗതകുമാരി

ഗദയെടുത്തു തോളിൽവെച്ചുകൊണ്ട് ഭീമൻ തമ്പിമാരെത്തേടിയിറങ്ങി. തടാക തീരത്തെത്തിയപ്പോൾ ദേവതുല്യരായ തന്റെ മൂന്നു സഹോദരന്മാരും നിർജ്ജീവരായി വീണുകിടക്കുന്നതു കണ്ടു പരിഭ്രാന്തനായി. 'ഏതു യക്ഷരക്ഷസ്സുകൾ ഇതു ചെയ്തു? മഹാവീരന്മാരായ അനുജന്മാരെ വീഴ്ത്തുവാൻ മറ്റാർക്കു കഴിയും! ഞാനിതാ അവരോടു പോരിനൊരുങ്ങുന്നു! മറഞ്ഞു നിൽക്കുന്ന മഹാശത്രുവെ ഞാൻ നേരിട്ടു യുദ്ധത്തിനു വിളിക്കുന്നു!' ഇങ്ങനെ ഗർജിച്ചുകൊണ്ട് ഭീമൻ പോരിനുമുമ്പ് ദാഹമകറ്റാൻ പൊയ്കയിലിറങ്ങി കൈക്കുടന്നയിൽ വെള്ളമെടുത്തപ്പോൾ ഒരു ഭയാനകശബ്ദം കേൾക്കായി. 'അരുത്, കുടിക്കരുത്. എന്റെ പൂർവസ്വത്താണീ

ഒരു പെരുംകൊറ്റി മാത്രം അവർക്കു കാവൽ നിൽക്കുന്നു! കണ്ണീരൊഴുക്കി നെടുവീർപ്പിട്ടുകൊണ്ട് ജ്യേഷ്ഠപാണ്ഡവൻ ഇങ്ങനെ വിലപിച്ചു. 'ഭീമാ, മഹാബാഹോ! നീ സത്യം ചെയ്തതല്ലേ ദുര്യോധനന്റെ തുടയെല്ല് ഗദാഘാതത്താൽ പിളർക്കുമെന്ന്! എന്നിട്ട് നീയിതാ ഇടിഞ്ഞുവീണ ഗിരിശൃംഗംപോലെ വെറും മണ്ണിൽ ഹതനായി കിടക്കുന്നുവോ! ഉണ്ണീ അർജുനാ, ഇന്ദ്രനുതുല്യനാണു നീയെന്നു ദേവന്മാർ അരുളിച്ചെയ്തതല്ലേ! ശ്രീകൃഷ്ണനു പ്രാണസമാനനായ നീയിങ്ങനെ ജീവനറ്റു വീണു കിടക്കുന്നുവല്ലോ! ഹാ ഹാ! എന്റെ കൊച്ചനുജന്മാർ നകുലസഹദേവന്മാർ കൊല്ലപ്പെട്ടുകിടക്കുന്നതു കണ്ടിട്ടും എന്റെ ഹൃദയം തകർന്നു



## ധർമ്മപരീക്ഷണം

(തുടർച്ച)

പൊയ്ക. എന്റെ ചോദ്യങ്ങൾക്ക് ഉത്തരം നൽകിയിട്ട് ജലമെടുത്താൽ മതി.' ഉഗ്രക്രോധത്തോടെ ആ ശബ്ദം കേട്ടിടത്തേക്കൊന്നു തുറിച്ചുനോക്കിയിട്ട് ഭീമസേനൻ ജലപാനം ചെയ്തു. അടുത്ത ക്ഷണത്തിൽ മലയിടിഞ്ഞുവീഴുംപോലെ ഭീമനും വീണുപോയി.

യുധിഷ്ഠിരൻ കാത്തിരുന്നു കാത്തിരുന്നു വിവശനായി അനുജന്മാരെ തേടിയിറങ്ങി. അവർക്കു വഴിതെറ്റിപ്പോയോ! ജലം അന്വേഷിച്ച് അലഞ്ഞു നടക്കുകയാണോ! ദിവ്യന്മാരുടെയോ മഹർഷിമാരുടെയോ ശാപമേറ്റുവോ! വീരന്മാരായ എന്റെ അനുജന്മാർ എങ്ങോട്ടു പോയി! എന്തു പറ്റീ അവർക്ക്?

തേടിനടന്ന യുധിഷ്ഠിരന് മനോഹരമായ ഒരു കാടും അതിനു മധ്യത്തിൽ ജലപ്പക്ഷികൾ കൂകിയും ജലപുഷ്പങ്ങൾ വിടർന്നും വിളങ്ങുന്ന നിർമലമായ ഒരു പൊയ്കയും കാണായി. അതിന്റെ തീരത്തതാ വില്ലുമമ്പും വാളും ചിതറി നിശ്ശേഷ്ടരായി വീണുകിടക്കുന്നൂ ദേവതുല്യരായ അനുജന്മാർ!

പോകാത്തതെന്ത്! ശ്രീമാന്മാരും മഹാസുന്ദരന്മാരും ഉഗ്രവീര്യമിയന്നവരുമായ എന്റെ ഭ്രാതാക്കളെല്ലാം മരിച്ചിട്ട് ഞാനെന്തിനു ജീവിച്ചിരിക്കണം! ആരിവരെ വധിച്ചു! ആരാണാ വിശ്വൈകവീരൻ! ദുര്യോധനാദികൾ ഈ വെള്ളത്തിൽ കൊടുംവിഷം കലക്കിയോ! പക്ഷേ ഇവരുടെ മുഖങ്ങൾക്കു നിറംമാറ്റം കാണുന്നില്ലല്ലോ. ദേഹത്തു മുറിവേറ്റിട്ടില്ലല്ലോ! ഈശ്വരാ! ഞാനിതാ തളർന്നു പോകുന്നു– എനിക്കിനി ജീവിതമില്ല.' അതീവപരവശനായ യുധിഷ്ഠിരൻ ദാഹാർത്തനായി കരഞ്ഞുകൊണ്ട് ജലത്തിലിറങ്ങി കൈക്കുടന്നയിൽ വെള്ളമെടുത്തപ്പോൾ തീരത്ത് ഒറ്റക്കാലിൽ നിൽക്കുന്ന പെരുംകൊക്ക് ഇങ്ങനെ പറഞ്ഞു. 'ഞാനാണ് നിന്റെ സഹോദരന്മാരെ കൊന്നത്. ഈ കുളത്തിലെ മീനും ചണ്ടിയും തിന്നു ജീവിക്കുന്നവനാണു ഞാൻ. അഞ്ചാമനായി നിന്നെയും ഞാൻ കൊല്ലും. അരുത്. സാഹസം ചെയ്യരുത്. ഈ പൊയ്ക എന്റെ പൂർവസ്വത്താണ്. എന്റെ ചോദ്യ

**അമംഗളമായ ഈ വാക്കുകൾ കേട്ട് വിവശനായി നിൽക്കുന്ന യുധിഷ്ഠിരൻ ഒരു വൻവൃക്ഷത്തിൻമേൽ പനയോളമുയർന്നവനും വിരൂപാക്ഷനും തീപോലെ ജ്വലിക്കുന്നവനുമായ യക്ഷനെ ദർശിച്ചു. മേഘഗർജനം പോലെ യക്ഷൻ വീണ്ടും മുന്നറിയിപ്പു നൽകവേ യുധിഷ്ഠിരൻ പറഞ്ഞു. 'ഇല്ല. ഞാനീ ജലം കുടിക്കുന്നില്ല. എന്താണ് അങ്ങയുടെ ചോദ്യം? ചോദിച്ചുകൊള്ളുക.'**

ങൾക്ക് ഉത്തരംപറയാതെ ഈ വെള്ളം കുടിച്ചുകൂടാ!'

യുധിഷ്ഠിരൻ പറഞ്ഞു. 'അങ്ങ് ഏതു ദേവനാണ്? എന്തുപറഞ്ഞാലും അങ്ങൊരു പക്ഷിയല്ല തന്നെ. ഈ തേജസ്വികളായ നാൽവരെ വീഴിക്കുവാൻ ശക്തനായ അങ്ങ് ആരെന്നു പറഞ്ഞാലും. എന്താണ് അങ്ങയ്ക്കു വേണ്ടത്? എന്റെ ഉള്ളു ചുടുന്നു, ശിരസ്സു ചുടുന്നു– ഭഗവാനേ, എന്റെ അനുജന്മാരെ കൊല്ലാൻ ശക്തനായ അങ്ങ് ആരെന്നരുളിയാലും.'

'ഞാൻ ഒരു യക്ഷനാണ്. ഞാനാണു നിന്റെ സഹോദരരെ കൊന്നത്. കണ്ടുകൊള്ളുക.'

അമംഗളമായ ഈ വാക്കുകൾ കേട്ട് വിവശനായി നിൽക്കുന്ന യുധിഷ്ഠിരൻ ഒരു വൻവൃക്ഷത്തിൻമേൽ പനയോളമുയർന്നവനും വിരൂപാക്ഷനും തീപോലെ ജ്വലിക്കുന്നവനുമായ യക്ഷനെ ദർശിച്ചു. മേഘഗർജനം പോലെ യക്ഷൻ വീണ്ടും മുന്നറിയിപ്പു നൽകവേ യുധിഷ്ഠിരൻ പറഞ്ഞു.

'ഇല്ല. ഞാനീ ജലം കുടിക്കുന്നില്ല. എന്താണ് അങ്ങയുടെ ചോദ്യം? ചോദിച്ചുകൊള്ളുക.'

യക്ഷൻ ചോദിച്ചു. 'സൂര്യനെ ആരു വഹിക്കുന്നു? അവന്റെ അനുചരർ ആര്? ആരവനെ അസ്തമിപ്പിക്കുന്നു? എന്തിലാണ് സൂര്യൻ നിലനിൽക്കുന്നത്?'

യുധിഷ്ഠിരൻ. 'ബ്രഹ്മം സൂര്യനെ വഹിക്കുന്നു. ദേവന്മാർ സൂര്യന് അനുചരന്മാർ. ധർമം സൂര്യനെ അസ്തമിപ്പിക്കുന്നു. സത്യത്തിലാണ് സൂര്യൻ നിലനിൽക്കുന്നത്.'

*(തുടരും)*



വര: ജയേന്ദ്രൻ

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരിടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## മണ്ണിനുചരമഗീതം കുറിക്കുന്ന ടൈലുകൾ

**മീനാക്ഷി മോഹൻ പി ജെ & ആർ പൂജ,**
ക്ലാസ്സ്: +2, ഗവ. എച്ച് എസ് എസ്,
വള്ളിക്കീഴ്, കാവനാട് പി ഒ,
കൊല്ലം



മണ്ണിൽ വീഴുന്ന വിത്ത് മുളച്ചു പൊങ്ങുന്നതിനും തഴച്ചു വളരുന്നതിനും മണ്ണിന്റെ ഘടനയും ജീവൽപ്രവർത്തനങ്ങളും നിലനിർത്തുന്നതിനും, മണ്ണിൽ നനവും പ്രാണവായുവും ഊഷ്മാവും എല്ലാം വേണം. മണ്ണിൽ വളരുന്ന സസ്യജാലങ്ങൾ, ആവാസവ്യവസ്ഥ സൃഷ്ടിച്ചു പ്രജനനം നടത്തി മണ്ണിന്റെ ജൈവസമ്പുഷ്ടത വർദ്ധിപ്പിക്കുന്ന മണ്ണിരകൾ, ഷഡ്പദങ്ങൾ, ഉരഗങ്ങൾ, സൂക്ഷ്മാണുക്കൾ മറ്റു മിത്രകീടങ്ങൾ തുടങ്ങിയവയും മണ്ണിനെ പരിപോഷിപ്പിക്കുന്നു. ഇവയുടെ ജീവിതചക്രത്തെ നശിപ്പിക്കുംവിധം വിവിധതരത്തിലും നിറത്തിലും ഉള്ള ടൈലുകൾ പാകി മണ്ണിനു പുറംചട്ടയിടുന്നവർ അറിയുന്നുണ്ടോ ചിറകടർന്ന, ഉടൽകരിഞ്ഞ ഈയാംപാറ്റകളെപ്പോലെ അത്യുഷ്ണത്താൽ സൂര്യാഘാതമേറ്റ് തങ്ങളും മരിച്ചുവീഴുന്ന ദിനങ്ങൾ അടുത്തുണ്ടെന്ന്. തിന്നാൽ തീരാത്ത സമ്പത്തുണ്ടെന്നു കരുതി അനുകരണങ്ങളിൽ ആകൃഷ്ടരായ് പ്രകൃതിയെ നശിപ്പിക്കുന്ന മനുഷ്യാ ഓർക്കുക നീ നഷ്ടപ്പെടുത്തുന്നുതേയുള്ളൂ, നേടുന്നില്ലാ എന്നത്.

നഗരവത്കരണത്തിന്റെ പിടിയിലമർന്നിരിക്കുകയാണു നാം. തണ്ണീർത്തടങ്ങളും നെൽവയലുകളും കുന്നുകളും തോടുകളുമൊക്കെ ഇടിച്ചു നിരത്തി ചെറുതും വലുതുമായ



വര: സചീന്ദ്രൻ കാറഡുക്ക

കെട്ടിടങ്ങളും റോഡുകളും പണിതു വരികയാണ്.

പണ്ടു നമ്മുടെ നാട്ടിലെ കിണറുകളിൽ നിന്നും കുളങ്ങളിൽ നിന്നും ശുദ്ധജലം സുലഭമായി ലഭ്യമായിരുന്നു. ഭൂമിയിൽ പെയ്യുന്ന മഴ കയ്യാലകൾ നിർമിച്ച്, മഴക്കുഴികൾ നിർമിച്ചു തടഞ്ഞുനിർത്തി, മഴവെള്ളം പൂർണമായും ഭൂമിയിലേക്ക് ഇറക്കുവാൻ പൂർവ്വികർ ശ്രദ്ധിച്ചിരുന്നു. ഇപ്പോൾ കോൺക്രീറ്റ്കെട്ടിടങ്ങളും അതിനുചുറ്റും വിശാലമായ ടൈൽമുറ്റവും പണിത് മണ്ണിലേക്ക് ആഴ്ന്നിറങ്ങേണ്ട ജലത്തെ ഓടകൾ വഴി സമുദ്രത്തിലേക്ക് ഇറക്കിവിടുന്നു. ശുദ്ധജലം കുടിച്ചിരുന്ന നമ്മൾ കുപ്പിവെള്ളത്തിന്റെ പുറകേയും കൂടാതെ കടൽവെള്ളം ശുദ്ധീകരിച്ചു കുടി വെള്ളമാക്കുന്നതിനെക്കുറിച്ചും ആലോചിച്ചു നടക്കുകയാണ്.

മണ്ണിൽ വേരൂന്നി വളരുന്ന സസ്യങ്ങളും മണ്ണിൽ അഭയം തേടുന്ന ജീവജാലങ്ങളുമാണ് മണ്ണിനെ മണ്ണായി നിലനിർത്തുന്നത്. മണ്ണിനു തണലേകുന്ന മരങ്ങൾ മുറിച്ചുമാറ്റിയും മണ്ണിനു നനവു നൽകുന്ന ചെറുചെടികൾ ഇളക്കിമാറ്റിയും മണ്ണിന്റെ ജൈവസമ്പത്തു നിലനിർത്തുന്ന ചെറുകീടങ്ങളെയും പ്രാണികളെയും അകറ്റിമാറ്റിയും പ്രകൃതിയി ൽനിന്നും നേരിട്ടു ലഭിക്കുന്ന മൂലകങ്ങൾ മണ്ണിൽ ലയിക്കുന്നതു തടഞ്ഞുമാണ് നാം മുറ്റം നിറയെടൈൽ പാകുന്നത്. ഇതിന്റെ ദോഷവശങ്ങൾ നമുക്ക് ഇനിയെങ്കിലും ബോധ്യപ്പെടണം.

## ടൈലുകൾ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ

പരിസരം വൃത്തിയായിരിക്കുന്നതിനു വേണ്ടിയാണ് നാം ടൈലുകൾ മുറ്റത്തു വിരിക്കുന്നത്. ഇതിന്റെ ഭാഗമായി മുറ്റത്തുള്ള വൃക്ഷങ്ങളും ചെടികളും വെട്ടിമാറ്റുന്നതിനാൽ സൂര്യപ്രകാശം നേരിട്ട് ഈ ടൈലുകളിൽ പതിക്കും. മണ്ണു നിരപ്പാക്കി പാറപ്പൊടിയിട്ട് അതിനു മീതേ ടൈൽ അടുക്കുന്നതിനാൽ ഇതിൽ തട്ടുന്ന ചൂട് പൂർണമായും പ്രതിഫലിക്കുന്നു. ഈ ചൂടു വളരെനേരം വീടിനുള്ളിൽ തങ്ങിനിൽക്കും. കടുത്ത വർണത്തിലുള്ള ടൈലുകൾ തലവേദന യ്ക്കും മറ്റ് അലർജിരോഗങ്ങൾക്കും കാഴ്ചക്കുറവിനും കാരണമാകാറുണ്ടെന്നും കേൾക്കുന്നു. ടൈലിന് ഉറപ്പു നൽകാൻ ഉപയോഗിക്കുന്നത് എസ് എഫ് (സൾഫർ ടെട്രാ ഫ്ളൂറൈഡ്) എന്ന രാസവസ്തു വിഷമയമായതാണത്രേ കാരണം.

## തകരാറിലാവുന്ന ആവാസവ്യവസ്ഥ

മണ്ണിര, ചിതൽപ്പുറ്റ്, പാതാളത്തവള, ഉരഗങ്ങൾ, ഷഡ്പദങ്ങൾ, മിത്രകീടങ്ങൾ, ആമകൾ എന്നിവ മുട്ടയിട്ട് ജീവിതചക്രം പൂർത്തിയാക്കുന്നത് മണ്ണിലാണ്. കൂടാതെ റൈസോബിയം, അസറ്റോബാക്ടർ, നോസ്റ്റോക്ക് എന്നിവയും മണ്ണിന്റെ ജൈവ സമ്പുഷ്ടത വർദ്ധിപ്പിക്കുന്ന സൂക്ഷ്മ ജീവികളാണ്. ടൈലുകളുടെ ഉപയോഗം ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ പ്രകൃതിയുടെയും മനുഷ്യരുടെയും മിത്രങ്ങളായ ഇവയ്ക്കു പാർക്കാൻ ഇടമില്ലാതെ വംശനാശത്തിനു കാരണമാകും.

## സസ്യജാലങ്ങൾ ഇല്ലാതാകുന്നു

പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്കും മണ്ണിന്റെ ജൈവഘടനയ്ക്കും മണ്ണിന്റെ അടിത്തട്ടിലേക്കുള്ള നീരൊഴുക്കിനും സസ്യങ്ങൾ വളരെ വലിയ പങ്കാണു വഹിക്കുന്നത്. അതുപോലെ വിത്തു മുളച്ചു പൊങ്ങുന്നതിനും തഴച്ചുവളരുന്നതിനും മണ്ണ് അത്യന്താപേക്ഷിതമാണ്. പുൽനാമ്പു മുതൽ വൻമരങ്ങൾ വരെ വെട്ടിമുറിച്ചാണ് ടൈൽ പാകുന്നത്. മണ്ണിനടിയിൽ നിക്ഷേപിക്കപ്പെട്ട വിത്തുകൾക്കും വേരുകൾക്കും ഒരിക്കൽ പ്പോലും മുളച്ചു പൊങ്ങുവാൻ ഇടയാക്കാത്ത വിധം മണ്ണിലേക്കുള്ള വായുപ്രവാഹത്തേയും നീരൊഴുക്കിനേയും തടയുന്ന ടൈലുകൾ സസ്യങ്ങളുടെ വേരോട്ടത്തെയും തടയുന്നു. പ്രകൃതിയിൽ നിന്നും നേരിട്ടു ലഭിക്കുന്ന മൂലകങ്ങൾ മണ്ണിനു സ്വീകരിക്കാൻ കഴിയാതെ ജൈവാവസ്ഥ നിലനിർത്തുന്ന, സൂക്ഷ്മാണുക്കൾ ഇല്ലാതെ ടൈലുകൾ ക്കടിയിലുള്ള മണ്ണ് കാലക്രമേണ ഊഷരഭൂമിയായി മാറും. ടൈലുകൾ നിർമിക്കുന്ന കമ്പനികൾ അനുദിനം വർദ്ധിക്കുന്നു. വീടുകളുടെയും ആരാധനാലയങ്ങളുടെയും എന്തിനു സർപ്പക്കാവിനുള്ളിൽപ്പോലും ടൈലുകൾ സ്ഥാനം പിടിച്ചുകഴിഞ്ഞു. വരാൻ പോകുന്നത് വലിയൊരു വിപത്താണ്. ടൈലിന്റെ ഉപയോഗം നിയന്ത്രിച്ചുകൊണ്ടും ടൈലിനു പകരം മുറ്റത്തു പുൽച്ചെടികളും കറുകയും മുക്കുറ്റിയും തുളസിയും നട്ടു പിടിപ്പിച്ചും ഈ വിപത്തിനെ നമുക്കു നേരിടാം.

# ഉരുളും മനുഷ്യൻ

അരവിന്ദ് ഗുപ്ത

ഒരു ഗോലിയും രണ്ട് അടപ്പുകളും കൊണ്ട് ഒരു കളിപ്പാട്ടമുണ്ടാക്കിയാലോ?





**ആവശ്യമുള്ള സാധനങ്ങൾ**

- മനുഷ്യരൂപത്തിൽ വെട്ടിയെടുത്ത കട്ടിക്കടലാസ് (ഉടലും, തലയും)
- കത്രിക
- പ്ലാസ്റ്റിക്ക്കുപ്പിയുടെ അടപ്പ്
- ചെറിയ ഗോലി
- പശ
- ഇൻസുലേഷൻ ടേപ്പ്

ഈ കളിപ്പാട്ടം കൂടുതൽ മനോഹരമാക്കാൻ കഴിയുമോ? ശ്രമിച്ചുനോക്കൂ.



1 അടപ്പുകളുടെ ഉള്ളിലായി ഗോലി വയ്ക്കുക ഇൻസുലേഷൻ ടേപ്പുപയോഗിച്ച് ഇവയെ അടയ്ക്കുക.



2 കടലാസു മനുഷ്യനെ വെട്ടിയെടുക്കുക. ചിത്രത്തിൽ കാണുന്ന അളവുകൾ ഉപയോഗിക്കാം. പേനയുപയോഗിച്ച് മുഖവും കാലും മറ്റും ഭംഗികൂട്ടാം. കാൽ വരച്ചിരിക്കുന്ന നീളമുള്ള കടലാസിന്റെ മറുവശത്ത് മുകൾഭാഗത്തു മാത്രം പശ തേയ്ക്കുക.



3 കുപ്പികളുടെ അടപ്പുകൾക്കു മുകളിലായി ഇത് ചുരുട്ടി ഒട്ടിക്കണം. കാലിന്റെ ഭാഗത്തിന്റെ എതിർവശത്തായി ഉടലും തലയും ചേർന്ന കടലാസുഭാഗവും ഒട്ടിക്കണം.



4 ഇനി ഒരു ചരിവുപ്രതലത്തിൽ വച്ച് ഉരുട്ടിവിട്ടുനോക്കൂ... ഉരുണ്ടുരുണ്ടു സർക്കസു കളിച്ചുപോകുന്ന മനുഷ്യനെ കാണാം.



5 സർക്കസിലെ ജോക്കറിനെ കടലാസുകളിൽ വെട്ടിയെടുത്തും ഇതു പരീക്ഷിക്കാവുന്നതാണ്.



Printed and Published by **Dr. Nedumudi Harikumar** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# അക്ഷരചിത്രം

**ഭരണിക്കാവ് കൃഷ്ണൻ**

‘6’ ൽ നിന്നും റോസാപ്പൂവും ‘ച’ യിൽ നിന്നും കടുവയെയും വരയ്ക്കാം.





**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70 November 2015
Regd KL/TV (N)/399/2015-2017 Published on 29-10-2015 Vol:21, Issue:11, ₹15




ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

# മുസിരിസ് ജീവചരിത്രപരമ്പര







പുസ്തകങ്ങൾക്കും വിശദവിവരത്തിനും വിളിക്കൂ 0471– 2327276;
email- sales@ksicl.org